എഡിറ്റോറിയൽ

# കേരള ജനതയുടെ ആശകളും ആശങ്കകളും

കേരളജനതയുടെ മനസ്സിൽ ആശകളും ആശങ്കകളും സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന സമകാലിക വിഷയങ്ങളാണ് കുടിയൊഴിപ്പിക്കലുകളും വിദ്യാഭ്യാസ മേഖലയിലെ തർക്കങ്ങളും സാങ്കേതിക രംഗത്തെ വികസനങ്ങളും ആരോഗ്യ കേന്ദ്രങ്ങളിലെ പ്രശ്നങ്ങളുമൊക്കെ. കേരളത്തിൽ ഇന്ന് പ്രശ്നങ്ങൾ തുടർക്കഥകളാണ്. നൂതന പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നതോടെ പഴയത് അർഹമായ പരിഹാരം ലഭിക്കാതെ തമസ്ക്കരിക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ കേരള ജനതയുടെ സാധാരണ മനസ്സിൽ പൊന്തി വരുന്ന ചില ചിന്തകൾ കുറിക്കുന്നു.

1. മൂന്നാറിലെ കുടിയൊഴിപ്പിക്കൽ കേരള സർക്കാരിന്റെ നിശ്ചയ ദാർഢ്യത്തോടെയുള്ള ദൗത്യ നിർവ്വഹണത്തിന്റെ പ്രത്യക്ഷ അടയാളമാണ്. എന്നാൽ തിരഞ്ഞെടുപ്പ് കാലത്ത് ന്യൂനപക്ഷങ്ങൾക്ക് നല്കിയ മോഹന വാഗ്ദാനങ്ങൾ നിറവേറ്റുന്നതിന് സർക്കാർ എന്തു ചെയ്തു എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ജനാധിപത്യത്തെ ബഹുമാനിക്കുകയും സാമൂഹിക ബോധത്തോടെ അതിന്റെ നീതിയിലും നടത്തിപ്പിലും പ്രതീക്ഷവയ്ക്കുകയും ചെയ്ത മലങ്കരസഭാമക്കൾക്ക് സർക്കാരിന്റെ ആദ്യവർഷത്തെ ഭരണഫലം അനുകൂലമല്ലായിരുന്നു എന്ന തിരിച്ചറിവാണുള്ളത്. ദേശീയ സഭയായ മലങ്കരസഭയുടെ മേൽ വിപ്ലവ സർക്കാർ കഴിഞ്ഞ കാലത്ത് നടത്തിയ ചില വിളയാട്ടങ്ങൾ തന്നെ ഇതിനുദാഹരണമാണ്.

2. ഒരേ സമയം തുല്യ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും പഠന നിലവാരം ഉയർത്തപ്പെടുകയും ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന മൂല്യാധിഷ്ഠിതമായ സമൂഹത്തെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മാറി മാറി വരുന്ന കേരള സർക്കാരുകൾ ഈ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചപ്പോഴാണ് സ്വാശ്രയ മാനേജുമെന്റുകൾ രംഗപ്രവേശനം ചെയ്തത്. എന്നാൽ കാലക്രമേണ സ്വാശ്രയ വിദ്യാഭ്യാസത്തിൽ വന്ന വാണിജ്യവത്ക്കരണം ചിലരിലെങ്കിലും കച്ചവട മനസ്ഥിതി സൃഷ്ടിച്ചിരിക്കുകയല്ലേ! വിദ്യാഭ്യാസ മേഖലയിൽ ഉയർന്നു കൊണ്ടിരിക്കുന്ന സമാന്തര സംവിധാനങ്ങൾ വിദ്യാർത്ഥികളെ അന്യസംസ്ഥാനങ്ങളിലേക്കും ഉപഭോഗ സംസ്കൃതിയിലേക്കും നയിക്കുകയല്ലേ! സ്വാശ്രയ മാനേജുമെന്റുകളും സർക്കാരുകളും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാധൂകരിക്കാൻ യത്നിക്കണം. അതിനായി ഏകമനസ്സോടെ വിദ്യാഭ്യാസ മേഖലയിൽ നിയമ നിർമ്മാണം ചെയ്യേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

3. കേരളത്തിന്റെ വികസന വേലിയേറ്റത്തിൽ മലങ്കരസഭയും പ്രത്യാശയോടെ പ്രതീക്ഷയർപ്പിക്കുന്നു. സ്മാർട്ട് സിറ്റി പോലെയുള്ള പദ്ധതികൾ, കേരളത്തിൽ ഇലക്ട്രോണിക് സംവിധാനങ്ങൾ രൂപം കൊണ്ട കാലത്തുണ്ടായ ആരംഭ ശൂരത്വം ആകരുത്. കൂടാതെ കേരളത്തിന്റെ ഭൂമികയിൽ തീർക്കുന്ന സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർവ്വഹണത്തിൽ പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതിരിക്കാൻ ശ്രദ്ധിക്കണം?

4. സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളിൽ നടക്കുന്ന ആരോഗ്യ വിദ്യാഭ്യാസത്തിന്റെ തെറ്റായ ശൈലി തിരുത്തണം. എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും രോഗികൾ വൈദ്യശാസ്ത്ര വിദ്യാർത്ഥികളുടെ പഠനോപാധികളായി മാറുന്നുവോ എന്ന

സംശയം പ്രബലപ്പെടുന്ന സംവിധാനങ്ങളാണ് ഇന്ന് കാണുന്നത്. കാലാനുസൃതമായി അണുവിമുക്ത സാങ്കേതിക സംവിധാനങ്ങൾ ഉണ്ടാകുന്നുവെങ്കിലും കാലാവസ്ഥയ്ക്കനുസൃതമായി ആരോഗ്യ പരിരക്ഷയ്ക്കുതകുന്ന സ്ഥിരം സംവിധാനങ്ങളെ സംബന്ധിച്ച് വ്യക്തമായ പദ്ധതികൾ നടപ്പാക്കണം.

5. ആദ്ധ്യാത്മിക രംഗങ്ങളിൽ സംഭവിച്ചിരിക്കുന്ന മൂല്യശോഷണം സമൂഹത്തിന്റെ സന്തുലിതാവസ്ഥയെ സാരമായി ബാധിച്ചിരിക്കുന്നു എന്നത് അനിഷേധ്യയാഥാർത്ഥ്യമാണ്. കൂണുകൾ പോലെ പൊട്ടിമുളയ്ക്കുന്ന ധ്യാനകേന്ദ്രങ്ങളും പ്രാർത്ഥന കൂട്ടായ്മകളും നിയന്ത്രണ വിധേയമാകേണ്ടതും നിയമ നിർമ്മാണം ചെയ്യേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ആത്മീയ കേന്ദ്രങ്ങളുടെ ധനാഗമന മാർഗ്ഗത്തെ സംബന്ധിച്ച് വസ്തു നിഷ്ഠമായ അന്വേഷണങ്ങൾ അനിവാര്യമാണ്. ഇത്തരം അന്വേഷണങ്ങൾ ക്ഷിപ്ര പ്രസാദങ്ങളായ പ്രസ്ഥാനങ്ങളുടെ നിഗൂഢ സ്ഥിതികൾ പൊതുജനത്തിന് വെളിപ്പെടുത്തുന്നതിന് സഹായിക്കും.

കേരളത്തിലെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന് അമ്പത് വയസ്സ് തികഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ, സംസ്ഥാനത്തിന്റെ വികസന പാതയിലെ ലാഭ-നഷ്ടങ്ങൾ വിലയിരുത്തപ്പെടണം. നിയമ സംവിധാനത്തോടെ വിധേയത്വം പുലർത്തിവന്ന സർക്കാരുകളുടെ പിൻതുടർച്ച അവകാശപ്പെടുന്ന ഇന്നത്തെ സർക്കാർ നല്കുന്ന 'കേരള മാതൃക' യുവ തലമുറയ്ക്കു നല്കുന്ന പാഠം എന്തെന്ന പുനഃപരിശോധനയും ഇന്നിന്റെ ആവശ്യമാണ്.

**- പണിക്കരച്ചൻ**

❖

## സഭാ വിശേഷ ദിവസങ്ങൾ

**ജൂൺ**

16. ശ്ലീഹാ നോമ്പാരംഭം
17. **പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച.**
19. കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായും ശ്ലീഹായും സഹദായും ആദ്യം വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചവനുമായ മാർ യാക്കോബിന്റെ ഓർമ്മ.
24. **പെന്തിക്കോസ്തിക്കുശേഷം നാലാം ഞായറാഴ്ച**
    മാർ യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഓർമ്മ.

29 *** മാർ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ,** ശ്ലീഹാനോമ്പു വീടൽ.

30. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

**ജൂലൈ**

1. **പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായറാഴ്ച** (മിഷൻ സൺഡേ)
3. *** മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ**
5. എഴുപത്തിരണ്ട് അറിയിപ്പുകാരുടെ ഓർമ്മ. ഏഴാം മാർത്തോമ്മായുടെ 199-ാം ഓർമ്മ (കോലഞ്ചേരി പള്ളി).
7. സഖറിയാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 10-ാം ഓർമ്മ. (പത്തനാപുരം താബോർ ദയറാ).
8. **പെന്തിക്കോസ്തിക്കുശേഷം ആറാം ഞായറാഴ്ച**
10. യൂഹാനോൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 234-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
12. കോട്ടയം എം.ഡി. സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് V മെത്രാപ്പോലിത്തായുടെ 98-ാം ഓർമ്മ (കോട്ടയം പഴയസെമിനാരി).


**മലങ്കരസഭ മാസിക**

**വരിസംഖ്യ**

**ഇന്ത്യയിൽ**

| | |
|---|---|
| ഒറ്റപ്രതി | : 10 രൂപ |
| ഒരു വർഷം | : 100 രൂപ |
| 4 വർഷം | : 400 രൂപ |
| 12 വർഷം | : 1000 രൂപ. |
| (ആയുഷ്ക്കാലം) | |

***വിദേശത്തേക്ക്***


ഒരു വർഷം : 1000 രൂപ

**പരസ്യനിരക്കുകൾ**

| | |
|---|---|
| Back Page (Colour) | : 10000 |
| Front Inside (Colour) | : 8000 |
| Back Inside (Colour) | : 7000 |
| Full page (B & W) | : 3000 |
| Half page (B & W) | : 1750 |
| Quarter page (B & W) | : 1250 |
| Minimum (B & W) | : 750 |
| Favours Block (Colour) | : 500 |
| Favours Block (B & W) (Stamp Size) | : 300 |



# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളേ,

ജൂൺ മാസം വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭമാണ്. ധാരാളം വരുന്ന നമ്മുടെ കുഞ്ഞുങ്ങൾ തുറക്കപ്പെട്ടിരിക്കുന്ന വിദ്യാലയ കവാടങ്ങളിലൂടെ ക്ലാസ്സ് മുറികളിൽ പ്രവേശിച്ചിരിക്കുന്നു. കഴിഞ്ഞ അദ്ധ്യയന വർഷം പ്രശസ്തമായ രീതിയിൽ വിജയം കരസ്ഥമാക്കിയ നമ്മുടെ എല്ലാ വാത്സല്യ മക്കളെയും ബലഹീനനായ നാം അഭിനന്ദിക്കുന്നു. അവരുടെ തുടർന്നുള്ള ജീവിതം ദൈവമഹത്വം വിളങ്ങുന്ന അനന്തമായ സാധ്യതകളിലേക്ക് അവരെ നയിക്കട്ടെ!

ഈ വർഷം വിദ്യാഭ്യാസം കുറിച്ചിരിക്കുന്ന നമ്മുടെ എല്ലാ കുഞ്ഞുങ്ങളെയും സർവ്വേശ്വര സന്നിധിയിൽ സമർപ്പിക്കുന്നു. പരിജ്ഞാനത്തിലും വിവേകത്തിലും നിറഞ്ഞ് നന്മതിന്മകളെ വേർതിരിച്ചറിയുവാനും തിന്മയെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് നന്മയെ വളർത്തുവാനും അവരുടെ വിദ്യാഭ്യാസം സഹായകമാകണം. യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു എന്ന സദൃശ്യവാക്യത്തിൽ വേരൂന്നി വളരുവാൻ എല്ലാവർക്കും സാദ്ധ്യമാകണം.

ജനങ്ങളുടെ വിദ്യാഭ്യാസത്തെയും അതുവഴി കൈവരുന്ന കഴിവിനെയും ആശ്രയിച്ചാണ് ഏതൊരു രാജ്യത്തിന്റെയും ഭാവി നിർണ്ണയിക്കപ്പെടുന്നത്. രാജ്യത്തിലെ എല്ലാ പൗരന്മാർക്കും നീതിയിലും സത്യത്തിലും സ്നേഹത്തിലും അടിസ്ഥാനമിട്ട തുല്യ വിദ്യാഭ്യാസം സാദ്ധ്യമാക്കിയാൽ സമൂഹത്തിൽ നന്മ വർദ്ധിക്കും. വിദ്യാഭ്യാസത്തിന്റെ മഹത്തായ ലക്ഷ്യം മാനവ വിഭവ ശേഷി വികസനവും അതു വഴിയുണ്ടാകുന്ന ദൈവീകരണവുമാണ്. വിദ്യാഭ്യാസ കാലഘട്ടത്തിൽ രൂപം കൊടുക്കപ്പെടുന്ന പാഠ്യ-പാഠ്യേതര പദ്ധതികളിൽ സങ്കുചിത തത്വചിന്തകളും ആദർശങ്ങളും നിറച്ചുവച്ചാൽ തലമുറകൾ തിന്മയുടെ അടിമകളായി മാറിപ്പോകും.

ഭാരതീയ വിദ്യാഭ്യാസ മേഖലയിൽ പരിഷ്ക്കരണം അത്യാവശ്യമാണ്. ആഗോള തലത്തിൽ ലഭ്യമാകുന്ന അറിവ് നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്കും വിദ്യാർത്ഥികൾക്കും ലഭ്യമാകണം.

വിദ്യാലയങ്ങളിലും കലാലയങ്ങളിലും വാളും വടിയും എടുക്കുവാനും രക്തം ചിന്തുവാനും ഇനിയും അഭ്യസിപ്പിക്കരുത്. എന്നാൽ, കാലിക വിഷയങ്ങളെ വിമർശനബുദ്ധിയോടും യഥാസ്ഥിതിക ബോധത്തോടും കൂടി സത്യത്തിന്റെ മാർഗ്ഗത്തിൽ അന്വേഷിക്കുവാൻ വിദ്യാർത്ഥികൾക്ക് ആത്മ ധൈര്യം പകരണം.

മാർക്ക് കിട്ടാനോ ഗ്രേഡ് കിട്ടാനോ മാത്രം വിദ്യാഭ്യാസം അടിസ്ഥാനമാക്കരുത്! അതേ സമയം തന്നെ, വിദ്യാർത്ഥികളിൽ കടന്നു കൂടുവാൻ സാദ്ധ്യതയുള്ള അലസതയെ ജാഗരൂകതയോടെ കൈകാര്യം ചെയ്യുവാൻ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും സാധിക്കണം.

പുതിയ അദ്ധ്യയന വർഷത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ദൈവവചനം മാർഗ്ഗദർശിയാകട്ടെ! "ജീവിതത്തിലെ തെറ്റുകൾക്കൊണ്ട് മരണത്തെ ക്ഷണിച്ചു വരുത്തരുത്; സ്വന്തം പ്രവർത്തികൾകൊണ്ട് നാശത്തെയും" എല്ലാ വിദ്യാർത്ഥികളെയും ദൈവം അനുഗ്രഹിക്കട്ടെ!

ലേഖനം

**ജോർജ് തഴക്കര**



# ശുദ്ധജല ദൈവശാസ്ത്രം

**ജൂൺ 5**
**ഭൗമ പരിസ്ഥിതി ദിനം**

ഒരു മിനിറ്റിൽ ഒരാൾക്ക് ജീവിക്കാൻ 104 ലിറ്റർ കാറ്റു വേണം. ഒരു ശ്വാസം വലിക്കുമ്പോൾ 100 കോടി ഓക്സിജൻ തന്മാത്രകൾ ഉള്ളിൽ പ്രവേശിക്കണം. ഓക്സിജനെ നിലനിർത്തുന്നത് വൃക്ഷങ്ങളും വൃക്ഷങ്ങളെ നിലനിർത്തുന്നത് ജലവും. അതുകൊണ്ടാണ് ജലത്തിന് ജീവജലം എന്നു പേരുവന്നത്.



ശുദ്ധജല ദൈവശാസ്ത്രത്തിന്റെ പ്രസക്തി വർദ്ധിച്ചുവരികയാണ്. ജലം തീപിടിച്ച വിഷയമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശുദ്ധജല ദൈവശാസ്ത്രത്തിനു വലിയ പങ്കു വഹിക്കുവാൻ കഴിയും. പരിസ്ഥിതി ദൈവശാസ്ത്രവും ഹരിത ദൈവശാസ്ത്രവും സജീവമാണ്. എന്നാൽ ഈ രണ്ടു ദൈവശാസ്ത്രങ്ങളെയും നിലനിർത്തുന്ന ശുദ്ധജല ദൈവശാസ്ത്രം അവഗണിക്കപ്പെടുന്നു.

ഇങ്ങനെ ഒരു ദൈവശാസ്ത്രം രൂപപ്പെട്ടിട്ടുണ്ടോ എന്നറിവില്ല. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ശുദ്ധജലദൈവശാസ്ത്രത്തിന്റെ പ്രസക്തി വളരെ വലുതാണ്. ദനഹാ പെരുന്നാളിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ശുദ്ധജലദൈവശാസ്ത്രത്തെ നിർവ്വചിക്കേണ്ടിയിരിക്കുന്നു.

ജീവൻ നിലനിർത്തുവാനും പ്രകൃതിയ്ക്കെതിരെയുള്ള ചൂഷണത്തിനു പരിധി നിർണ്ണയിക്കാനും ബോധപൂർവ്വമായ പരിശ്രമം സഭാ ശുശ്രൂഷയുടെ ഭാഗമായി ഏറ്റെടുക്കണം.

സസ്യങ്ങളും ജീവജാലങ്ങളും ഇന്നു നിലനില്പിന്റെ ഭീഷണി നേരിടുന്നു. വ്യാവസായിക വിപ്ലവത്തോടുകൂടി പ്രകൃതി വിഭവങ്ങളെയും അതിരുകടന്ന് ചൂഷണം ചെയ്തുതുടങ്ങി. നാഗരികതയുടെ വളർച്ചയും വികസനോന്മുഖമായ കണ്ടെത്തലുകളും വിഭവങ്ങളെ ഇല്ലായ്മ ചെയ്യുന്നു.

പാരിസ്ഥിതിക തകർച്ച മനസ്സിന്റെയും ആത്മാവിന്റെയും തകർച്ചയുടെ ബാഹ്യലക്ഷണങ്ങളാണെന്ന് പരിസ്ഥിതി ധർമ്മശാസ്ത്രജ്ഞനായ ലിന്റൻ കെ. കാൽഡ്വെൽ പറയുന്നു.

മലകൾ വെട്ടി നിരത്തി. കൃഷിയിടങ്ങൾ നികത്തി. ഒടുവിലിതാ നില്ക്കുന്ന മണ്ണും. നിലനില്പിന്റെ ആധാരമായ ജീവജാലവും കൈമോശം വന്നു തുടങ്ങിയിരിക്കുന്നു.

1952–ൽ റെഡ് ഇന്ത്യാക്കാരനായ സിയാറ്റിൻ മൂപ്പൻ അന്നത്തെ ഭരണാധികാരിയായ അമേരിക്കൻ പ്രസിഡന്റിനെഴുതി: "ഈ ഭൂമിയെ നശിപ്പിക്കരുത്... ഈ പുഴയിലെ ജലം ഞങ്ങളുടെ പിതാക്കന്മാരുടെ രക്തമാണ്... ഈ കാണുന്ന

മരങ്ങളൊക്കെയും നിങ്ങളുടെയും സഹോദരരാണെന്ന് അനന്തര തലമുറയെ പഠിപ്പിക്കണം.."

അമേരിക്കൻ ഐക്യനാടുകളിൽ പ്രതിധ്വനിച്ച മൂപ്പന്റെ വാക്കുകൾ അന്നത്തെയും പിന്നീടുള്ള ഭരണാധിപന്മാരുടെയും പുതിയ പഠിപ്പിനും പദ്ധതിക്കും സ്വീകാര്യമായിരുന്നില്ല.

വികസനം ധൂർത്തിന്റെ പര്യായമാണെന്നു തിരിച്ചറിഞ്ഞ ജപ്പാനിലെ സമൂഹം 1989 ആഗസ്റ്റ് 24-ന് ലോകത്തിന് പുതിയ ഒരു സന്ദേശം നൽകി. ജനക്ഷബാ. 'ഇതുപോലെ അല്ലാത്തൊരു ലോകം' എന്നാണ് ആ വാക്കിന്റെ അർത്ഥം. പുത്തൻ പ്രതീക്ഷകളുടെ പ്രതിധ്വനിയായി ആ വാക്ക് രാജ്യാന്തരങ്ങൾ കടന്നു.

വികസനം വൃക്ഷത്തെപ്പോലെ അടിയിൽ നിന്നും മുളച്ചുവളരേണ്ടതാണ്. മുളയ്ക്കണമെങ്കിൽ അതിനനുഗുണമായ സാഹചര്യം ഉണ്ടാകണം. മണ്ണും പരിസരവും അനുകൂലമാകണം. പുതിയ വികസനത്തിനു മണ്ണും സാഹചര്യവുമായി ബന്ധമില്ല. എവിടെയും അത് പറിച്ചു നടാൻ കഴിയും. അതിന്റെ പേരിലുണ്ടാകുന്ന അപചയത്തെയും അപകടത്തെയും അവഗണിക്കുന്നുവെന്നതാണ് ആധുനിക വികസനത്തിന്റെ ശാപം. ദുരന്തങ്ങളെ അഭിമുഖീകരിക്കുമ്പോൾ മാത്രമേ ഞെട്ടലോടെ ഈ തിരിച്ചറിവ് ഉണ്ടാകുന്നുള്ളു.

അതിർത്തികളും ആകാശവും കൈയടക്കി വിജയിച്ചുവരുന്ന ആധുനിക ടെക്നോളജിക്ക് മനുഷ്യന്റെ ദാഹത്തിനു പരിഹാരം കണ്ടെത്താൻ കഴിയുന്നില്ല. എല്ലാ ആയുധങ്ങളും കുടിനീരിനുവേണ്ടിയുള്ള യുദ്ധത്തിനു ഉപയോഗിക്കുന്ന കാലം വരും.

ലാറ്റിനമേരിക്കയിലെ ഒരു ചെറിയ രാജ്യമാണ് ബൊളീവിയ. ഒരു ലക്ഷത്തോളം വരുന്ന 'കൊച്ച ബാംബ'യിലെ ജനങ്ങൾ തങ്ങൾക്ക് അവകാശപ്പെട്ട കുടിവെള്ളത്തിനു വേണ്ടി പൊരുതി.

അമേരിക്കയിൽ കേന്ദ്രീകൃതമായ ബെഷ്ടെൽ എന്റർപ്രൈസസും ഹോൾഡിംഗ്സും ഇറ്റലിയിലെ എഡിസൺ കമ്പനിയും ചേർന്ന് ലണ്ടൻ ആസ്ഥാനമാക്കി ഇന്റർനാഷണൽ വാട്ടർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. ആഗാസ് ദെൽ തുനാരി എന്ന കൺസൾട്ടൻസി ബൊളീവിയായിലെ മണ്ണും വെള്ളവും പ്രകൃതി വിഭവങ്ങളും ഒന്നടങ്കം വാങ്ങുവാൻ പരിശ്രമിച്ചു. തൊണ്ണൂറുകളിൽ ബൊളീവിയൻ ഭരണാധികാരിയായ സാഞ്ചസ് ഡി. ലൊസാദ തുടങ്ങി വച്ച ഉദാരവത്കരണത്തിന്റെ കെണി. 97-ൽ ജനറൽ ബെസർ പ്രസിഡന്റായതോടു കൂടി വിഷയം ഗൗരവതരമായി. 99-ൽ വേൾഡ് ബാങ്കിന്റെ ഉപദേശം സ്വീകരിച്ച ബൊളീവിൻ സമ്പത്ത് ഘടനയുടെ വികസനത്തിനുവേണ്ട കുടിവെള്ളം സ്വകാര്യവത്കരിച്ചു.

ഇതിനെതിരെ ജനങ്ങൾ സംഘടിച്ചു. പ്രതിഷേധം ഇരമ്പി. പ്രകോപനപരമായ അവസ്ഥയിലെത്തി. അവകാശപ്പെട്ട ജലം അതിർത്തികടത്തി കൊണ്ടുപോകുന്നതിനെതിരെ ജനശബ്ദം മുഴങ്ങി. ആദിവാസികളുടെ ഇടയിൽ നിന്നും ഒരു ജനകീയ നേതാവുയർന്നു. അയ്മാറ എന്ന ഗോത്രത്തിൽ നിന്നും 'മൊറേൽസ് പ്രസിഡന്റായി. ജലം സ്വകാര്യവത്കരിക്കുവാനുള്ള തീരുമാനം അതോടെ അവസാനിച്ചു. കഴിഞ്ഞ 113 വർഷത്തെ ചരിത്രം പരിശോധിച്ചാൽ 135 സൈനിക അധിനിവേശങ്ങൾ നടന്നുവെന്നു കാണാം. ഈ അധിനിവേശങ്ങളിൽ ഏറെ വ്യത്യസ്തമായിരുന്നു ബൊളിവിയയിൽ നടന്ന അധിനിവേശത്തിനെതിരെയുള്ള പ്രക്ഷോഭം.

ഇതിന്റെ പ്രതിസ്പന്ദനം കേരളത്തിലുണ്ടായി. 2004 ജനുവരി 21-ന് പ്ലാച്ചിമടയിലും 23-ന് പുതുശേരിയിലും. പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയ്ക്കും പുതുശേരിയിൽ പെപ്സി കമ്പനിയിക്കും എതിരെയായിരുന്നു സാധാരണ ജനങ്ങൾ സംഘടിച്ചത്. ഭൂഗർഭത്തിലെ അവസാന ജലവും വലിച്ചെടുത്ത് ലോകകമ്പോളത്തിലെത്തിക്കുവാനുള്ള പരിശ്രമത്തെ ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞു. അക്ഷരം കൂട്ടിവായിക്കാനറിയാത്ത ആദിവാസിയായ മയിലമ്മയാണ് (2007 ജനുവരി 6-ന് മരിച്ചു) ഇതിന് നേതൃത്വം നൽകിയത്.

'ഞങ്ങളുടെ കുട്ടികൾക്ക് ജീവിക്കണം. ജീവിക്കാൻ ഞങ്ങൾക്ക് മണ്ണു വേണം. കുടിക്കാൻ വെള്ളവും വായുവും വേണം.' റെഡ് ഇന്ത്യനായ സിയാറ്റിൻ മൂപ്പന്റെ ശബ്ദത്തിന്റെ പ്രതിധ്വനിയായിരുന്നു ഇത്. ഇത് തിരിച്ചറിയുവാനുള്ള സിദ്ധി ലഭിച്ചത് ആദിവാസി സമൂഹത്തിനാണെന്നതും ശ്രദ്ധിക്കേണ്ടതാണ്. പുതിയ പഠിതാക്കൾക്കും വികസനത്വരയുള്ളവർക്കും ഭൂമിയുടെ നാശത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിയുവാൻ കഴിയുന്നില്ല. ആർജ്ജവത്വം നഷ്ടപ്പെട്ടതു തന്നെ കാരണം. കാടിനു തീ പിടിക്കുമ്പോൾ കരിയിലപ്പക്ഷികൾ ചിലയ്ക്കുന്നതുപോലെ, വേട്ടക്കാരന്റെ വരവ് കലമാനുകൾ തിരിച്ചറിയുന്നതുപോലെയുള്ള ഒരു സിദ്ധി.

ഒരു മിനിറ്റിൽ ഒരാൾക്ക് ജീവിക്കാൻ 104 ലിറ്റർ കാറ്റുവേണം. ഒരു ശ്വാസം വലിക്കുമ്പോൾ 100 കോടി ഓക്സിജൻ തന്മാത്രകൾ ഉള്ളിൽ പ്രവേശിക്കണം. ഓക്സിജനെ നിലനിർത്തുന്നത് വൃക്ഷങ്ങളും വൃക്ഷങ്ങളെ നിലനിർത്തുന്നത് ജലവും. ജീവജാലത്തിന്റെ നിലനില്പ് ജീവജലമാണ്. ജീവജാലങ്ങൾക്ക് ജീവൻ നൽകുന്നത് ജലത്തിലെ ജീവനാണ്. അതുകൊണ്ടാണ് ജലത്തിന് ജീവജലം എന്നു പേരുവന്നത്.

പകരം വയ്ക്കാൻ മറ്റൊന്നില്ലാത്തതാണ് ജലം. അതിനെ കൃത്രിമമായി ഉണ്ടാക്കിയെടുക്കുവാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല.

ജലത്തിന്റെ 97 ശതമാനവും സമുദ്രജലമാണ്. ശേഷിക്കുന്ന മൂന്നു ശതമാനം മാത്രമാണ് ശുദ്ധ ജലം. ലോകത്തിലുള്ള 560 കോടിയിലധികം വരുന്ന ജനസമൂഹത്തിന്റെ നിലനില്പ് ഈ മൂന്നു ശതമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ശുദ്ധ ജലത്തിന്റെ മുക്കാൽ ഭാഗവും മഞ്ഞുമലകളായും ഹിമാനികളായും സ്ഥിതി ചെയ്യുന്നു. ശുദ്ധജലമുള്ളത് കിണറുകളിലും കുളങ്ങളിലും കുഴൽ കിണറുകളിലും റിസർവോയറുകളിലുമാണ്.

പുഴകളെയും തടാകങ്ങളെയും സമൃദ്ധമാക്കുന്നത് മഴയാണ്. വീഴുന്ന ജലം പെട്ടെന്നു ഒഴുകി മറയുന്നു




എന്നതാണ് മറ്റൊരു ദുരന്തം. ഊർന്നിറങ്ങിയ ജലത്തിൽ നിന്നുമാത്രമെ ശുദ്ധജലം നിലനിർത്താൻ കഴിയുകയുള്ളു. വനനശീകരണവും തണ്ണീർത്തടങ്ങളും ചൂഷണം നേരിടുന്നതിനാൽ ശുദ്ധജലത്തിനു വർദ്ധനവ് ഉണ്ടാകുന്നില്ല.

ജീവനെ നിലനിർത്തുന്ന രക്തത്തിന്റെ എൺപത്തിയഞ്ചു ശതമാനവും ജലമാണ്. ആരോഗ്യമുള്ള ഒരാൾക്ക് ഒരു ദിവസം രണ്ടു ലിറ്റർ ജലമെങ്കിലും വേണം.

'തലച്ചോറിൽ 74.5 ശതമാനവും എല്ലുകളിൽ 22 ശതമാനവും വൃക്കകളിൽ 62.7 ശതമാനവും പേശികളിൽ 75.8 ശതമാനവും ജലമാണെന്നു പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.'

ശ്വാസകോശത്തിന് ഈർപ്പം നൽകി ശ്വാസോച്ഛ്വാസ പ്രക്രിയ സുഗമമാക്കുന്നത് ജലമാണ്. സന്ധികളുടെ ചലനം ഉറപ്പുവരുത്തുന്നതും ഘർഷണം കുറയ്ക്കുന്നതും തൊലിയിൽ വിസർജന മാധ്യമമായി നിലനിൽക്കുന്നതും ജലം തന്നെ. കൊഴുപ്പിനെ ഊർജ്ജമാക്കി മാറ്റാൻ കരളിനെ സഹായിക്കുന്നതും ശരീരതാപനില സ്ഥിരമായി നിലനിർത്താൻ സഹായിക്കുന്നതും വിവിധ ശരീര ദ്രവങ്ങളുടെ ശ്രവണത്തിനും ഉല്പാദനത്തിനും വെള്ളം സഹായിക്കുന്നു' (കുടിവെള്ളം പേജ് 15).

ജലത്തിന്റെ പ്രാധാന്യം എത്രയധികമാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

പ്രകൃതിയിൽ നിന്നും വേറിട്ടു നിൽക്കുന്ന മനുഷ്യൻ പ്രകൃതിക്കും പിൻതലമുറകൾക്കും ദുരന്തം വരുത്തിവയ്ക്കുന്നു. എല്ലാറ്റിനെയും അടക്കിഭരിക്കുവാൻ മനുഷ്യന് അവകാശം നൽകിയെന്നുള്ള ധാരണയിൽ നിന്നുമാണ് ചൂഷണം ആരംഭിക്കുന്നത്.

1962–ൽ റേച്ചൽ കഴ്സൺ (Rachel Carson) പ്രസിദ്ധപ്പെടുത്തിയ നിശബ്ദ വസന്തം (Silent Spring) യുദ്ധാനന്തര പരിസ്ഥിതി തകർച്ചയുടെ ചിത്രം വെളിപ്പെടുത്തുന്ന തത്വശാസ്ത്രമാണ്. ഇതിന്റെ ചുവടു പിടിച്ചാണ് ആർനെ നെസ് (Arne Naess) ഡീപ്പ് ഇക്കോളജിക്ക് 1973–ൽ രൂപം നൽകിയത്. ഇതൊരു തീവ്രപരിസ്ഥിതിവാദമാണ്. മനുഷ്യകേന്ദ്രീകൃതമല്ലാത്ത പ്രകൃതിവാദമാണ്.

ഉറവകളെപ്പോലും ഊറ്റിയെടുത്ത് ലോകവിപണിയിലെ വിൽപ്പനക്കുപ്പികളിലാക്കുന്നു. ഇത് ദുരന്തത്തിന്റെ തുടക്കമാണ്. പ്രാണവായുവും ശുദ്ധജലവും വാങ്ങുവാൻ പരിശ്രമിക്കാൻ ഒരു ലോകത്തെ വിഭാവനം ചെയ്യുവാൻ നമുക്കിനിയാകുമോ?

ഇവിടെയാണ് ശുദ്ധജല ദൈവശാസ്ത്രത്തിന്റെ പ്രസക്തി. ഇത് അറിവിനുവേണ്ടിയുള്ളതോ, ആനന്ദത്തിനു വേണ്ടിയുള്ളതോ അല്ല.

ജലം ജീവന്റെ ആധാരമാണ്. ദൈവശാസ്ത്ര മേഖല സിദ്ധാന്തങ്ങളാൽ സമ്പന്നമാണ്. പരിസ്ഥിതി ദൈവശാസ്ത്രവും, ഹരിത ദൈവശാസ്ത്രവും മലയാളത്തിൽ പ്രചരിച്ചു. എന്നാൽ ഇതിനൊക്കെ അന്തർധാരയായി നിലനിൽക്കാൻ പ്രാപ്തിയുള്ള ഒരു ശുദ്ധജല ദൈവശാസ്ത്രത്തിന്റെ പ്രസക്തിയെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയിട്ടുണ്ടോയെന്ന് സംശയിക്കുന്നു.

ജലദാരിദ്ര്യം കൊടും ശാപമാണെന്നും, (1 രാജാ 17, യിര. 14:3) കുടിക്കാൻ കൊള്ളാത്ത വെള്ളം ശിക്ഷയുടെ പ്രതീകമാണെന്നും, (പുറ. 7:17) അനശ്വര സന്തോഷത്തിന്റെ പ്രതീകമാണ് ജലം എന്നും (വെളി. 7:17) സത്യവേദപുസ്തകം പഠിപ്പിക്കുന്നു.


യോഹന്നാന്റെ സ്നാനം, നയമാന്റെ കുഷ്ഠരോഗം മാറുവാനുള്ള ഉപാധിയായ യോർദ്ദാൻ നദിയിലെ മുങ്ങൽ, ശീലോഹോം കുളത്തിൽ മുങ്ങിയപ്പോഴുണ്ടായ സൗഖ്യം, കൽഭരണികളിൽ ജലം നിറച്ച് വിഭവസമൃദ്ധമായ വീഞ്ഞാക്കി മാറ്റിയ അത്ഭുതം, കടലിനു മീതേ നടന്ന് ദൈവികതയെ വെളിവാക്കിയ ക്രിസ്തുസാന്നിധ്യം–ഇങ്ങനെ എത്രയധികം സംഭവങ്ങൾ ജലവുമായി ബന്ധപ്പെട്ടു പ്രതിപാദിച്ചിരിക്കുന്നു.

പുതിയ നിയമകാലഘട്ടത്തോടെ ജലം ആരാധനയിലെ മുഖ്യഘടകമായി മാനിക്കപ്പെട്ടു. ശുശ്രൂഷകളിൽ ജലത്തിനുള്ള പ്രാധാന്യം വളരെ വലുതാണ്. ഈ ഒരു വസ്തുത അധികമാരും ശ്രദ്ധിക്കാറില്ല. കൂദാശാദികർമ്മങ്ങളിലും മാമോദീസായിലും ജലത്തിന്റെ ആവശ്യകതയെക്കുറിച്ച് ഓർക്കുമ്പോൾ ശുദ്ധജലദൈവശാസ്ത്രം അതിന്റെ വഴിയൊരുക്കലിന് നിദാനമാകുകയാണ്.

ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ ഇതിന് അനുരൂപമായ ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തിയെടുക്കുവാൻ കഴിയും.

ഇതിന്റെ അടിസ്ഥാനം ദനഹാ പെരുനാളിൽ ഉണ്ടെന്നുള്ള യാഥാർത്ഥ്യം നാം ഇനിയും മനസ്സി

മലങ്കരസഭയുടെ അക്ഷരക്കോട്ടകൾക്ക് ആത്മാവു പകർന്ന്, അമരക്കാരനായിരുന്ന ഇപ്പോൾ വിരമിക്കുന്ന പ്രതിബദ്ധതയുടെ പ്രവാചകൻ ഞങ്ങളുടെ പ്രസിഡന്റായ അഭി.ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയ്ക്ക് നന്ദിയുടെ പൂച്ചെണ്ടുകൾ.



മലങ്കരസഭയുടെ സാരഥ്യം ഏറ്റെടുത്തുകൊണ്ട് ഈ അക്ഷരക്കൂട്ടായ്മയിലേക്ക് എത്തിച്ചേരുന്ന സന്യസ്തരുടെ കിരീടം ഞങ്ങളുടെ നവ പ്രസിഡന്റായ അഭി. സഖറിയാസ് മാർ അന്തോണിയോസ് തിരുമേനിക്ക് ഹൃദയപൂർവ്വം സ്വാഗതം.



## 'മലങ്കരസഭ' മാസിക പ്രവർത്തകരും, വായനക്കാരും

ലാക്കിയിട്ടില്ല.

ജനുവരി 6 ദനഹാപ്പെരുനാളാണ്. ക്രിസ്തു പരസ്യശുശ്രൂഷ ചെയ്യുന്നതിനു മുമ്പായി യോഹന്നാൻ സ്നാപകനിൽ നിന്നും ജലസ്നാനം സ്വീകരിച്ചു. ലോകത്തിന്റെ വെളിച്ചം നദിയിൽ മുങ്ങിയുയർന്നപ്പോൾ ലോകത്തിന്റെ ഉറവകൾ അനുഗ്രഹിക്കപ്പെട്ടു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഇത് വെളിപ്പെടുത്തലിന്റെ പെരുനാളാണ്. ജീവജലത്തിന്റെ പ്രസക്തിയെ വെളിപ്പെടുത്തുവാൻ ഈ പെരുനാളിനു കഴിയണം. ക്രിസ്തുവിന്റെ പാദം ജലത്തിൽ സ്പർശിച്ചപ്പോൾ ലോകത്തിലെ ജലധാരകൾ ശുദ്ധീകരിക്കപ്പെട്ടു.

ജലസ്രോതസുകളെ പരിപാലിക്കുവാനും തണ്ണീർത്തടങ്ങളെ സംരക്ഷിക്കുവാനും പ്രകൃതിയോട് ചേർന്ന് മനുഷ്യന്റെ നിലനില്പിന്റെ പ്രബോധന മുൾക്കൊള്ളാനും കഴിയുന്ന പെരുനാളായി ദനഹാപ്പെരുനാളിനെ പ്രയോജനപ്പെടുത്തണം. ആധുനിക സമൂഹത്തിനു നിലനില്പിന്റെ നേർവഴി തെളിയിക്കുവാനുള്ള ബോധപൂർവ്വമായ പ്രചരണമാക്കി ദനഹപ്പെരുനാളിനെ മാറ്റണം.


ജലം ഒരു ഗൗരവമുള്ള വിഷയമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ലോകത്തിനു നല്കാവുന്ന സന്ദേശമായ ശുദ്ധജലദൈവശാസ്ത്രത്തെ ദനഹാപ്പെരുനാളിലൂടെ വെളിപ്പെടുത്തണം. ശുദ്ധജലദൈവശാസ്ത്രത്തിന് ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ നിന്നുകൊണ്ടുള്ള നിർവ്വചനം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനു കഴിവുള്ള ധിഷണാശാലികൾ ഈ സഭയിലുണ്ടെന്നുള്ളത് പ്രത്യാശയ്ക്കു വക നൽകുന്നു.

ദനഹാപ്പെരുന്നാളിന്റെ സന്ധ്യാ പ്രാർത്ഥനയിൽ 'പാപത്തിന്റെ സകല അഴുക്കുകളെയും കരുണയോടെ ഞങ്ങളിൽ നിന്നു കഴുകി കളയണമേ...'

'മണ്ണുകൊണ്ടുള്ള ഭവനം പഴയതാകുമ്പോൾ വെള്ളം കൊണ്ട് അതിനെ പുതുതാക്കുന്നതുപോലെ മണ്ണായ ആദാമിന്റെ ശരീരം പഴയതായപ്പോൾ വെള്ളം കൊണ്ട് അതിനെ പുതുതാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു' എന്നിങ്ങനെയുള്ള പ്രാർത്ഥനകളുടെ അർത്ഥതലങ്ങളെ പുതിയ സാഹചര്യത്തിൽ വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു.

വാഴപ്പിണ്ടികളിൽ എണ്ണത്തിരികൾ കത്തിച്ച് ഒഴിക്കിയിരുന്ന പൂർവ്വീകർ ജലസ്രോതസിനെ പ്രകാശമാക്കുകയായിരുന്നു. ലോകത്തിന്റെ വെളിച്ചം, പ്രകാശമായി, ഇരുളിൽ തെളിയുന്ന മൺചെരാതുകളിൽ പ്രതീകമാക്കപ്പെടുകയായിരുന്നു.

ശുദ്ധജലത്തിന്റെ പ്രാധാന്യം ശുദ്ധജല ദൈവശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ, ദനഹാപെരുനാളിന്റെ പശ്ചാത്തലത്തിൽ പ്രചരിപ്പിക്കുവാൻ കഴിയുന്നുവെങ്കിൽ അത് സമൂഹത്തിന് പ്രയോജനകരമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ❖



# ചെന്തമിഴിൽ അരപ്പള്ളിക്കു തങ്കത്തിളക്കം

പാശ്ചാത്യ സഭകൾ തമിഴ്നാട്ടിൽ ശക്തമാണെങ്കിലും അവർക്കൊന്നും ഇവിടെ ആദിയിൽ ഉണ്ടായതും മാർതോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതുമായ പുരാതന ക്രൈസ്തവ സഭയോടുള്ള കടപ്പാട് നിവർത്തിക്കേണ്ട ബാധ്യത ഇല്ലാത്തതുകൊണ്ട് മലങ്കര സഭയേയും സഭാ സ്ഥാപകനേയും കുറിച്ച് ബോധപൂർവ്വം വിസ്മരിക്കുന്നു.

ബൈബിളിനെ ആധാരമാക്കി ക്രിസ്തുവിന്റെ മറവിൽ ധനസമ്പാദനം നടത്തുന്ന കുടിൽ വ്യവസായ സഭകൾ തമിഴ്നാട്ടിൽ യഥേഷ്ടമുണ്ട് എന്നാൽ അവരുടെ ലക്ഷ്യത്തിന് പരിപാവനമായ മാർതോമ്മായുടെ സഭയുടെ പാരമ്പര്യത്തോടും ആചാരാനുഷ്ഠാനങ്ങളോടും പുലബന്ധം പോലുമില്ലാത്തതുകൊണ്ട് ആ വഴിക്കും ശ്ലീഹായേയും പ. സഭയേയും അറിയാൻ മാർഗ്ഗമില്ലാതെ പോയി.

ഈ സാഹചര്യത്തിലാണ് ഒരു ക്രൈസ്തവേതര ഒരു പ്രസിദ്ധീകരണമായ **'ആത്മീകം'** എന്ന തമിഴ് പതിപ്പിൽ പ്രസിദ്ധീകരിച്ച **"തിരുവിതാംകോട് സെന്റ് മേരീസ് ആലയം"** എന്ന ശീർഷകത്തിൽ ഒരു ലേഖനം വായിക്കാൻ ഇടയായത്. വായനക്കാരെ അതിശയോക്തിയിലാഴ്ത്തുകയും ഇരുത്തിച്ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു ലേഖനമായിരുന്നു അത്.

ആർ.സി. സഭയെന്ന ഒരേ ഒരു സഭയേക്കുറിച്ചു മാത്രം കേട്ടു തഴമ്പിച്ച ഇവിടുത്തെ ജനങ്ങൾക്ക് വി. തോമ്മാ ശ്ലീഹായേയും അദ്ദേഹം സ്ഥാപിച്ച ഏഴരപ്പള്ളികളേയും പ്രത്യേകിച്ച് തിരുവിതാംകോട്ടേ അരപ്പള്ളിയേയും കുറിച്ച് വിവരിക്കുവാൻ ക്രൈസ്തവേതരരുടെ പ്രസിദ്ധീകരണം തന്നേ വേണ്ടി വന്നു.

ശ്ലീഹായെ തരംതാഴ്ത്തിയവർക്കും ചരിത്ര സത്യങ്ങളിൽ മായം കലർത്തിയവർക്കും ഒരു അന്യമതക്കാരന്റെ കണ്ടെത്തലുകളും മഹാമനസ്കതയും മാതൃകയായിത്തീരട്ടെ. ലേഖനത്തിന്റെ സ്വതന്ത്ര മലയാള പരിഭാഷ ചുവടേ ചേർക്കുന്നു.

**ജോർജ് മാത്യു കോയമ്പത്തൂർ**



### തമിഴ്നാട്ടിൽ സ്ഥാപിതമായ ആദ്യത്തെ ദേവാലയം

രണ്ടായിരം വർഷത്തെ കാലപ്പഴക്കം അവകാശപ്പെടുന്ന അതിപുരാതനമായ ഒരു ക്രൈസ്തവ ദേവാലയം കന്യാകുമാരി ജില്ലയിൽ ഉണ്ടെന്നു പറഞ്ഞാൽ അത് സകല ജനത്തിനും അഭിമാനിക്കത്തക്ക വിഷയമാണ്. യേശു ക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിലൊരാളായ വി. തോമ്മാ ശ്ലീഹാ ദൈവ മാതാവായ വി. കന്യകമറിയാമിന്റെ നാമധേയത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ് ഈ ആലയം.

### ദേവാലയം സ്ഥിതി ചെയ്യുന്ന സ്ഥലം

നാഗർ കോവിൽ–തിരുവനന്തപുരം ദേശീയ പാതയേയും, നാഗർകോവിൽ–കുളച്ചൽ ദേശീയ പാതയേയും തമ്മിൽ ബന്ധിപ്പിക്കുന്ന തിങ്കൾ ചന്തയിൽ നിന്നും അഴകിയ മണ്ഡപത്തിലക്കു പോകുന്ന വഴിയുടെ കിഴക്കു ഭാഗത്തായി തിരുവിതാംകോട് എന്ന ചരിത്ര പ്രസിദ്ധമായ ഒരു ഗ്രാമമുണ്ട്. പഴയ ചേരനാടിന്റെ തലസ്ഥാന നഗരികളിലൊന്നായ

ഇവിടെ മത സാഹോദര്യത്തിന്റെ പ്രതീകമായി നിലകൊള്ളുന്ന ക്രൈസ്തവ, ഹിന്ദു, മുസ്ലീം ദേവാലയങ്ങളുണ്ട്. ഇവിടെത്തന്നെയാണ് എ.ഡി. 52-ൽ വി. തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട സെന്റ് മേരീസ് ആലയവുമുള്ളത്. ഈ ദേവാലയത്തിന്റെ ഉത്ഭവത്തേക്കുറിച്ചുള്ള യഥാർത്ഥ ചരിത്രം ലോകമെമ്പാടുമുള്ള പല പഴയ ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നും ഇന്നും ലഭ്യമാണ്. അതിൽ നിന്നും ഇതാണ് തമിഴ്നാട്ടിലെ ആദ്യത്തേ ക്രൈസ്തവ ദേവാലയമെന്ന് സംശയമെന്യേ സ്ഥിരീകരിക്കുവാൻ കഴിയും. ഇവിടെ പണ്ട് യേശുക്രിസ്തുവിന്റെ സ്വന്ത ജനമായ യഹൂദർ വസിച്ചുവന്നിരുന്നതായി പറയപ്പെടുന്നു.

എ.ഡി. 5 മുതൽ 65-ാം ആണ്ടുവരെ തിരുവിതാംകോട് തലസ്ഥാനമാക്കി ഇമയവരമ്പൻ ചേരാലാതൻ എന്ന ചേര രാജാവ് ചേരനാട് വാണുവന്നിരുന്നു. ഇദ്ദേഹം കുന്തപ്പർ എന്ന നാടുവാഴിയോടൊപ്പം കഴിഞ്ഞു വന്നിരുന്ന തോമസ് അപ്പസ്തോലനെ എ.ഡി. 52-ൽ തിരുവിതാം കോട്ടേയ്ക്ക് കൂട്ടിക്കൊണ്ടു വന്നു. രാജാവിന്റെ മകളുടെ വിവാഹത്തിന് രാജദൂതനായ ഹാപ്പാൻ എന്ന ആളോടൊപ്പം യൂദാ തോമസും സംബന്ധിച്ചിരുന്നതായി യൂദാ തോമ്മായുടെ നടപടികൾ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**ആദ്യത്തേ ക്രൈസ്തവ പുരോഹിതൻ:**

മഹാരാജാവിനെ ആദരിക്കാത്ത ഒരു നാടുവാഴിയെ സാൻ-ഡ്രോർ കോണം എന്ന വെള്ളിമലയിൽ വച്ച് കരടികളെക്കൊണ്ട് കടിപ്പിച്ചു കൊല്ലിച്ചു. ഇദ്ദേഹത്തെ വി. തോമ്മാശ്ലീഹാ ഉയിർപ്പിച്ച് തിരുവിതാംകോട് സഭയുടെ ആദ്യത്തേ പുരോഹിതനായി വാഴിച്ചു. "സാൻഡ്രമൻ മീക കശ്ശീശ യാക്കോബ്" എന്ന നാമധേയത്തിൽ ഇദ്ദേഹം അറിയപ്പെട്ടു. "മൻമീക" എന്നത് ഔദ്യോഗിക സ്ഥാനനാമത്തേ കുറിക്കുന്നു. ഇദ്ദേഹമാണ് വി. തോമ്മാ ശ്ലീഹായിൽ നിന്നും സ്നാനം സ്വീകരിച്ച ആദ്യത്തേ ക്രിസ്ത്യാനി.

ഈ കാലഘട്ടത്തിലാണ് ശ്ലീഹായ്ക്ക് തിരുവിതാംകൂർ മഹാരാജാവ് ദാനമായി നൽകിയ സ്ഥലത്ത് ഇരുപതു സെന്റിൽ ശുദ്ധിമതിയായ അമ്മയുടെ നാമത്തിൽ ദേവാലയം പണിയുന്നത്. അന്ന് അറുപത്തിമൂന്നു കുടുംബക്കാരെ ശ്ലീഹാ സ്നാനപ്പെടുത്തി ക്രിസ്ത്യാനികളാക്കി. ഇവരിൽ തെക്കൻ വീട്ടു കുടുംബക്കാർ മാത്രമാണ് ഇന്ന് അവിടെ വസിച്ചു വരുന്നത്. മറ്റുള്ളവർ കുണ്ടറ, ആയൂർ, കായംകുളം, ഹരിപ്പാട് തുടങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിച്ചു വരുന്നു. ആണ്ടിലൊരിക്കൽ വി. മാതാവിന്റെ വലിയ പെരുന്നാൾ ദിവസം എല്ലാവരും ഇവിടെ ഒത്തുകൂടുന്നു.

**കാണാതെ പോയ ആലയം കണ്ടെത്തുന്നു :**

ഈ ദേവാലയത്തിന്റെ പണി പൂർത്തീകരിക്കുന്നതിനു മുമ്പു തന്നെ ശ്ലീഹാ ചെന്നൈയിലേക്ക് പ്രയാണം ചെയ്തു കഴിഞ്ഞിരുന്നതിനാൽ ഇന്നും ഈ പള്ളി അരപ്പള്ളി എന്ന അപരനാമത്തിൽ അറിയപ്പെടുന്നു. (അരചൻ കൊടുത്ത സ്ഥലത്ത് പണിത പള്ളി അരപ്പള്ളി കാലന്തരത്തിൽ ലോപിച്ച് അരപ്പള്ളിയായി എന്ന ഒരു ചൊല്ലും നിലവിലുണ്ട്.)

കാലാന്തരത്തിൽ ഈ ദേവാലയം പാഴടഞ്ഞും ശ്ലീഹാ വി. ബലിയർപ്പിച്ച വി. ബലിപീഠം മൂടപ്പെട്ടും മുൾപ്പടർപ്പിനുള്ളിൽ അകപ്പെട്ടും പോയിരുന്നു. പില്ക്കാലത്ത് സ്ഥലം സർവ്വേ നടത്തിയ ഒരു ഇഞ്ചിനീയർ ഈ ദേവാലയം കണ്ടെത്തി. അന്നു മുതൽ ഇത് മലങ്കരസഭയുടെ പൗരസ്ത്യ കാതോലിക്കേറ്റിന്റെ അധീനതയിൻ കീഴിൽ നിലനിന്നു വരുന്നു.

ഈ ദേവാലയത്തിലെ മദ്ബഹായും മാമോദീസാതൊട്ടിയും ആദിമസഭയുടെ ആകർഷകമായ കൗദാശിക ആരാധനാ വല്ലഭത്വത്തേയും ദേവാലയത്തിന്റെ നിർമ്മാണപ്പണികൾ പ്രാദേശിക ദേവാലയ വാസ്തുശില്പകലാ വൈഭവത്തേയും പ്രതിഫലിപ്പിക്കത്തക്ക വിധത്തിൽ രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ളവയാണ്.

വി. തോമ്മാശ്ലീഹാ ഇരണീയൽ, പെരുഞ്ചിലമ്പ്, കോതയാറ്, പാലാർ, മാടത്തട്ടുവിള, കപ്പീയറ, സെബസ്ത്യാർ, ചിന്നമുട്ടം, ചെങ്കോട്ട, എരുമേലി, പൂഞ്ഞാറ്, മലയാറ്റൂര് എന്നീ പഴയ ചേരനാടിന്റെ ഉൾപ്രദേശങ്ങളിലേക്ക് കടന്നു ചെന്ന് ക്രിസ്തുമതം പ്രചരിപ്പിച്ചതായി ചരിത്ര രേഖകൾ സാക്ഷിക്കുന്നു. കൊടുങ്ങല്ലൂർ (മുസിരീസ്), കൊല്ലം (കല്യാൺ) ചായൽ (നിലയ്ക്കൽ), നിരണം കോക്കമംഗലം, പറവൂർ, പാലയൂർ (ചാവക്കാട്) എന്നീ കേരളത്തിന്റെ കടലോര പ്രദേശങ്ങളിലായി ഏഴു പള്ളികളും തിരുവിതാം കോട്ടേ അരപ്പള്ളിയും ഇദ്ദേഹത്തിന്റെ കാലത്തുണ്ടായതാണ്. (തിരുവിതാം കോട്ടേ അരപ്പള്ളി ഇദ്ദേഹത്തിന്റെ സ്വന്തം കൈപ്പണിയിൽ നിർമ്മിച്ചതാണെന്നും പറയപ്പെടുന്നു).

അതിപുരാതനമായ ഈ ദേവാലയത്തിന്റെ പൂമുഖം മതമൈത്രിയുടെ പ്രതീകമായി പ്രകാശിക്കത്തക്കവിധം ചമയ്ക്കപ്പെട്ടിട്ടുള്ളതു കൊണ്ട് വർഗ്ഗവർണ്ണ ഭേദമെന്യേ നാനാജാതി മതസ്ഥരും ഇവിടെ വന്ന് നേർച്ച കാഴ്ചകളർപ്പിച്ച് അനുഗ്രഹം പ്രാപിച്ചു വരുന്നു. ❖

*For Favours Received*




Mathew
Chengaroor



Miama Punnan
Pallathusseril

# തെറ്റായ വ്യാഖ്യാനം

ഡോ. സന്തോഷ് കോശി, ന്യൂയോർക്ക്

“മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും ആരും യഹോവയെ സ്തുതിക്കുന്നില്ല” സങ്കീ. 115:17

ഒരു വാക്യം വ്യാഖ്യാനിക്കുമ്പോൾ, ആ വാക്യത്തിന്റെ അർത്ഥം മനസിലാക്കണമെങ്കിൽ ആ വാക്യം ഉൾകൊള്ളുന്ന അദ്ധ്യായം മുഴുവനും പഠിക്കണം. ബൈബിളിൽ ഉള്ള ഒരു പുസ്തകമോ, ലേഖനമോ, അദ്ധ്യായമോ, വാക്യമോ, വചനമോ ഒന്നും തന്നെ അർത്ഥമില്ലാതെയോ, നേരം പോക്കിനോ, ഒരു യോജിപ്പില്ലാതെയോ ഒന്നും എഴുതിയിട്ടുള്ളതല്ല. എല്ലാ എഴുത്തുകാരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് എഴുതിയുള്ളതാണ്. സങ്കീർത്തനം 115:17 ലേക്ക് വരുന്നതിനു മുമ്പ് 115–ാം സങ്കീർത്തനം മുഴുവനും ഒന്ന് പഠിക്കണം, ഈ അദ്ധ്യായം വായിക്കുമ്പോൾ പ്രസ്തുത 17–ാം വാക്യം 18–ാം വാക്യം ആയിട്ടോ, 16–ാം വാക്യം ആയിട്ടോ അല്ലെങ്കിൽ ആ അദ്ധ്യായം ആയിട്ടോ നേരിട്ട് ബന്ധമില്ല എന്ന് ഒറ്റ വായനയിൽ തോന്നും. എങ്കിലും ഈ 17–ാം വാക്യത്തിന്റെ വ്യാഖ്യാനത്തിനായി ഇവിടെ നമുക്ക് 115–ാം അദ്ധ്യായം നമുക്ക് (18 വാക്യങ്ങൾ) ഏഴായി വിഭജിച്ചെഴുതാം.

1. ഒന്നാം വാക്യം – ദൈവനാമത്തിനു മഹത്വം ചൊല്ലുന്നു.

2. രണ്ടാം വാക്യം – ജാതികൾ അവരുടെ ദേവനെ അന്വേഷിക്കുന്നു.

3. മൂന്നാം വാക്യം – നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ട് എന്ന് പറയുന്നു

4. നാല് മുതൽ എട്ട് വരെ ഉള്ള വാക്യങ്ങൾ – ജാതികളുടെ വിഗ്രഹത്തെ കുറിച്ച് വിവരിക്കുന്നു.

5. ഒൻപത് മുതൽ പതിനാറ് വരെ ഉള്ള വാക്യങ്ങൾ – യഹോവയിൽ ആശ്രയിക്കുന്നതിന് യിസ്രായേൽ ഗൃഹത്തേയും, അഹരോൻ ഗൃഹത്തേയും, യഹോവ ഭക്തന്മാരേയും ആഹ്വാനം ചെയ്യുന്നു, യഹോവയുടെ അനുഗ്രഹത്തെ പറ്റിയും പറയുന്നു.

6. പതിനേഴാം വാക്യം–നാല് മുതൽ എട്ട് വാക്യങ്ങളിൽ വിവരിക്കുന്ന വിഗ്രഹ ആരാധനക്കാരുടെ അവസ്ഥയെ കാണിക്കുന്നു.

7. – പതിനെട്ടാം വാക്യം – ഒൻപത് മുതൽ പതിനാറ് വരെ ഉള്ള വാക്യങ്ങളിൽ യഹോവയിൽ ആശ്രയിക്കുന്നവരുടെ അവസ്ഥയെ കാണിക്കുന്നു.

അതായത് ഒന്ന് മുതൽ ഏഴ് വരെ വിഭജിച്ചത് ഇങ്ങനെ വായിക്കാം. യഹോവയിൽ ആശ്രയിക്കുന്നവരുടെ വിവരണം:– ഒന്നിന്റെ തുടർച്ച മൂന്നിലും, മൂന്നിന്റെ തുടർച്ച അഞ്ചിലും, അഞ്ചിന്റെ തുടർച്ച ഏഴിലും ആണ് സങ്കീർത്തനക്കാരൻ പാടിയിട്ടുള്ളത്. ഇതുപോലെ വിഗ്രഹ ആരാധകരുടെ അവസ്ഥാ വിവരണം:– രണ്ടിൽ തുടങ്ങി നാലിലും, നാലിന്റെ തുടർച്ചയായി ആറിലും ആണ് സങ്കീർത്തനക്കാരൻ പാടിയത്.

17–ാം വാക്യം ഇങ്ങനെ വ്യാഖ്യാനിക്കാം:– മരിച്ചവരും (അവയെ ഉണ്ടാക്കുന്നവർ അവയെപ്പോലെ ആകുന്നു; മരിച്ച അവസ്ഥ) –8–ാം വാക്യം) മൗനതയിൽ (തൊണ്ട കൊണ്ടു സംസാരിക്കുന്നതുമില്ല–7–ാം വാക്യം) ഇറങ്ങിയവർ (അവയിൽ ആശ്രയിക്കുന്ന ഏവനും– 8–ാം വാക്യം)



ആരും (....ഏവനും – 8–ാം വാക്യം). യഹോവയെ (നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ട് – 3–ാം വാക്യം) സ്തുതിക്കുന്നില്ല (അവയ്ക്കു വായു ണ്ടെങ്കിലും സംസാരിക്കുന്നില്ല – 5–ാം വാക്യം).

17–ാം വാക്യത്തിലെ "മരിച്ചവർ" എന്ന് സങ്കീർത്തനക്കാരൻ എഴുതി യത് ആത്മാവിന്റെ മരണം ആണ്. വിഗ്രഹ ആരാധകർക്ക് ഇവിടെ ആത്മാവിന്റെ മരണം സംഭവിക്കുന്നു എന്നാണ് ഇവിടെ 115–ാം സങ്കീർത്ത നത്തിൽ സങ്കീർത്തനക്കാരൻ എഴുതി യിരിക്കുന്നത്. അല്ലാതെ വിശ്വാസിക ളുടെ ശാരീരക മരണത്തെ അല്ല കാണിക്കുന്നത്. ഇനിയെങ്കിലും ദയവു ചെയ്ത് നവീകരണക്കാരുടെ ഇത്തരം തോന്നിയതു പോലെയുള്ള വാക്യ വ്യാഖ്യാനത്തെയും ബൈബിൾ പഠിക്കാതെ ബൈബി ളിന്റെ സത്യത്തെ ചോദ്യം ചെയ്യുന്നതുമായ പ്രവണതയേയും നമ്മൾ ശക്തമായി എതിർക്കണം.

എന്നാൽ മരിച്ചവർ മൗനതയിൽ അല്ല എന്ന് ബൈബിളിന്റെ പല ഭാഗത്ത് തെളിവുകൾ ഉണ്ട്. വി. മത്തായി 17:1–5, വി. ലൂക്കോസ് 16:19–31, വി. ലൂക്കോസ് 9:29–31, 2 കൊരിന്ത്യർ 5:9 എന്നിവ ഏതാനും ചില ഉദാഹരണങ്ങൾ മാത്രം.

ഈ നവീകരണ പ്രസ്ഥാനങ്ങ ളുടെ കടന്നു കയറ്റം മൂലം ഇന്ന് ധാരാളം വിശ്വാസികൾ ഇക്കൂട്ടരിൽ ആകൃഷ്ടരായി തെറ്റായ ബൈബിൾ വ്യാഖ്യാനങ്ങൾ വിശ്വസിച്ച് ഇവരുടെ പക്ഷം ചേരുന്നു സഭയിൽ വർഷ ങ്ങൾ ആയി നിലനിൽക്കുന്ന വഴക്കു കളും വ്യവഹാരങ്ങളും ഈ കൂട്ടർ മുതലെ എടുക്കുന്നുമുണ്ട്. സഭാ നേതൃത്വം ഈ കാര്യങ്ങൾ വളരെ ഗൗരവത്തോട് കൂടി കാണേണ്ടിയതാ ണ്. നവീകരണക്കാർ, ഇവരോട് ചേരു ന്നവരെ എല്ലാ അർത്ഥത്തിലും, മാന സികമായും, സാമ്പത്തികമായും, സാമൂഹ്യമായും സഹായിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ സഭയും സഭാ നേതൃത്വവും മറന്നു പോയതും ഇതുതന്നെ ആണ്. ഒരു പക്ഷേ കേസും കോടതിയും ഒഴി ഞ്ഞിട്ട് വേണ്ടേ സമയം കണ്ടെത്താൻ. കേസ് നടത്തുക മാത്രമാണ് സഭ യുടെ ദൗത്യമെന്ന് തോന്നിപോകുന്നു. കേസും കോടതിയും എല്ലാം ജയിച്ച് വരുമ്പോൾ വേദിയിൽ ഇരിക്കാൻ മാത്രമേ ആളു കാണൂ. പന്തലിൽ ഇരി ക്കാൻ ആരും കണ്ടെന്ന് വരില്ല. സഭക്ക് ഉള്ളിൽ തന്നെ പല അഭിപ്രായ വ്യത്യാസങ്ങൾ ഉയരുന്ന സ്ഥിതിക്ക് സഭാ നേതൃത്വം കാര്യങ്ങൾ പുനർചിന്തിക്കുന്നത് നല്ലതാണ്. അല്ല ങ്കിൽ 2 രാജാക്കന്മാർ 2:19–ൽ എഴു തിയതുപോലെ "അനന്തരം ആ പട്ട ണക്കാർ എലീശയോടു: ഈ പട്ടണ ത്തിന്റെ ഇരിപ്പു മനോഹരമായതെന്നു യജമാനനൻ കാണുവല്ലോ,എന്നാൽ വെള്ളം ചീത്തയും ദേശം ഗർഭനാശ കവും ആകുന്നു എന്നു പറഞ്ഞു." ഇങ്ങനെ ഒരു അവസ്ഥ സഭയ്ക്ക് ഉണ്ടാകരുത്. ❖


# ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

***സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626, ഫോൺ: 0479 – 312266, 312465***

***ഗിവ്സൈറ്റ് പ്രോജക്ട്***

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് ആരം ഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'–ൽ 1000/– (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കു ലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹി ക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

**നേത്രചികിത്സാക്യാമ്പ്:** ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ച കളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പ ര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊ ടുക്കുന്നതാണ്.

***ഗിവ് ലൈഫ് പ്രോജക്ട്:***

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാ കേന്ദ്രംകൂടി ഉണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗ മാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തിക മായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാ കാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയ്ക്കും മറ്റുമായിഏക ദേശം 2500/– രൂപ ചിലവുവരും. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ–മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

**M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626**




## കൂനൻകുരിശ് സത്യം

ഇക്കഴിഞ്ഞ മെയ് 18–ന് കൈരളി ചാനലിൽ കവി ശ്രീ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഒരു പ്രസംഗം സന്ദർഭവശാൽ കണ്ടു. "കൂനൻ കുരിശു സത്യത്തിൽ കയറിൽ പിടിച്ച് സത്യം ചെയ്തത് ലത്തീൻ കത്തോലിക്കരാണ്."

അറിയാൻ വയ്യാത്ത വിഷയത്തെപ്പറ്റി വായ് തുറന്ന് മാലോകരെ അറിയിക്കണമോ? ഒരു കവി എന്ന നിലയിൽ ഞങ്ങൾ സ്നേഹപൂർവ്വം ആദരിക്കുന്ന ഒരു വ്യക്തിയാണ് താങ്കൾ. ഇതിലിത്ര വിവാദമെന്തെന്ന് ചോദിക്കരുത്. തദ്ദേശ സംസ്ക്കാരത്തിനു വേണ്ടി ജീവൻ നല്കാൻ വെമ്പിയ നസ്രാണി സമൂഹത്തിന്റെ ഒരു പ്രഖ്യാപനമായിരുന്നു കൂനൻ കുരിശു സത്യം. ഭാരതസഭ ഇന്നും അഭിമുഖീകരിക്കുന്ന ദുസ്ഥിതി ഇതാണ് പാശ്ചാത്യ മേല്ക്കോയ്മ. ഭാരതത്തിന്റെ തദ്ദേശ ക്രൈസ്തവരെ കവി അവഗണിക്കുന്നു.

**– ജിനു പോൾ, ബാംഗ്ലൂർ**

❖

## 'നമ്മുടെ' മനോഭാവം

വൃദ്ധരോടും, രോഗികളോടും ഉള്ള 'നമ്മുടെ' നിലപാടിനെപ്പറ്റി ഒരു സംഭവം പറയാം. സ്ഥലം– 'നമ്മുടെ' മെഡിക്കൽ കോളേജ്.

ഈ ഹോസ്പിറ്റലിൽ ഇടതു വശം തളർന്ന ഒരു 72 കഴിഞ്ഞ വൃദ്ധൻ (തലേദിവസം ഹാർട്ട് പെയിൻ ഉണ്ടായി. അഡ്മിറ്റ് ചെയ്തിരുന്ന വാർഡിൽ നിന്നും വളരെ ബദ്ധപ്പെട്ട് ക്ഷീണിതനായി. പെസഹാ ശുശ്രൂഷയിൽ സംബന്ധിക്കാനായി എത്തുന്നു. വി. കുർബാന കഴിഞ്ഞ് കുമ്പസാരിച്ചവർക്ക് മാത്രം നല്കിയ (?) കുർബാന ഏകദേശം 500 പേർ കൈക്കൊണ്ടു. നില്ക്കാൻ ശേഷിയില്ലാത്ത വൃദ്ധൻ ഏറ്റവും ഒടുവിൽ വടിയും കുത്തി ബ. അച്ചനോടു കുമ്പസാരിച്ചതല്ലാ എന്ന് പറഞ്ഞു. ഹൂസോയോ സ്വീകരിച്ച് പെസഹാ കുർബ്ബാന അനുഭവിക്കാം എന്ന ഉദ്ദേശത്തിലാണ് ഈ വൃദ്ധൻ അച്ചനെ അഭിമുഖീകരിച്ചത്. എന്നാൽ അച്ചൻ "സാധ്യമല്ലാ" എന്നു പറഞ്ഞ് തിരിഞ്ഞു നടന്നു കാപ്പാ ഊരിയിട്ട്–തിരുമേനിക്കു കുർബാന കൊടുപ്പാൻ ശുശ്രൂഷകരടക്കം പുറപ്പെട്ടു. രോഗിയായ സാധാരണക്കാരനായ വൃദ്ധനും– തിരുമേനിയും കർത്താവിന്റെ പെസഹായുടെ പങ്കിന് തുല്യ അർഹരാണ്. രോഗിയേയും വൃദ്ധരേയും ഈ കാര്യത്തിൽ തിരസ്ക്കരിക്കുന്നത് ന്യായീകരിക്കാൻ സാധിക്കുമോ. കർത്താവ് രോഗികളേയും വൃദ്ധരേയും സ്നേഹിച്ചെങ്കിൽ ഇന്ന് ഈ സഭയിൽ അതില്ല.

ഞാൻ മലങ്കര അസോസിയേഷൻ മെമ്പറും ഡൽഹി ഭദ്രാസന മെമ്പറും പള്ളിയുടെ സെക്രട്ടറിയും, ട്രസ്റ്റിയും ആയി അനേക വർഷം ഇരുന്ന ആളാണ്. ഇന്ന് വൃദ്ധനും, രോഗി യുമായി തിരസ്ക്കാര മനോഭാവം കണ്ടറിയേണ്ടിയും വന്നു.

**– റ്റി. ജി. ഉണ്ണൂണ്ണി, രാജസ്ഥാൻ**

❖

## കോടതിവിധികൾക്കു കാലഹരണദോഷമോ?

മെയ് ലക്കം മലങ്കരസഭാ മാസികയിൽ വായനക്കാരുടെ കത്തുകൾ വിഭാഗത്തിൽ "സുപ്രീംകോടതി വിധി നടപ്പാക്കൽ" എന്ന ഹെഡ്ഡിംഗിൽ ശ്രീ. പി. കെ. കൊച്ചുകുട്ടി, പുലിയൂരിന്റേതായി വന്ന കത്തിൽ പറയുന്ന കാര്യങ്ങൾ നിയമപരമായി യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. ഒരു കോടതി വിധിയുണ്ടായാൽ നിശ്ചിത കാലാവധിക്കു മുമ്പ് അപ്പീൽ നൽകാത്ത പക്ഷം കീഴ്കോടതിവിധി നിലനിർക്കും. കോടതി വിധി നടപ്പിലാക്കാൻ 12 വർഷത്തെ സമയ പരിധിയൊന്നുമില്ല. സാമ്പത്തികമായ കാര്യങ്ങൾക്കു മാത്രം (കോടതിച്ചെലവ് ഈടാക്കുന്നത് തുടങ്ങിയവ) 12 വർഷത്തെ കാലാവധിയുണ്ടെന്ന് സമ്മതിക്കാം. ഒരു കോടതിവിധിയും 12 വർഷത്തിനുള്ളിൽ നടപ്പാക്കിയില്ലെങ്കിൽ കാലാഹരണദോഷം നിമിത്തം വിധി പ്രാബല്യമില്ലാതായി തീരുന്നില്ല. കോടതി വിധികൾക്ക് 12 വർഷത്തെ മാത്രമേ പ്രാബല്യം ഉള്ളുവെങ്കിൽ രാജ്യത്തെ ജനങ്ങൾ വിഷമത്തിലായേനേ. അത് മാത്രമല്ല കോടതികൾക്ക് തീരുമാനമെടുത്ത കാര്യങ്ങൾ വീണ്ടും വീണ്ടും കേൾക്കേണ്ടതായും വരും. കോടതികളിൽ കേസ്സിന്റെ എണ്ണം ക്രമാതീതമായി വർദ്ധിക്കും. തർക്കപ്രശ്നത്തിലെ വാദികളും, പ്രതികളും കോടതികളിൽ ആയുഷ്ക്കാലം മുഴുവൻ കഴിച്ചു കൂട്ടേണ്ടതായും വരും.

**വി. പി. ജോർജ്, വാഴപ്പള്ളിൽ, നോർത്ത് പറവൂർ.**

❖

## പെൻഷനപേക്ഷ

മലങ്കര ഓർത്തഡോക്സ് സഭയുടെ ഓരോ ഭദ്രാസനത്തിലും വ്യത്യസ്ഥ സാഹചര്യങ്ങളിൽ സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന അച്ചന്മാരെ കാണുവാൻ കഴിയും. അവർ പെൻഷൻ ആകുമ്പോൾ 2000 രൂപ അനുവദിക്കും.

ഓരോ ഭദ്രാസനത്തിലും രണ്ടോ, മൂന്നോ പേർ മാത്രമായിരിക്കും ഇങ്ങനെയുള്ളവരായിട്ട് കാണുക. ഇങ്ങനെയുള്ള അച്ചന്മാർക്കു കുറഞ്ഞത് 4000 രൂപ എങ്കിലും പെൻഷനായി അനുവദിക്കേണ്ടതാണ്.

സാമ്പത്തികമായി വളരെ ഉയർന്ന നിലയിൽ ജീവിക്കുന്ന അച്ചന്മാരുണ്ട് അവർക്ക് സഭയുടെ പെൻഷനായ 2000 കൊടുത്തില്ലെങ്കിലും അതൊരു പാപമല്ല. മെഡിക്കൽ ആവശ്യത്തിനു ഒരു പ്രത്യേക അലവൻസും കൂടി ക്രമീകരിക്കേണ്ടതാണ്. സഭാ പ്രവർത്തകർ കഷ്ടപ്പെടുന്നത് സഭയ്ക്കു ഭൂഷണമല്ല.

**വർഗീസ്, കിഴക്കേമുറി**

❖

# IN THE SUPREME COURT OF INDIA
# CIVIL APPELLATE JURISDICTION

## CIVIL APPEAL NOS. 5460-5466 OF 2004

MORAN M. BASELIOS MARTHOMA MATHEWS II & ORS..................APPELLANT(S)

VERSUS

STATE OF KERALA AND ORS. ........................RESPONDENT(S)

## JUDGMENT

### S.B. Sinha J.

Dispute between the parties centres round the management of a large number of Churches known as "Syrian Churches". The present controversy arises in regard to the interpretation of a decision of this court in Most. Rev. P.M.A. Metropolitan & Ors. vs Moran Mar Marthoma & Ors. (AIR 1995 SC 2001). A writ petition was filed by the appellants herein before the Kerala High Court, praying inter alia, for the following reliefs:

"a. In the above facts and circumstances of the case this Hon'ble Court may kindly be pleased to issue a write of mandamus or any other appropriate writ order or directions commanding respondents 1 to 4 and their subordinates to give effective and adequate police protection to the First Petitioner to exercise his rights duties and privileges as The Catholicos cum Malankara Metropolitan of the Malankara Church with respect to the Parishes mentioned in Exhibit P4 and Institutions of the Malankara Church without any threat or obstruction from Respondents 5 to 13 or their agents or servants in any manner.

b. To issue a writ of mandamus or any other appropriate writ order or directions commanding respondents 1 to 4 to give effective and adequate police protection to Petitioners to exercise their rights, duties and privileges as Metropolitans of the Malankara Orthodox Syrian Church under the First Petitioner without any threat or obstruction from the Respondents 5 to 13 or their agents or servants in any manner.

c. To issue a writ of mandamus or any other appropriate writ order or directions commanding respondents 1 to 4 to give effective and adequate police protection to other Bishops similarly placed as well as to the faithful members of the Malankara Church for the purpose of participating in the conduct of religious services in the said Parish Churches of the Malankara Church by petitioners without any threat or obstruction from Respondents 5 - 13 or their agents or servants in any manner.

d. Issue a writ of mandamus or any other appropriate writ order or direction commanding respondents 1 to 4 to take steps to see that respondents 5 to 13 do not enter into any of the churches of the Malankara Orthodox Syrian Church mentioned in Exhibit P4 and Institutions of the Malankara Church in any capacity either as Catholicose, Bishop, Priest or in any other manner.

e. Issue appropriate directions to Respondents 1 to 4 to restrain respondents 5 to 13 from in any way obstructing the petitioners from exercising the powers in accordance with the provisions of 1934 Constitution of the Malankara Church with respect to the Parish Churches of the Malankara Church mentioned in Exhibit P4 and Institutions of the Church.

f. Direct respondents 5 to 13 to pay the cost of this petition to the petitioners.

One of the contentions which has been raised before the High Court was the maintainability of the writ petition on the premise that it could not have gone into the disputed questions of fact and particularly, the application of the said judgment in relation to Parish Churches. Appellants, however, raised a contention that the writ petition was maintainable as the State and its officers having regard to the provisions contained in Article 144 of the constitution of India are duty bound to give effect to the decision of this Court.

The High Court in view of the rival contention of the parties formulated two questions for its consideration:

"I. Are the contesting respondents bound by the judgment of their lordships of the Supreme Court in Most Rev. P.M.A Metropolitan v. Moran Mar Marthoma (AIR 1995 SC 2001)?

2. Is a case for the issue of a writ of mandamus as prayed for by the petitioner made out?

Upon noticing the contentions raised on behalf of the parties, including the one that the appellants herein had raised claims over the properties of the aforesaid churches; in relation whereto there exists serious dispute and about 200 civil suits are pending in different courts in the State of Kerala.

The High Court, however, went into the merit of the matter and opined that so far as the rights of Parish Churches are concerned, there was no declaration as against them, having not been impleaded in the proceedings before the Supreme Court. Having opined so, the High Court held:

i. The rights of the Parish Churches were not determined by the Supreme Court in the 1995 decision. Thus, it cannot be said that the contesting respondents have no right to manage their properties or that the 1st petitioner has any right over the Churches which were not parties in the case;

ii. All the churches listed in Exh. P-4 having not been impleaded as parties, no order affecting the rights of those who are not before the court can be passed;

iii. The churches had the right to form a separate association. They were also entitled to leave the Malankara Association under Arts. 19, 25 and 26. It has not been shown that they had acted illegally in doing so;

iv. Police help cannot be ordered for the mere asking. It involves expense for the state. It is not a substitute for proceedings before an appropriate authority or court. It can be normally granted only when there is clear evidence of an existing danger to person or property. In matters involving religious institutions, it would be normally inappropriate to order the grant of police protection unless a clear case for allowing the entry of the police is made out;

v. Keeping in view the peculiar facts and circumstances as noticed above, no ground for the issue of a writ of mandamus as prayed for by the petitioners is made out.

Before we embark upon the rival contentions raised by the leaned counsel appearing on behalf of the parties before us, we may notice that appellant no. 1 is said to have resigned from the post of Catholicos of the Malankara Metropolitan in 2005. He died on 26.01.2006. An application for substitution has been filed by his successor who is Chief Catholicos and Malankara Metropolitan, which has been marked as I.A No. 16 of2006. The said substitution application is being opposed by the respondents herein contending that the question in regard to the validity or otherwise of the election of the Catholicos is pending consideration in a suit. Having regard to the fact that there exists dispute as to whether the applicant herein is a validity elected person for holding the aforementioned post, and furthermore, in view of the fact that, in his absence, whether we can proceed with the appeals, we do not intend to pass any order in the substitution application.

The short question, which arises for consideration, in our opinion, is as to whether in a situation of this nature, the High Court should have gone into the rival contentions of the parties. Our answer is 'No'. There cannot be any doubt whatsoever that prayer for issuance of a writ of mandamus may be granted against the State Commanding it to perform its legal duties when it fails and/or neglects to do so. It is, however, another thing that while considering only that aspect of the matter, the court in the garb of rendering a decision on that limited aspect would go into the disputed question of title and / or interpretation of a judgment of this Court wherefor other remedies are not only available but, as noticed hereinbefore, in fact, more than 200 suits, touching one aspect of the matter or the other, are pending in different Civil Courts.

A distinction, in our opinion, must be borne in mind in regard to the exercise of jurisdiction under Article 226 of the Constitution of India in relation to the matters providing for public law remedy vis-à-vis private law remedy. The High Court while exercising its jurisdiction under Article 226 of the Constitution, no doubt, exercises a plenary power but then certain limitations in regard thereto are well accepted. Ordinarily, a writ of or in the nature of mandamus would be issued against a 'State' within the meaning of Article 12 of the Constitution of India or the public authorities discharging public functions or a public utility concern or where the functions of the respondents are referable to a statuete, which a fortiorari would mean that save and except for good reasons court would not entertain a matter involving private law remedy.

The question as regards grant of a relief for providing police protection in a somewhat similar case, came up for consideration before this court in P.R Murlidharan & Ors. Vs. Swami Dharamananda Theertha Padar & Ors., (2006 (4) SCC 501) wherein one of us was a party. It was held therein:

> "Furthermore, the jurisdiction of the civil court is wide and plenary. In a case or this nature, a writ proceeding cannot be a substitute for a civil suit."

Balasubramanyan, j., in his concurring opinion observed:

"A writ petition under the guise of seeking a writ of mandamus directing the police authorities to

# മജീഷ്യൻ

# സാമ്രാജ്

അവതരിപ്പിക്കുന്ന

# അറേബ്യൻ ഇല്ല്യൂഷൻ

## ഉത്തരേന്ത്യയിലേക്ക്

**2007 ഒക്ടോബർ നവംബർ മാസങ്ങളിൽ കർണ്ണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, ഹരിയാന, പഞ്ചാബ്, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്കുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.**




**അവതരിപ്പിക്കുന്ന ഇനങ്ങളിൽ ചിലത്:**

- ഇറാഖി പ്രസിഡന്റ് സദ്ദാംഹുസൈൻ കഴുകുമരത്തിൽ നിന്നും രക്ഷപെടുന്ന അത്ഭുത വിദ്യ.
- ടൈറ്റാനിക് എന്ന ആഡംബര കപ്പലിന്റെ ദാരുണമായ അന്ത്യം.
- മൂന്നായി മുറിക്കപ്പെട്ട സുന്ദരി ഒന്നിച്ചു ചേരുന്നു.
- വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട അഗതികളുടെ അമ്മ മദർതെരേസ കല്ലറയിൽ നിന്നും ഉയർത്തെഴുന്നേൽക്കുന്നു.
- കടമറ്റത്ത് കത്തനാരുടെ അത്ഭുത വിദ്യകൾ.
- സ്ക്രീനിൽ നിന്നും പ്രത്യക്ഷപ്പെടുന്ന സിനിമാതാരങ്ങൾ.
- വേൾഡ് ട്രേഡ് സെന്ററിന്റെ ദുരന്തം.

തുടങ്ങി നൂറോളം ഇനങ്ങൾ...




ക്രൈസ്തവ ദേവാലയ അങ്കണത്തിൽ അവതരിപ്പിക്കുവാൻ പറ്റിയ രീതിയിൽ ഈ പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നു.

## SAMRAJ WORLD OF MAGIC

Mavelikara, Alappuzha Dist., Kerala State, India. Pin-690 110
Tel: 0479 2302231, 2308555, Fax: 0479 2308555
E-mail: magiciansamraj@rediffmail.com
magic@magiciansamraj.com
website: www.magiciansamraj.com

give protection to a writ petitioner, cannot be made a forum for adjudicating on civil rights. It is one thing to approach the High Court, for issuance of such a writ on a plea that a particular party has not obeyed a decree or an order of injunction passed in favour of the writ petitioner, was deliberately flouting that decree or order and in spect of the petitioner applying for it, or that the police authorities are not giving him the needed protection in terms of the decree or order passed by a court with jurisdiction. But, it is quite another thing to seek a writ of mandamus directing protection in respect of property, status or right which remains to be adjudicated upon and when such an adjunction can only be got done in a properly instituted civil suit. It would be an abuse of process for a writ petitioner to approach the High Court under Article 226 of the Constitution seeking a writ of mandamus directing the police authorities to protect his claimed possession of a property without first establishing his possession in an appropriate civil court. The temptation to grant relief in cases of this nature should be resisted by the High Court. The wide jurisdiction under Article 226 of the constitution would remain effective and meaningful only when it is exercised prudently and in appropriate situations."

Learned senior counsel appearing on behalf of the respondents herein contend that the appellants before us cannot be permitted to take a different stand now, nor can they be allowed to play fast and loose. The High Court had arrived at its opinion only at their behest. Our attention in this behalf has also been drawn even to the grounds taken by the appellants before us to contend that a writ of or in the nature of mandamus was sought for for enforcing the purported legal right of the appellant vis-a-vis the State and its officers and not as against the private persons.

Such right have been the contentions of the appellants before the High Court or before us in the special leave petitions, but we have no doubt in our mind that such disputed questions in regard to title of the properties or the right of one group against the other in respect of the management of such a large number of churches could not have been the subject matter for determination by a Writ Court under Article 226 of the Constitution of India in the garb of grant of police protection to one or the other appellants.

We, therefore are of the opinion that despite the fact that the appellants had insisted upon before the High Court for issuance of a writ or in the nature of mandamus upon the State or its officers for the purpose of grant of police protection as this court has exercised its appellate jurisdiction under article 136 of the constitution of India, it can and should go into that question as well, viz. as to whether the writ petitioner itself could have been entertained or not, particularly, when the appeal is a continuation of the original proceedings.

Learned senior counsel appearing on behalf of the respondents would moreover submit that different Benches of the High Court may take different views in regard to the interpretation of the judgments of this court in Most. Rev. P M A Metropolitan (Supra), and in support thereof has placed before us a judgment of the learned Single Judge of the said Court in St. George Jacobite Syrian Christian Church & Ors Vs. State of Kerala & Ors. passed in Writ Petition (C) No. 32114/2006, wherein a view different from the one taken by the Division Bench of the High Court of Kerala in the impugned judgment, has been taken. We, however, having regard to the opinion expressed hereinbefore and furthermore in view of the fact that, admittedly, a Letters Patent Appeal thereagainst has been filed by the aggrieved parties before the Division Bench of the Kerala High Court, do not intend to go into the said contention.

For the reasons stated hereinbefore, we are of the opinion that the High Court committed a manifest error in going into the disputed questions of title as also the disputed questions in regard to the rights of a particular group to manage the Churches, in exercise of its writ jurisdiction, particularly, when such questions are pending consideration before competent Civil Courts. We, therefore, are of the opinion that any observation made by the High Court should not influence the Courts concerned in arriving at their independent decisions and in respect thereof, all contentions of the parties shall remain open.

We are making these observations, particularly in view of the fact that even a large number of persons who have filed different suits in different Courts of law were not parties before the High Court in the writ petition and thus any observation and findings of the High Court would otherwise also not be binding on them.

It must be clarified that we have expressed no opinion on the merits of the issue pending before the Civil Courts.

The appeals are disposed of accordingly.

Application for impleadment is dismissed.

Sd/-
(S, B SINHA)

NEW DELHI
APRIL 4, 2007

Sd/-
(MARKANDEY kATJU)

(True Copy)

Published by Dr. George Joseph, Association Secretary, Catholicate Office, Devalokam, Kottayam - 38.

# WANTED

Wanted B.T. Teacher for immediate appointment to handle both English and malayalam Medium classes in high school section in the permanent post on Tamilnadu Government scale of pay in an aided higher Secondary School in Coimbatore.

Qualification: B. Sc. (Maths) B.Ed with Malayalam second language

Apply immediately with bio-data, photograph and copies of certificates to

**The correspondent, St. Thomas Hr. Sec. School, K.K. Pudur, Coimbatore-641 038, Ph: 0422 - 2442543**

within seven days.

## MATRIMONIAL

Orthodox Christian parents invite proposals for their only daughter, 23yrs/160 cm,fair,God fearing,B.Tech, (computer science) working as a software Engineer, MNC Bangalore, from orthodox parents of god fearing boys working in same field having clean habits, 28 yrs or below.

Contact:
**Ph: 0471-2733113 (TVM.)**
**Or. P.O.Box No. 733**
**Malankara Sabha**
**Devalokam P.O. Kottayam**

*For Favours Received*



Helen, Alby, Andrew



ഒരു വിശ്വാസി



ഒരു വിശ്വാസി

കവിത

# പിറവിക്കുരുടൻ

**എം. സി. വർഗീസ്, ആലുവ**



പിറവിയതു മുതൽക്കേ, ദീനനാംപുരുഷൻ താൻ
പെരിയൊരു കുറവുണ്ടാം; അന്ധനാണിന്നയോളം;
ഒരുവനും അവനില്ലാ, മിത്രവും ബന്ധുവായും,
കരതല, മതുകൊൾവാൻ; പാത കാട്ടീടുവാനും

നയനമവകൾ രണ്ടും, വേണ്ടപോലില്ല; കണ്ടാൽ
നിയതിയതു മറന്നോ, എന്നു തോന്നും നമുക്ക്!
വയസവനറിയില്ല; വന്നു പോവുന്നു; വർഷം
വയറതു വലയുമ്പോൾ; ഭിക്ഷയാചിച്ചു തിന്നും!

“ഇവനിതു ഗതിയാവാൻ; എന്തിവൻ ചെയ്തു പാപം?
ഇവനുടെ ജനകർ താൻ ചെയ്തതോ കുറ്റമേതും?
അവശതയതുകാട്ടി; ഓതി; സന്ദേഹമായി;
സവിനയം; അരുളി ചെയ്തുത്തരം; കർത്തനപ്പോൾ!

“അല്ലവരും ഇവനുമേതും ചെയ്കയാൽ സംഭവിച്ചി–
ല്ലിവനുടെ നയനാന്ധ്യം; സൃഷ്ടി വൈചിത്ര്യമത്രേ!
അവനിയിവനാലെൻ നാമവും, നീതിയും, ക–
ണ്ടറിവതിനിടയാവാൻ, മാത്രമാണീ ദുരന്തം!

ഇതി, പരനരുൾചെയ്തു; തുപ്പി, മണ്ണിൽ കുനിഞ്ഞൂ;
മൃദുവിലതു കുഴച്ചൂ; ചേറു നിർമ്മിച്ചു കർത്തൻ;
കുതുകമൊട്ടുപുരട്ടി രണ്ടു കൺകൾക്കുമേലും,
അതിലുമുപരി, പോയി, കഴുക ശീലോം കുളത്തിൽ!

കഴുകിയുടനെ പോയി; കൂട്ടരോടൊത്തു, പാവം
മിഴികളവ തുറന്നൂ; രണ്ടുമൊപ്പം തെളിഞ്ഞു;
അഴകൊടു സ്തുതിഗീതം പാടി; അൾത്താരമുന്നിൽ
തൊഴുതു കരമുയർത്തീ; വാർത്തു കണ്ണീർ കണങ്ങൾ

പുതുമയിതറിവാറായ്, കാട്ടുതീപോൽ പരന്നൂ
പതിതരവരനേകം; രോഗികൾ, ആർത്തരായോർ;
ഹൃദയ വ്യഥയകറ്റാൻ വന്നു കുമ്പിട്ടു, കാല്ക്കൽ
ചിതമൊടവരെയെല്ലാം; സൗഖ്യമാക്കിപിരിച്ചൂ!

# സൺഡേസ്ക്കൂൾ വാർത്തകൾ

**ഡയറക്ടർ ജനറൽ**

**1. ഭദ്രാസന സാരഥികൾ:** എല്ലാ ഭദ്രാസനങ്ങളിലും, ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ ഡയറക്ടർ, ഭദ്രാസന പ്രതിനിധി, ഇൻസ്പെക്ടറന്മാർ തുടങ്ങിയ പ്രവർത്തകരെ തെരഞ്ഞെടുത്തു. മുൻ പ്രവർത്തകർ പലരും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അത് അവരുടെ സേവനത്തിന്റെയും നേതൃത്വശൈലിയുടെയും അംഗീകാരമായി കരുതാം. ഈ പ്രവർത്തന വർഷം ഏതാണ്ടു പകുതി കഴിഞ്ഞു. സമയബന്ധിതമായി നമ്മുടെ എല്ലാ പരിപാടികളും നാം നടത്തുന്നു എന്ന് അഭിമാനപൂർവം അനുസ്മരിക്കാം. വ്യക്തിതല സാമർത്ഥ്യത്തെക്കാൾ കൂട്ടായ പ്രവർത്തനശൈലിയാണ് പ്രസ്ഥാനത്തെ വിജയിപ്പിക്കുന്നത്. എങ്കിലും ഒരു ചങ്ങലയുടെ ഒരു കണ്ണി ബലഹീനമായാൽ അത് മുഴുവൻ സംവിധാനത്തെയും അപചയത്തിലാക്കും. "എന്റെ കുഞ്ഞാടുകളെ മേയിക്കുക" എന്നുള്ള അരുമനാഥന്റെ ദൗത്യം തികഞ്ഞ അർപ്പണബോധത്തോടും ആത്മാർത്ഥതയോടും നിറവേറ്റേണ്ടതാണ്. ഇതൊരു ചെറിയ കാര്യമായിട്ടല്ല ഏറ്റവും മഹത്തായ ഒരു ഉത്തരവാദിത്വമായി കരുതി പ്രവർത്തിക്കണം.

**2. പരീക്ഷാ ബോർഡ്:** പുതിയ എക്സിക്യൂട്ടീവിൽ പരീക്ഷാ ബോർഡിലെ അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം അനുഭവത്തിന്റെ വെളിച്ചത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഭദ്രാസനത്തിന്റെ പ്രാതിനിധ്യം നിലനിറുത്തണമെന്ന ചിന്തയിൽ അകലെയുള്ള ഭദ്രാസനങ്ങളിൽ നിന്നും അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. പക്ഷേ, ഒരു ബോർഡു മീറ്റിംഗിൽ പോലും സംബന്ധിക്കാത്ത ചിലരെ ഓർത്തുപോകുന്നു. ഒരു ചെറിയ മീറ്റിങ്ങിനുവേണ്ടി ഇത്രയും ദൂരം യാത്ര ചെയ്ത് കോട്ടയത്ത് എത്തുന്ന അസൗകര്യം കൊണ്ടായിരിക്കാം പലരും സംബന്ധിക്കാത്തത്. ചിലർ വരാത്തകാര്യം വിളിച്ചറിയിക്കുകയെങ്കിലും ചെയ്യും. അതുകൊണ്ട് പരീക്ഷാബോർഡിലേക്കു തെരഞ്ഞെടുക്കുമ്പോൾ അതിൽ സംബന്ധിക്കാൻ സൗകര്യവും സന്മനസ്സുമുള്ളവരെ മാത്രമേ ആകാവൂ. പ്രാതിനിത്യത്തേക്കാൾ ഉപരി പങ്കാളിത്തവും സഹകരണവുമാണ് പ്രധാനമെന്നു ചൂണ്ടിക്കാണിക്കട്ടെ.

**3. പുതിയ എക്സിക്യൂട്ടീവ് കമ്മറ്റി:** പുതുതായി രൂപീകരിക്കപ്പെട്ടിരിക്കുന്ന എക്സിക്യൂട്ടീവ് കമ്മറ്റി ജൂൺ എട്ട്, ഒൻപതു തീയതികളിൽ ഞാലിയാകുഴിയിലുള്ള പി.എം.ജി. സെന്ററിൽ ചേരുന്നതാണ്. ആദ്യ ദിവസത്തെ സമ്മേളനത്തിൽ മുൻ കമ്മറ്റിയംഗങ്ങളും പങ്കെടുക്കും. വരവു ചെലവു കണക്കുകളും പ്രവർത്തന റിപ്പോർട്ടും,അവലോകനവും അവരാണല്ലോ നടത്തേണ്ടത്. രണ്ടാം ദിവസത്തെ സമ്മേളനത്തിൽ 2007–08–ലെ ബജറ്റ് അവതരിപ്പിക്കുന്നതിനു പുറമേ പുതിയ ട്രഷറാർ, ഒ.വി.ബി.എസ്. കമ്മറ്റി, പരീക്ഷാ ബോർഡ്, പി.എം.ജി. സെന്റർ ഉപദേശക സമിതി എന്നിവരെ തെരഞ്ഞെടുക്കുന്നതുമാണ്.

**4. സൺഡേസ്ക്കൂൾ ദിനാചരണം:** ഈ വർഷം മുതൽ സ്വർഗ്ഗാരോഹണപ്പെരുന്നാൾ കഴിഞ്ഞു വരുന്ന ഞായറാഴ്ച സൺഡേസ്ക്കൂൾ ദിനമായി ആചരിക്കുകയാണ്. അത് വളരെ അനുഗ്രഹകരമായ ഒരു മാറ്റമാണ്. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെ "കാത്തിരിപ്പിന്റെ" ദിവസങ്ങൾ ആയി സഭ ആചരിക്കുന്നു. ആ പശ്ചാത്തലത്തിൽ സൺഡേസ്ക്കൂൾ ദിനം ആചരിക്കുന്നത് ഉചിതമാണ്. കവർപ്പിരിവ് ഉത്സാഹപൂർവമായി നടത്തുവാൻ സഹായിക്കും. പിരിവ് യഥാസമയം പൂർത്തിയാക്കിയാൽ ആ തുക ഒട്ടും വൈകാതെ കേന്ദ്രത്തിൽ എത്തിക്കുന്നതിനു ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം. സൺഡേസ്ക്കൂൾ അസോസിയേഷൻ കേന്ദ്രത്തിൽ പണമില്ലാതെ ബുദ്ധമുട്ടുമ്പോൾ ഓരോ ഭദ്രാസനത്തിന്റെയും ചുമതലപ്പെട്ടവർ ലഭിച്ച തുക കയ്യിൽ വച്ചുകൊണ്ടിരിക്കുന്നത് കുറ്റകരമായ കൃത്യവിലോപമെന്നേ പറയാനാവൂ. ഏതാണ്ട് രണ്ടു പതിറ്റാണ്ടിലധികമായി കാതോലിക്കേറ്റ് ഓഫീസിൽ നിന്നും സൺഡേസ്ക്കൂൾ പ്രവർത്തനത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിന് ഒരു പൈസാ പോലും വർദ്ധനവുണ്ടായിട്ടില്ല. അതിനു പറയുന്ന ന്യായം, സൺഡേസ്ക്കൂൾ ദിനത്തിലെ കാണിക്കയും കവർപ്പിരിവുമുണ്ടല്ലോ എന്നാണ്. എന്നാൽ സൺഡേസ്ക്കൂളിന്റെ പ്രവർത്തനം എത്രമാത്രം വളർന്നുവെന്നോ, സാമ്പത്തിക ബാദ്ധ്യതകൾ അത്യധികം വർദ്ധിച്ചുവെന്നോ ഉള്ള കാര്യങ്ങൾ ഒന്നും കണക്കിലെടുക്കുന്നില്ല. സഭാ മാനേജിംഗ് കമ്മറ്റിയിലേക്കു നോമിനേറ്റ് ചെയ്യപ്പെടുന്നവരിൽ സൺഡേസ്ക്കൂൾ ഡയറക്ടർ ജനറലും നിശ്ചയമായും ഉൾപ്പെടേണ്ടതാണ്.

**5. അർദ്ധവാർഷികപ്പരീക്ഷ:** വിജ്ഞാപനങ്ങളിൽക്കൂടി അറിയിച്ചിട്ടുള്ള പ്രകാരം പുതിയ പരീക്ഷാ സംവിധാനം ജൂലായ് 15–ാം തീയതി നടപ്പാക്കുന്നതാണ്. എല്ലാ കേന്ദ്രങ്ങളിലും അതു സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തിയിരുന്നു. കൂടാതെ "ഗുരുപാദാന്തികേ" എന്ന മാർഗ്ഗരേഖയും പ്രസിദ്ധീകരിച്ച് എല്ലായിടത്തും എത്തിച്ചിട്ടുണ്ട്.

സഭാവർഷ ക്രമീകരണമനുസരിച്ച് "പെന്തിക്കോസ്തി"കാലത്തിലേക്കു നാം വന്നിരിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ നമ്മുടെ ചിന്തയിലും അനുഭവത്തിലും കൈവരുത്തേണ്ട അവസരമാണ്. അതിനായി പ്രാർത്ഥിക്കുന്നു.

❖

# മാതാപിതാക്കൾ ശ്രദ്ധിക്കുക

10, + 2 അതിൽ കൂടുതൽക്കൂടുതലോ പഠിത്തം കഴിഞ്ഞ ആൺകുട്ടികൾക്ക് എളുപ്പം പഠിച്ചെടുക്കാവുന്നതും ഇന്ത്യയിലും ഗൾഫ്, ആഫ്രിക്കൻനാടുകളിലും ധാരാളം ജോലി സാദ്ധ്യതയുമുള്ള ഒരു ട്രേഡ് ആണ് ഇൻസ്ട്രമെന്റ് ടെക്നീഷ്യൻ. എല്ലാ വ്യവസായശാലകളും (റിഫൈനറീസ്, ഗ്യാസ്, പവർ പ്ലാന്റ്,സിമന്റ്, പ്ലാസ്റ്റിക്ക്, സ്റ്റീൽ, അലുമിനിയം, പേപ്പർ, മെഡിസിൻസ്) പ്രവർത്തിപ്പിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന വിവിധ ഇൻസ്ട്രമെന്റുകളിലുള്ള പരിശീലനം ഗ്രീഗോറിയോസ് ഇൻസ്റ്റിറ്റ്യൂറ്റിൽ 1986 മുതൽ നൽകുന്നു. ഇവിടെ പഠിച്ചു പോയവർ നല്ലനിലയിൽ വിദേശങ്ങളിൽ ജോലി നേടി.

Theoretical and practical training in testing, Instellation, servicing, and calibration of all types of process control instruments.

Training: 1 year for 10,+2 and above, 6 months for Deg, Dip, ITI, Classes start June 18, 2007.

**Mar Gregorious Institute, YMCA Road, Thiruvalla 689101.**
**Tel. 0469 2603187, Mob.9447803006**

**K. M. John** (Principal)

Ex-senior se.officer BARC Bombay, Ex-Inst.Speciality, Aramco, S.Arabia



# ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 രൂപയും സാധാരണ ഓപ്പറേഷന് 500 രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986–ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 695817.90– രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 15289 ഓപ്പറേഷൻ ആകെ 2006 മാർച്ച് 31 വരെയുള്ള കാലത്ത് നടത്തിയതിൽ 5022–ഉം സൗജന്യമായിരുന്നു. അതുപോലെ ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 3645 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

പല സ്വകാര്യ ആശുപത്രികളും ഇതേ ഓപ്പറേഷൻ ഒന്നിനു 10,000–ൽ അധികം ചാർജ് ചെയ്തുവരുന്നുണ്ട്. ആ നിലയിൽ ഈ സ്ഥാപനത്തിലൂടെ ചെയ്യുന്ന സേവനം എത്ര മഹത്തരമാണെന്നോർക്കുക.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.


വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന **ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

**ഫാദർ അബ്രഹാം മാത്യു എടേക്കാട്ട്** (സെക്രട്ടറി ഗവേണിംഗ്ബോർഡ്)




ജോഷി ബി. ജോൺ, മണപ്പള്ളി



## വലത്തോട്ട്

1. ബഹുമാനിപ്പാൻ റോമാജനതയോട് പൗലോസ് പറയുന്നവരിൽ ഒരാൾ; പൗലോസിന്റെ ബന്ധു (5)
3. ശലോമോന്റെ രായസക്കാരൻ; ശീശയുടെ ആദ്യമകൻ (5)
5. കച്ചവടക്കപ്പലുകൾക്കു പേരുകേട്ട നാട് (4)
6. യിശ്മായേലിന്റെ ആദ്യ ജാതൻ (4)
9. യെശയ്യാവിന്റെ 'മകൻ' (6)
11. കൽദയരുടെ പക്ഷത്തു ചേരുന്നു വെന്ന് യിരമ്യാവിനെ കുറ്റപ്പെടുത്തിയവൻ (4)
12. സെരൂയയുടെ ഇളയമകൻ (4)
15. ആരും അപഹരിക്കാത്തവിധം നല്ല അംശം തിരഞ്ഞെടുത്തവൾ (3)
17. ദൈവത്തിനു സമർപ്പിക്കപ്പെട്ട വ്രതസ്ഥൻ (3)
18. ദീർഘായുസുള്ളതായി ഇയ്യോബ് പറയുന്ന ജീവി (4)
20. അർഥഹ്ശഷ്ടാവിന്റെ മുൻഗാമിയായ പാർസി രാജാവ് (4)
22. ദാവീദ് ശപിച്ച പർവതം (4)
23. സക്കായി കയറിയ മരം (3)
24. ശേമിന്റെ പരമ്പരയിലെ ഏബെരിന്റെ മകൻ (പു.നി.) (3)
25. മഗ്ദലമറിയ, യോഹന്ന എന്നിവർക്കൊപ്പം സുവിശേഷ വേലയിൽ കർത്താവിന്റെ കൂടെ സഞ്ചരിച്ചവൾ (3)
26. ശൂശൻ രാജധാനിക്കു സമീപമുള്ള നദി (3)
28. മോശയുടെ അമ്മായി അപ്പൻ (3)
30. മഹലേലിന്റെ മകൻ (3)
31. പുറജാതി ദേവന്മാരിൽ 'പ്രമുഖൻ' (2)
32. അഹശ്വേരോശിന്റെ ഏഴു പ്രഭുക്കന്മാരിൽ മൂന്നാമൻ (4)
33. സെരുബ്ബാബേലിന്റെയൊപ്പം നാട്ടിലേക്കു മടങ്ങിയ പത്തു നേതാക്കന്മാരിലൊരാൾ (4)

## താഴോട്ട്

1. നാട്ടിലോട്ടു മടങ്ങിയ ലേവ്യരിൽ, മെരായോത്ത് കുലത്തിന് പിതൃഭവനതലവനായിരുന്നവൻ (4)
2. ദാവീദിന്റെ വഴിയിൽ നിന്നു മാറാതെ യഹോവയെ പ്രസാദിപ്പിച്ച രാജാവ് (4)
3. അഹരോന്റെ പിൻഗാമി (5)
4. സിപ്പോറയുടെ സഹോദരൻ (3)
7. ശമുവേലിന്റെ ആദ്യജാതൻ (3)
8. എസ്രാ. ഇദ്ദോവിന്റെയടുക്കൽ അയച്ച തലവന്മാരിൽ രണ്ടാമൻ (4)
10. നഹൂം പ്രവാചകന്റെ ജന്മദേശം (4)
13. ഉറവു വാതിൽ അറ്റകുറ്റം തീർത്ത കെയീലാദേശക്കാരൻ ബവ്വായിയുടെ പിതാവ് (4)
14. ആഹാബ് മരിക്കുമ്പോഴത്തെ യെഹൂദാ രാജാവ് (5)
16. ഗിദെയോന് പണിത യാഗപീഠം (5)
19. പ്രബോധന പുത്രൻ (5)
20. യിസ്ഹാക്കിനു പ്രിയമുള്ള ഭക്ഷണം (5)
22. 'സാക്ഷ്യത്തിന്റെ കൂമ്പാരം' മുണ്ടാക്കിയ പർവതം (4)
27. മാർത്ത–മറിയമാരുടെ സഹോദരൻ (3)
29. മക്കദോന്യക്കാരനെ പൗലോസ് ദർശനത്തിൽ കണ്ട സ്ഥലം (3)

## പദപ്രശ്നം–49 (ശരിയുത്തരം അയച്ചവർ)

**വിജയികൾ: 1. മേരി തോമസ് പട്ടാഴി, കൊല്ലം 2. ആലീസ് ഫിലിപ്പ് മേലുകര, കോഴഞ്ചേരി, 3. സുചിത്ര ബേബി, കല്ലേകുളങ്കര, പാലക്കാട്.**

4. റെയ്ചൽ അലക്സാണ്ടർ, പുനെ; 5. മേരിക്കുട്ടി അലക്സാണ്ടർ തിരു–11, 6. റോസമ്മ ജോർജ്, കൊൽക്കത്ത, 7. ഏലിയാമ്മ ജോർജ് ആവണീശ്വരം; 8. കുഞ്ഞുമോൾ ജോർജ്, കാർത്തികപ്പള്ളി; 9. ഏലിയാമ്മ ജോർജ്, മിറാ റോഡ്, കാർത്തികപ്പള്ളി; 10. ശോശാമ്മ തോമസ്, കൈതക്കോട്, കൊല്ലം; 11. അന്നമ്മ തോമസ്, നരിയാപുരം; 12. ഏലിയാമ്മ തോമസ്, നിരണം; 13. റാഹേലമ്മ തോമസ്, തൂവയൂർ; 14. വി. എ. തോമസ്, കറ്റാനം; 15. ഏലമ്മ എബ്രഹാം, കളമശേരി; 16. ആലീസ് എബ്രഹാം, കോയമ്പത്തൂർ; 17. ശോശാമ്മ ഏബ്രഹാം, ബിലാസ്പൂർ; 18. തങ്കമ്മ എബ്രഹാം, കോടുകുളഞ്ഞി; 19. കെ. കെ. ഏബ്രഹാം, പനയമ്പാല, കോട്ടയം; 20. അന്നമ്മ ജോൺ, കാർഗർ, നവിമുംബയ്; 21. ചിന്നമ്മ ജോൺ, തിരു–11; 22. അന്നമ്മ ജോൺ, കോഴഞ്ചേരി; 23. മോളി മാത്യു, നാരങ്ങാനം; 24. എലിസബത്ത് മാത്യു, കൊൽക്കത്ത; 25. അമ്മിണി മാത്യു, ഭോപാൽ; 26. ഡെയ്സി മാത്യു, നിരണം നടുവിൽ; 27. സൂസമ്മ മാത്യു, നാരങ്ങാനം; 28. റെയ്ച്ചൽ മത്തായിക്കുട്ടി, പുതുശേരി; 29. മറിയാമ്മ വർഗീസ്, രാജസ്ഥാൻ; 30. ആലീസ് വർഗീസ്, ചമ്പക്കര; 31. ഏലമ്മ വർഗീസ്, ഉദയ്പൂർ; 32. എ. കെ. വർഗീസ്, അറുന്നൂറ്റിമംഗലം; 33. ഏലിയാമ്മ ഗീവർ കുന്നംകുളം; 34. മേരിക്കുട്ടി കുര്യാക്കോസ്, മുംബയ്–42; 35. മേരിക്കുട്ടി കുര്യാക്കോസ്, അമയന്നൂർ; 36. ലീലാമ്മ കുര്യൻ, ഹൈദരാബാദ്; 37. എലിസബത്ത് ചെറിയാൻ, നിരണം; 38. കുമാരി ചാക്കോ, തിരു–4; 39. സൂസമ്മ ചാക്കോ, കുടശനാട്; 40. സൂസമ്മ തങ്കൻ മുംബയ്–42; 41. ലീലാമ്മ തങ്കച്ചൻ ചെറിയനാട്; 42. സാറാമ്മ തമ്പി, കോയമ്പത്തൂർ; 43. ഓമന രാജൻ ഹൈദരാബാദ്; 44. സൂസമ്മ രാജൻ, കൊൽക്കത്ത; 45. രഞ്ജിനി റജി, കളമശേരി; 46. അന്നമ്മ നൈനാൻ, നാഗ്പൂർ; 47. വൽസമ്മ ഫിലിപ്പ്, ഭോപാൽ; 48. ഏലിയാമ്മ പൗലോസ് ചെല്ലങ്കോട്; 49. സഖറിയ പയ്ക്കമറ്റം, നിരണം; 50. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 51. ആൻസി ജഗൻ കൊച്ചി–30; 52. ജോഹാൻ വർഗീസ്, തിരുവല്ല; 53. ഏലിയാമ്മ ഐസക് പുത്തൂർ; 54. സൂസമ്മ ഇടിക്കുള, പിമ്പ്രി, പുനെ; 55. പൊന്നമ്മ ജോയ്, കറ്റാനം; 56. സൂസമ്മ കരീപ്ര, കൊല്ലം.

**(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക: ഫോൺ: 9447453123)**
(e-mail: joshibjohn@hotmail.com)

## പദപ്രശ്നം – 49, ശരിയുത്തരം

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 യെ | ഹി | സ് | കീ | 2 യാ | വ് | 3 അ | 4 രി | 5 മ | ഞ്ജ |
| ഹോ | 6 മെ | ന | ഹേം | 7 ഫെ | സ് | തൊ | സ് | ഹ | 8 രെ |
| 9 ശാ | ഫീ | ർ | 10 ബേ | ത്ത് | ഫാ | ഗ | പ | നേ | യൂ |
| ഫാ | 11 ബോ | സേ | സ് | 12 ഹു | 13 അ | ക്ക | ൽ | ദാ | മ |
| ത്ത് | ശെ | 14 അ | രൂ | മ | 15 നാ | ഹോ | ർ | ൻ | 16 ഏ |
| 17 ഗ | ത്ത് | ശെ | മ | ന | ത്ത് | 18 കൊ | ർ | 19 ബാ | ൻ |
| 20 മാ | ർ | ത്ത | 21 തെ | യോ | 22 ഫി | ലോ | സ് | ബേ | ത |
| ലി | 23 അ | ഹീ | 24 മാ | സ് | ലി | സ്യ | 25 ദേ | ൽ | ഫൂ |
| 26 ഖേ | ഥെ | ർ | മോ | 27 സി | ഫോ | ർ | 28 മാ | നോ | ഹ |
| ൽ | 29 ക | യീ | ൻ | 30 ക്രി | സ് | പൊ | 31 സ് | നേ | ഹം |

ഉത്തരമയയ്ക്കാൻ മാസിക കീറരുത്. കാർഡിലോ, ഇൻലൻഡിലോ കളം വരച്ച് അയച്ചാൽ മതിയാകും.

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം
ജോഷി ബി. ജോൺ മണപ്പള്ളി
S.R.P. മാർക്കറ്റ് പി.ഒ.
കൊല്ലം ജില്ല–690539

ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-07-2007

# ADMISSION NOTICE FOR 2007-08

# SREEDEVI COLLEGE OF NURSING & SRI RAMANAMAHARSHI COLLEGE OF NURSING

**TUMKUR - BANGALORE**

Affiliated to Indian Nursing Council. Rajiv Gandhi University Nursing Council, Govt. of Karnataka

# AKSHAYA COLLEGE OF NURSING

**TUMKUR - BANGALORE.** Affiliated to Indian Nursing Council.
Rajiv Gandhi University Nursing Council, Govt. of Karnataka (ONLY GIRLS)

| | |
|---|---|
| 1. | **MSc Nursing** 5th Batch |
| 2. | **BSc Nursing** 8th Batch |
| 3. | **BSc Nursing** Post Certificate 6th Batch |
| 4. | **General Nursing** 14th Batch |
| 5. | **M.P.T.** 2nd Batch |
| 6. | **B.P.T.** 8th Batch |
| 7. | **D.M.L.T.** 12th Batch |

## SHRIDEVI INSTITUTE OF ENGG. & TECHNOLOGY

**B.E.**

(Bio-Technology, Electronics & Communication, Computer Science, Mechanical, Electrical & Electronics)

## SHRIDEVI INSTITUTE OF MANAGEMENT STUDIES

**M.B.A**

♦ സ്വന്തമായി ആശുപത്രി ♦ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമായ പ്രത്യേക ഹോസ്റ്റൽ
♦ പ്രഗത്ഭരായ അദ്ധ്യാപകർ ♦ ബാങ്ക് ലോൺ സൗകര്യം ♦ ഫീസ് തവണകളായി ♦ No Donation

അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം
താഴെപറയുന്ന വിലാസത്തിൽ ബന്ധപ്പെടുക

| *Kerala Contact Address:* | *Bangalore Contact Address:* |
|---|---|
| M. K. THOMASKUTTY<br>Manapurathu (H), Bank Jn., Lakshmi Wood Mills, Thadiyoor P.O., Thiruvalla - 689 545, Kerala. Ph: 0469 - 2655633, 2654377 | M. K. THOMASKUTTY (Warden)<br>Sreedevi College of Nursing<br>N. R. Extension, Lingapura Area, Sira Road, Tumkur-6, Ph: 9388655633 |

Provisions are made for students to participate in worship every Sunday under the leadership of St. John's Marthoma Church, R. C. Church & St. Gregorious Orthodox Church at Tumkur, I.P.C. Church at Tumkur

ഫിലിപ്പോസ് മാർ യൗസേബിയോസ്

ജന്മശതാബ്ദി അനുസ്മരണം

# ഇലഞ്ഞിത്തറയിലെ സുഗന്ധ വാഹിനി



മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്ത ക്രൈസ്തവ കുടുംബമായ ഇലഞ്ഞിക്കലിൽ നിന്നും വന്ന് വൈദിക വൃത്തിയുടെ ശ്രേഷ്ഠത പരിപാലിച്ച ഇ. പി. ജേക്കബ് കത്തനാരെപ്പറ്റി എനിക്കുള്ള സ്മൃതികൾ പങ്കുവയ്ക്കുന്നു.

'ഇലഞ്ഞിക്കലച്ചൻ' എന്ന പേരിന്റെ കുടുംബപ്പേരും സ്ഥാനനാമവും ഒരുപോലെ ഹൃദ്യമാണ്. പരമ്പരാഗതമായി ലഭിച്ച കുടുംബ മഹിമയ്ക്കപ്പുറമായി വൈദിക വൃത്തിയുടെ സോപാനങ്ങൾ കയറിയ ഒരു പട്ടക്കാരനെ ആരും മറക്കുകയില്ല. അതും ദ്വിമുഖ പ്രതിഭാശാലി. വൈദിക വൃത്തിക്കൊപ്പം അധ്യാപനവും പിന്തുടർന്ന അനേകർ മലങ്കര സഭയിലുണ്ടായിട്ടുണ്ടെങ്കിലും 'അടയാളം' അവശേഷിപ്പിച്ചവർ അംഗുലീ പരിമിതരത്രെ. ഇങ്ങനെയൊരു പ്രതിഭാശാലി മലങ്കരസഭയിൽ ഉണ്ടായതിനു കാരണമെന്തെന്ന് ചികയുന്നവർക്ക് കണ്ടെത്താവുന്ന ഒരു വഴിത്തിരിവുണ്ട് അദ്ദേഹത്തിന്റെ ജീവിതത്തിൽ. താൻ നേടിയ വിദ്യാഭ്യാസ യോഗ്യത വച്ചു നോക്കുമ്പോൾ (ബി.എ., ബി.എൽ.) അന്നത്തെക്കാലത്തെ ഉദ്യോഗസ്ഥ പ്രഭുവരെ ആകാമായിരുന്നു അദ്ദേഹത്തിന്; ഒരു പക്ഷേ ചീഫ് സെക്രട്ടറി വരെ. എന്നാൽ പ. സഭയുടെ ഒരു വൈദിക ശ്രേഷ്ഠനാകാനുള്ള തീരുമാനമായിരുന്നു ആ വഴിത്തിരിവ്.

### സെറാംപൂർ വൈദിക പഠനം

സെറാംപൂറിൽ പഠനത്തിനു ചേരുമ്പോൾ സഹപാഠികൾ ശ്രേഷ്ഠനായി അദ്ദേഹത്തെ കണ്ടിരുന്നു. പ്രായം കൊണ്ടും വിദ്യാഭ്യാസ യോഗ്യത കൊണ്ടും പക്വത കൊണ്ടും കുടുംബ ശ്രേഷ്ഠത കൊണ്ടും ആരുടെയും മുമ്പൻ. സെറാമ്പൂർ കോളേജിന്റെ സെന്റിനറി ജൂബിലിയോടനുബന്ധിച്ച് 'India Carey' എന്ന ഡോ. വില്യം കേറിയുടെ ജീവചരിത്രം ഇംഗ്ലീഷിൽ രചിച്ച് സെറാമ്പൂറിലും കൽക്കട്ടയിലും 'carey' ആയി വേഷമിട്ട് ശ്രേഷ്ഠമായി അവതരിപ്പിച്ച കലാകാരൻ കൂടിയായിരുന്നു സ്മര്യപുരുഷൻ. ആ ഇംഗ്ലീഷ് നാടകത്തിൽ സഹനടനായി കാലം ചെയ്ത ദാനിയേൽ മാർ പീലക്സീനോസും (പി. ഇ. ഡാനിയേൽ ക്ലേറി) ഉണ്ടായിരുന്നു. സെറാമ്പൂറിൽ നിന്നും ഉൾക്കൊണ്ട മിഷൻ തീഷ്ണത അച്ചനുണ്ടായിരുന്നു. പില്ക്കാലത്ത് സെറാമ്പൂറിൽ വിദ്യാർത്ഥിയായി ഈ ലേഖകൻ 1962–ൽ ചേരുമ്പോൾ അന്ന് ഇലഞ്ഞിക്കൽ ഇ.പി. ജേക്കബിനെക്കുറിച്ചുള്ള നല്ല സ്മരണകൾ അയവിറക്കുന്ന കോളജ് സ്റ്റാഫ് അംഗങ്ങളെ കാണുവാൻ സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥി കോൺഫറൻസിൽ വച്ചാണ് അദ്ദേഹത്തെ ഞാൻ ആദ്യമായി കാണുന്നത്. സ്നേഹബഹുമാനാദികൾ ആർജ്ജിക്കുന്ന ഹൃദ്യമായ പെരുമാറ്റം.

സൗമ്യനായ പട്ടക്കാരന് എങ്ങനെയാണ് കാർക്കശ്യമുള്ള പ്രധാനാധ്യാപകനാകാൻ കഴിയുക? ഒരൊറ്റ ഹൃദയത്തിൽ നിന്ന് ഇതെല്ലാം അനർഗ്ഗളമായി വന്നു. ദൈവത്തെ സ്നേഹിക്കുകയും വിദ്യയെ ഉപാസിക്കുകയും ചെയ്തു ആ പുരോഹിതൻ.

### തലമുറകൾക്കൊരു വഴികാട്ടി

പേടിയോടെ ബഞ്ചിലിരുന്നു പഠനം നടത്തുന്നവർക്കും അതിലേറെ ഉൾഭയത്തോടെ ചോക്കുമായി പഠിപ്പിക്കുന്നവർക്കും വരാന്തയിലെ കാല്പെരുമാറ്റം സീദാ കാവലായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ സ്ക്കൂളിന്റെ വിജയ ശതമാനവും റാങ്കു നിലവാരവും മാത്രായിരുന്നില്ല ഉയർന്നു വന്നിരുന്നത്. പ്രിയ ഗുരുവിനോടുള്ള ഭക്താദരവുകളുടെ വേലിയേറ്റം ഇടതടവില്ലാതെ ഉണ്ടായിരുന്നു. നിരണം സ്ക്കൂളിൽ അന്ത്യദർശനത്തിനു കൊണ്ടുവന്ന ബഹു. അച്ചന്റെ ശരീരത്തിനു മുന്നിൽ വിതുമ്പി വീണ കുഞ്ഞിക്കണ്ണീർ മണികളുടെ സാക്ഷ്യം അത്രമാത്രമായിരുന്നു.


### ബലിപീഠത്തിലെ ഹൃദയതാപി

വി. ബലിയർപ്പിക്കുന്ന പുരോഹിതന്റെ ഹൃദയതാപം താഴേക്കിറങ്ങി കിഴക്കിന്നഭിമുഖമായ് നിന്നിരുന്ന പരശതം വിശ്വാസികളിലേയ്ക്ക് ഒഴുകിയെത്തിയിരുന്നു. ഭക്തിയുടെ രസമാധുര്യങ്ങളും സംതൃപ്തിയുടെ നിറവും, ജീവജലം കുടിച്ചു വയർ നിറച്ച അജവൃന്ദത്തിന്റെ പ്രസന്നതയും 'വഴിയാഹാരത്തോടെ പോകുവിൻ' എന്നു പറയുമ്പോൾ അവിടെ തെളിഞ്ഞിരുന്നു.

ഇലഞ്ഞിക്കലച്ചന്റെ ഓരോ വി. കുർബ്ബാനയും ഇപ്രകാരമൊരു ബലിവേദി തന്നെയായിരുന്നു. ഇത്രത്തോളം ആഴ്ന്നിറങ്ങി വി. ബലിയർപ്പിക്കുവാൻ പരിശീലിപ്പിക്കുന്ന ഈ മഹാപാരമ്പര്യത്തിന്റെ വക്താവായി നില്ക്കുമ്പോൾ തന്നെ ഒരു വലിയ ചാരിതാർത്ഥ്യമാണ് എനിക്കുള്ളത്. വി. കുർബ്ബാനയുടെ ആഴമേറിയ അനുഭവം താഴെ നില്ക്കുന്ന വിശ്വാസികൾ കൂടി പങ്കിട്ടാലേ പൂർണ്ണമാവുകയുള്ളൂ. ഇലഞ്ഞിക്കലച്ചൻ അവിടെയും നൈഷ്ഠിക ധീരനായി വിലസുന്നു.


വാക്കുകളിൽ വിവരിച്ച് അദ്ദേഹത്തെ പൂർണ്ണമായി ഉൾക്കൊള്ളാനാവുമെന്ന് എനിക്ക് തോന്നുന്നില്ല. മലങ്കര സഭയിലെ കർമ്മധീരരായ അനേഹം പിതാക്കളുടെ നിരയിൽ ഈ മഹാശയൻ കൂടി നില്ക്കുന്നതു കാണുമ്പോൾ പ്രാർത്ഥനാപൂർവ്വം ആ വലയത്തിലേക്ക് ചെല്ലുവാനുള്ള ഒരു വാഞ്ച മാത്രമേ എന്നിൽ അവശേഷിക്കുന്നുള്ളൂ. ❖

*For Favours Received*



**A Firm Believer & family**

**Malad (W), Mumbai 400095**




## നമ്മുടെ സന്ധ്യാനമസ്ക്കാരം: മാർ സേവേറിയോസിന്റെ അപേക്ഷ

## ''മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ....'' ഈ പ്രയോഗം ശരിയാണോ?

**– തോമസ് സാമുവേൽ, യു.എസ്.എ.**

**"മ**ഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ'' എന്ന പ്രയോഗം ശരിയല്ല എന്ന് ഇതിനു മുമ്പും പലരും സൂചിപ്പിച്ചിട്ടുള്ളതായി ഓർക്കുന്നു. ഇത് ത്രിത്വത്തിൽ ഒരുവനായ പുത്രനാം ദൈവത്തോടുള്ള അപേക്ഷയാണ്. പുത്രൻ പിതാവിന്റെ മടിയിലിരിക്കുന്നവനെന്നും പിതാവിന്റെ വലതു ഭാഗത്തിരിക്കുന്നവനെന്നുമുള്ള പ്രയോഗങ്ങൾ തോമസ് സാമുവേൽ എഴുതിയിരിക്കുന്നതുപോലെ വി. വേദപുസ്തകത്തിലുണ്ട് (യോഹ. 1:1–2; 1:19; റോമർ 8:34; അപ്പോ. പ്രവൃത്തി 7:56; എഫേസ്യ 1:21; കൊലോ 1:2; എബ്രാ 12:2). "അത്യുന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവ്'' എന്ന പ്രയോഗം വേദപുസ്തകത്തിൽ ഉള്ളതായി അറിവില്ല. ആകയാൽ, പ്രാർത്ഥനയിലെ ഈ പ്രയോഗം ഒരു അച്ചടിപ്പിശകായിരിക്കാനാണ് സാദ്ധ്യത. ഇതിനു തൊട്ടുമുമ്പ് വായിക്കുന്ന 91, 121 മസുമൂറകളിൽ 91–ാം മസുമൂറയുടെ ആരംഭം "അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവൻ" എന്നു തുടങ്ങുന്നതാണ്. മസുമൂറയിൽ ഇതു സംബോധന ചെയ്തിരിക്കുന്നത് മനുഷ്യനെയാണ്. എന്നാൽ പ്രാർത്ഥനയിലെ സംബോധന ക്രിസ്തുവിനോടാണ്. മനുഷ്യൻ അത്യുന്നതനായ ദൈവത്തിന്റെ മറവിൽ വസിക്കുന്നവനാണ്. പുത്രനാം ദൈവം പിതാവാം ദൈവത്തിന്റെ മടിയിലും വലതു ഭാഗത്തും ഇരിക്കുന്നവനാണ്. അതുകൊണ്ട് 'മഹോന്നതന്റെ മറവിൽ' എന്ന പ്രയോഗം പ്രാർത്ഥനയിൽ നിലനിർത്തുന്നതിനു പകരം 'മഹോന്നതനായ കർത്താവേ എന്നോ' മഹോന്നതന്റെ വലതുഭാഗത്തിരിക്കുന്നവനായ കർത്താവേ' എന്നോ ചൊല്ലുന്നതായിരിക്കും ഉചിതം. തോമസ് സാമുവേലിന്റെ സംശയം സഭയുടെ ആരാധനാ പരിഷ്ക്കരണ കമ്മറ്റിയെ അറിയിക്കുന്നതായിരിക്കും. ഉചിതമായ മാറ്റങ്ങൾ അവർ നിർദ്ദേശിക്കട്ടെ!

**– ജെ. പി.**

## ആചാര്യ അവാർഡ് നൽകി




**പത്തനംതിട്ട:–** പ്രഗത്ഭ അദ്ധ്യാപകനും, സഭാകവിയും ആയിരുന്ന ശ്രീ. സി. പി. ചാണ്ടിയുടെ 2–ാം ചരമ വാർഷികത്തോടനുബന്ധിച്ച് 2 ശ്രേഷ്ഠരായ അദ്ധ്യാപകർക്ക് കാതോലിക്കേറ്റ് കോളേജിൽ വച്ച് നടത്തിയ ചടങ്ങിൽ വച്ച് ആചാര്യ അവാർഡ് നൽകുകയുണ്ടായി. ഹൈസ്ക്കൂൾ വിഭാഗത്തിൽ സിറ്റി വി.എച്ച്.എസ്. എസ്. പ്രിൻസിപ്പലായ ശ്രീമതി സി. റ്റി. മേരിക്കുട്ടിക്ക് അവാർഡ് തുകയായ 15000 രൂപയും സർട്ടിഫിക്കറ്റും നൽകി. (സ്ക്കൂളിനെ പൂജ്യത്തിൽ നിന്നും 100% വിജയത്തിൽ എത്തിച്ചതിനാണ് അവാർഡിന് അർഹയാക്കിയത്).

യു. പി. വിഭാഗത്തിലെ അവാർഡ് തുകയായ പതിനായിരം രൂപയും സർട്ടിഫിക്കറ്റും പുലയമ്പ്ര മുസ്ലീം യു. പി. സ്ക്കൂൾ അധ്യാപകനായ ശ്രീ. മുകുന്ദൻ പുലരി കരസ്ഥമാക്കി. (കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ നടത്തിയ പരിശ്രമങ്ങൾ പരിഗണിച്ച്) അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അവാർഡ് ദാന ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. ഗതാഗതവകുപ്പുമന്ത്രി മാത്യു റ്റി. തോമസ് അവാർഡ് നൽകി. അവാർഡ് കമ്മറ്റി സെക്രട്ടറി ഫാ. ജേക്കബ് ഫിലിപ്പ് കൃതജ്ഞത അർപ്പിച്ചു.

## പുതിയ വർക്കിംഗ് കമ്മറ്റി

**കോട്ടയം:–** മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പുതിയ വർക്കിംഗ് കമ്മറ്റി നിലവിൽ വന്നു.

അംഗങ്ങൾ:– പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ, ശ്രേഷ്ഠ നിയുക്ത കാതോലിക്ക അഭി. പൗലോസ് മാർ മിലിത്തിയോസ്, അഭി. ഫീലിപ്പോസ് മാർ യൗസേബിയോസ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് (വൈദിക ട്രസ്റ്റി), ശ്രീ. എം. ജി. ജോർജ് മുത്തൂറ്റ് (അത്മായ ട്രസ്റ്റി), ഡോ. ജോർജ് ജോസഫ്, വയലിറക്കത്ത് (അസോസിയേഷൻ സെക്രട്ടറി), പ്രൊഫ. ഡോ. അലക്സാണ്ടർ കാരയ്ക്കൽ, ഫാ. ഏലിയാസ് ചെറുകാട്ട്, പുത്തൻകുരിശ്; ശ്രീ. മാമ്മൻ വർഗീസ്, കണ്ടത്തിൽ; പ്രൊഫ. ഇ. ജേക്കബ് ജോൺ, ഇലഞ്ഞിക്കൽ.




## വർത്തമാനം

ഫാ. ഡോ. ജേക്കബ് കുര്യൻ

# ഉത്തർപ്രദേശ് തിരഞ്ഞെടുപ്പു ഫലം നൽകുന്ന സൂചന

**ഇ**ന്ത്യൻ രാഷ്ട്രീയത്തിന്റെ സൂചകമായി പലരും ഉത്തർപ്രദേശ് രാഷ്ട്രീയത്തെ കാണുന്നുണ്ട്. ഇക്കഴിഞ്ഞ സംസ്ഥാന തിരഞ്ഞെടുപ്പിൽ 403–ൽ 208 സീറ്റു നേടിക്കൊണ്ട്, മായാവതിയുടെ നേതൃത്വത്തിലുള്ള ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി.) ഭരണത്തിൽ വന്നിരിക്കുന്നു. അസാധ്യമെന്നു വിചാരിക്കുന്ന ഒരു കൂട്ടുകെട്ടിൽ കൂടിയാണ് ഇക്കുറി മായാവതി കേവല ഭൂരിപക്ഷം കൊയ്തെടുത്തത്. ജാതി വ്യവസ്ഥിതിയിൽ വ്യത്യസ്ത ധ്രുവങ്ങളിലുള്ള ബ്രാഹ്മണരെയും ദളിതരെയും, ജാതിചിന്തയുടെ തന്നെ ചരടിൽ കോർത്ത അത്ഭുതമാണ് യു.പി.യിൽ കണ്ടത്. ഈ തിരഞ്ഞെടുപ്പു ഫലം നൽകുന്ന അനേകം സൂചനകളിലൊന്ന് യു.പി.യിലും ഇൻഡ്യ മുഴുവനിലും മതന്യൂനപക്ഷങ്ങൾക്കുള്ള കഷ്ടകാലത്തിന്റേതാണ്.

ബി.ജെ.പിയുടെ രാമക്ഷേത്രവും, വന്ദേമാതരവും, കോൺഗ്രസിന്റെ നെഹ്രുകുടുംബ ഗീർവാണവും, ന്യൂനപക്ഷ പ്രീണനവും, ഒന്നുമല്ല ഇന്ന് ഭൂരിപക്ഷ യു.പി.ക്കാരുടെയും പ്രധാന വിഷയം. പ്രധാന വിഷയം ജാതി തന്നെ. മുന്നോക്ക ജാതിക്കാരെയും, ദളിത ജാതിക്കാരെയും ഒരു രാഷ്ട്രീയ കുടക്കീഴിൽ കൊണ്ടു വന്നതുമൂലം ജാതിവൈരം അസ്തമിക്കുമെന്നാണോ കരുതേണ്ടത്? ഒരിക്കലുമല്ല. ജാതിവൈരം സൃഷ്ടിക്കുന്ന ശാക്തിക സന്തുലനം എന്ന സാധ്യത ഒരു പക്ഷേ ഒരു വിചിത്ര ശാന്തതയെ താത്ക്കാലികമായി സൃഷ്ടിച്ചേക്കാം. പക്ഷേ ഈ ശാന്തതയ്ക്കും അപ്പുറം, രാഷ്ട്രീയ കൗഠില്യന്മാർ മറ്റൊരു ശാസ്ത്രം പയറ്റിയേക്കാം. അതിന് ഒരു ശവന്നാറിക്കാറ്റിന്റെ അകമ്പടിയുണ്ടാകുമോ എന്നതാണ് പ്രധാന ശങ്ക.

മതന്യൂനപക്ഷങ്ങൾക്കും അവരിന്നനുഭവിക്കുന്ന അവകാശങ്ങൾക്കും എതിരെ മുന്നോക്ക ജാതിക്കാരും പിന്നോക്ക ജാതിക്കാരും ഒന്നിച്ചു ബലവും ഐക്യവും പ്രകടമാക്കുന്ന തന്ത്രമാണ്. "വിശാലഹിന്ദുമുന്നണി" എന്ന മുദ്രാവാക്യത്തിൽ കേരളത്തിൽ അത്ര വിലപ്പോകാതെ പോയത്, യു.പി. യിൽ ഒരു പക്ഷേ ഭരണകക്ഷികളുടെ നിലനിൽപു തന്ത്രമായി മാറിയേക്കാം. അത് ഇൻഡ്യ മുഴുവൻ വ്യാപിച്ചുകൂടെന്നില്ല. എന്തിനേറെ, വിപ്ലവം വിതയ്ക്കുന്ന ഇടതു പക്ഷ കക്ഷികളെയും ഈ രോഗം ബാധിച്ചു കൂടെന്നില്ല (ദളിതരെ കാവ്യവൽക്കരിക്കരുതെന്ന് കാഞ്ച ഐലയ്യ തർജനം ചെയ്താൽ തന്നെയും!)

ഈ അപകടത്തെ മുൻകൂട്ടികണ്ട് ഒഴിവാക്കാനോ, തരണം ചെയ്യാനോ, മതന്യൂനപക്ഷങ്ങൾ സംഘടിച്ച് വിലപേശണം എന്ന് പറഞ്ഞേക്കാം. അത്ര ശരിയാകുമെന്നു തോന്നുന്നില്ല. മതന്യൂനപക്ഷങ്ങൾ അവരുടെ ഭരണഘടനാനുസൃത അവകാശങ്ങളെ നേരാംവണ്ണം ഉപയോഗിക്കുവാൻ ധൈര്യം കാണിക്കുകയാണ് വേണ്ടത്. അതിന്റെ നല്ലൊരു സൂചനയാണ് കത്തോലിക്കാ സഭയുടെ മേജർ ആർച്ചു ബിഷപ്പ് കർദിനാൾ വർക്കി വിതയത്തി

ധ്യാനപംക്തി

# ഞായർദിന ചിന്തകൾ

**ഫാ. അലക്സ് ഡാനിയേൽ,**
**നാഗ്പ്പൂർ സെമിനാരി**



ജൂൺ 17

**പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച**

**യോഹ. 6:35-46**

ദാരിദ്ര്യം, ഉച്ചനീചത്വങ്ങൾ, അഴിമതി, തൊഴിലില്ലായ്മ, മത മൗലിക വാദം, രാഷ്ട്രീയത്തിലെ മൂല്യശോഷണം, ആയുധ പന്തയങ്ങൾ, മദ്യം, ലഹരിവസ്തുക്കൾ തുടങ്ങിയ തിൻമകളുടെ നേർക്കുള്ള ഫലപ്രദമായ പ്രതികരണം വിശാലാർത്ഥത്തിൽ സുവിശേഷവത്ക്കരണമാണ്.

ഗലീല കടൽത്തീരത്ത് അഞ്ചപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരത്തോളം പുരുഷന്മാർക്ക് ഭക്ഷണം നല്കി തൃപ്തരാക്കിയ സംഭവത്തിനു ശേഷം കഫർന്നഹൂമിൽ എത്തിയ യേശുവിന്റെ അടുക്കൽ തടിച്ചുകൂടിയ ജനത്തോടു സംസാരിക്കുന്നതാണ് ഇന്നത്തെ വേദഭാഗം. യേശുക്രിസ്തുവിന്റെ കാലഘട്ടത്തിലെ യഹൂദ റാബ്ബിമാരുടെ പ്രബോധന ശൈലിയുടെ ശ്രദ്ധേയമായ ഒരു മാതൃകയാണ് ഈ വേദഭാഗത്തു കാണുന്നത്. 32-ാം വാക്യം മുതൽ 51 വരെയുള്ള ഭാഗം "ജീവന്റെ അപ്പം" എന്ന വിഷയത്തെ സംബന്ധിച്ച പ്രസംഗമാണ്. മൂന്നു ഘടകങ്ങൾ പ്രധാനമായും ഇതിൽ അടങ്ങിയിരിക്കുന്നു.

1. പഴയനിയമത്തിൽ നിന്നും ഒരു വേദഭാഗം (32) 2. വേദഭാഗത്തെ ആനുകാലിക ജീവിതവുമായി ബന്ധിപ്പിക്കുന്നു (33-34) 3. സന്ദേശം (35-51)

പുറപ്പാടു പുസ്തകം 16:4/15 ആണ് വേദഭാഗമായി എടുത്തിരിക്കുന്നത്. ഈ വേദഭാഗത്തെ തന്റെ ജീവിത സാഹചര്യവുമായി ബന്ധിപ്പിച്ചതിനുശേഷം സന്ദേശം നല്കുകയാണ് ഇവിടുത്തെ പ്രത്യേകത. സന്ദേശവും സന്ദേശം നല്കുന്നതും ഒരാളാണ്. സന്ദേശത്തിൽ പ്രധാനമായും മൂന്നു ഘടകങ്ങളാണു ഉള്ളത്.

1. ഞാൻ ജീവന്റെ അപ്പമാകുന്നു (35), 2. ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നിരിക്കുന്നു (38), 3. എന്റെ മാംസം ഭക്ഷണമാകുന്നു (51)

1. ഞാൻ ജീവന്റെ അപ്പമാകുന്നു

പഴയനിയമത്തിൽ 'ജീവന്റെ അപ്പം' എന്ന പ്രയോഗം കാണുന്നില്ല. 'സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം' എന്നു പറയുന്നുണ്ട്. 78-ാം സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ പറയുന്നു, "അവൻ മീതെ മേഘങ്ങളോട് കല്പിച്ചു; ആകാശത്തിന്റെ വാതിലുകളെ തുറന്നു. അവർക്കു തിന്മാൻ മന്ന വർഷിപ്പിച്ചു; സ്വർഗ്ഗീയ ധാന്യം അവർക്കു കൊടുത്തു (സങ്കീ. 78:23,24). യോഹന്നാൻ സ്നാപകൻ പറയുന്നത്, "കർത്താവിന്റെ വഴിനേരേയാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം ഞാൻ ആകുന്നു (യോഹ. 1:23). ഇവിടെ 'ഞാൻ ശബ്ദമാകുന്നു'' എന്നാണ് പറയുന്നത്. എന്നാൽ പഴയ നിയമത്തിൽ വചനത്തേയും ജ്ഞാനത്തേയും ഭക്ഷണവും അപ്പവുമായി പ്രതീകാത്മകമായി ചിത്രീകരിക്കാറുണ്ട്. ആമോസ് പ്രവാചകൻ വരുവാനിരിക്കുന്ന കാലത്തെപ്പറ്റി പ്രവചിച്ചു പറയുന്നത് "അപ്പത്തിനായുള്ള വിശപ്പല്ല, വെള്ളത്തിനായുള്ള ദാഹവുമല്ല യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനായുള്ള വിശപ്പുതന്നെ ഞാൻ ദേശത്തേക്ക് അയയ്ക്കുന്ന നാളുകൾ വരുന്നു, എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട് (ആമോ. 8:11) ഈ പ്രവചന പൂർത്തീകരണമാണ് യേശുവിന്റെ ജനനം. അതുകൊണ്ട് യേശു പറയുന്നു, "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ

---

ലിന്റെ ഇടയലേഖനം. എൺപതാം പിറന്നാൾ ആഘോഷിക്കുമ്പോൾ ആ പിതാവിന്റെ സേവനചക്രവാളം ചുരുങ്ങുകയല്ല വിപുലമാവുകയാണ്-അദ്ദേഹം പ്രബോധിപ്പിച്ചു, എറണാകുളം-അങ്കമാലി, അതിരൂപതകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപക നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും ഒരു തരത്തിലുമുള്ള പണമിടപാടും പാടില്ല എന്ന്.

**പുരാവൃത്തം:**

ഹിഡൻ അജണ്ടകൾ തമ്മിലുള്ള സംഘർഷം ഒഴിവായാൽ ലോകസമാധാനമായി; സഭാസമാധാനവും. അതിന് ഒരേ ഒരു മാർഗം; ഹിഡൻ അജൻഡ ഉണ്ടാകാതിരിക്കുക" (നിരീക്ഷകൻ)

ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും (യോഹ. 7:37–38).

ദൈവത്തിന്റെ വചനം ഭക്ഷണവും പാനീയവും ആയിരിക്കുന്നതുപോലെ ദൈവിക ജ്ഞാനവും ഭക്ഷണവും പാനീയവുമാണ്. വചനവും ജ്ഞാനവും പരസ്പര പൂരകങ്ങളാണല്ലോ. വചനം ജ്ഞാനത്തിലേക്ക് നയിക്കുന്നതാണ്. പ്രഭാഷകന്റെ പുസ്തകത്തിൽ ജ്ഞാനത്തെപ്പറ്റി പറയുന്നത്, "എന്നെ ഭുജിക്കുന്നവന്റെ വിശപ്പ് ശമിക്കുകയില്ല, പിന്നെയും ആഗ്രഹിക്കും. എന്നെ പാനം ചെയ്യുന്നവൻ വീണ്ടും അഭിലഷിക്കും (പ്രഭാഷകൻ 24:21). ജ്ഞാനത്തെ ഒരു വ്യക്തിയോട് (സ്ത്രീ) താദാത്മ്യപ്പെടുത്തി കൊണ്ടാണ് ജ്ഞാനപുസ്തകങ്ങളിലെല്ലാം പരാമർശിക്കുന്നത്, "അറിവിന്റെ അപ്പം കൊണ്ട് അവൾ അവനെ പോഷിപ്പിക്കും. ജ്ഞാനത്തിന്റെ ജലം കുടിക്കാൻ കൊടുക്കും (പ്രഭാഷകൻ 15:3). ഭക്ഷണവും പാനീയവുമായി ദൈവജനത്തിന് ആസ്വദിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന വചനവും ജ്ഞാനവുമാണ് ക്രിസ്തു. "ദാഹാർത്തരേ, ജലാശയത്തിലേക്ക് വരുവിൻ. നിർദ്ധനർ വന്നു വാങ്ങി ഭക്ഷിക്കട്ടെ: വീഞ്ഞും പാലും സൗജന്യമായി വാങ്ങിക്കൊൾക. (ഏശയ്യാ 55:1). "ഞാൻ ജീവന്റെ അപ്പമാകുന്നു എന്റെ അടുക്കൽ വരുന്നവന്നു വിശക്കുകയില്ല എന്നിൽ വിശ്വസിക്കുന്നവനു ഒരുനാളും ദാഹിക്കുകയുമില്ല." എന്നത് ദൈവവചനത്തിലേക്ക് അടുക്കുവാനുള്ള ആഹ്വാനമാണ്. "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടിവരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു. (മത്താ. 4:4)

2. ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നിരിക്കുന്നു

യേശുക്രിസ്തു പിതൃഭവനത്തിലുള്ള തന്റെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന വാക്യമാണിത്. ക്രിസ്തു മഗ്ദലക്കാരി മറിയയോട് പറഞ്ഞ വാക്ക് ശ്രദ്ധേയമാണ്, "എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപോകുന്നു" (യോഹ. 20:17). പിതാവിന്റെ അടുക്കലേക്കുള്ള തീർത്ഥാടനമാണല്ലോ ക്രൈസ്തവ ജീവിതം. പിതാവുമായുള്ള ബന്ധത്തിലാണ് യേശു ജീവിക്കുകയും പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്തത്. തന്റെ പ്രബോധനങ്ങൾക്ക് ആ ആധികാരികത ഉണ്ടായിരുന്നു. (മത്താ. 7:29, മർക്കോ. 1:22, ലൂക്കോ. 4:32). ഈ ആധികാരികതയുടെ അടിസ്ഥാനം പിതാവാണ്, "എന്തെന്നാൽ ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്, എന്തു പറയണം എന്തു പഠിപ്പിക്കണം എന്ന് എന്നെ അയച്ച പിതാവു തന്നെ എനിക്കു കല്പന നല്കിയിരിക്കുന്നു... അതിനാൽ ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോട് കല്പിച്ചതുപോലെ തന്നെയാണ്" (യോഹ. 12:49-50). യേശുവിന്റെ പ്രവർത്തികളും അപ്രകാരം തന്നെയായിരുന്നു. "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ട" (യോഹ. 10:37). പുത്രനെന്ന നിലയിലാണ് യേശു ഓരോ നിമിഷവും ജീവിക്കുകയും പ്രവൃത്തിക്കുകയും ചെയ്തത്. തന്റെ പിതാവ് എപ്പോഴും പ്രവർത്തന നിരതനാണ് എന്നു പറഞ്ഞുകൊണ്ടാണ് യേശു ശാബതിൽ ചെയ്ത അത്ഭുതങ്ങളേയും ന്യായീകരിച്ചത്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നേ ചെയ്യുന്നു" (യോഹ. 5:19-20).

യേശുവും പിതാവും തമ്മിലുള്ള ഗാഢമായ അനുഭവത്തെപ്പറ്റി ചിന്തിക്കുമ്പോൾ അടിസ്ഥാനപരമായ ചില ചിന്തകൾ കൂടി നാം കണക്കിലെടുക്കണം. നമ്മുടെ സമൂഹത്തിൽ മക്കളും പിതാക്കന്മാരും തമ്മിലുള്ള ബന്ധം എത്രമാത്രം ഗാഢമാണ്. തൊണ്ണൂറു ശതമാനം മക്കളും തങ്ങളുടെ പിതാക്കന്മാരുമായി ഊഷ്മളമായ ബന്ധം പുലർത്തുവാൻ കഴിയാത്തവരാണത്രേ ഈ അടുത്ത കാലത്തു നടത്തിയ ഒരു സർവ്വേ വെളിപ്പെടുത്തിയത്.

3. എന്റെ മാംസം ഭക്ഷണമാകുന്നു

യേശു ഒരിക്കൽ പറഞ്ഞു. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തീകരിക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ. 4:34). പിതാവുമായുള്ള ബന്ധമാണ് തന്റെ ജീവൻ നില നിർത്തുന്നത് എന്നാണ് ഭക്ഷണം എന്ന വാക്കു കൊണ്ട് അർത്ഥമാക്കുന്നത്. ജീവന്റെ അപ്പത്തെപ്പറ്റി പറയുന്നിടത്ത് ഇത് കൂടുതൽ വ്യക്തമാണ്, "ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവുമൂലം ജീവിക്കും' (യോഹ. 6:57). പുത്രൻ പിതാവിന്റെ ജീവനാൽ ജീവിക്കുന്നതുപോലെ വിശ്വാസികൾ ക്രിസ്തുവിന്റെ ജീവനാൽ ജീവിക്കണം.

അന്ത്യഅത്താഴ സമയത്ത് യേശു കൈകളിൽ എടുത്ത അപ്പവും വീഞ്ഞും തന്റെ തന്നെ ജീവിതത്തിന്റെ പ്രതീകങ്ങളാണ്-ശരീരവും രക്തവും പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനു വേണ്ടി പൂർണ്ണ സ്വാതന്ത്ര്യത്തോടെ യേശു സ്വയം സമർപ്പിക്കുന്നു. കുരിശു മരണത്തോളം കീഴ്വഴങ്ങികൊണ്ട് പിതാവിനോടുള്ള തന്റെ അനുസരണവും വിധേയത്വവും പ്രകടമാക്കി. പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനായി സ്വയം സമർപ്പിക്കുക വഴി തന്നെത്തന്നെ നമുക്ക് ദാനമായി നല്കുകയും ചെയ്തു. വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന ഓരോ വിശ്വാസിയും ഈ കൂദാശയിൽ തനിക്കായി സന്നിഹിതനാവുന്ന യേശുവിനെ ദർശിക്കുവാനും നല്കപ്പെടുന്ന യേശുവിനെ സ്വീകരിക്കുവാനും തയ്യാറാകുമ്പോഴാണ് ക്രിസ്തുവിൽ നാം ജീവിക്കുന്നത്.

ജൂൺ 24

**പെന്തിക്കോസ്തിക്കുശേഷം 4–ാം ഞായറാഴ്ച**

**ലൂക്കോ. 10:1–16**

യേശുക്രിസ്തു 12 ശിഷ്യന്മാരെ സുവിശേഷ വേലയ്ക്കായി അയച്ചതുപോലെ മറ്റു എഴുപതു പേരെ തെരഞ്ഞെടുത്ത് ഈരണ്ടായി അധികാരപ്പെടുത്തി അയച്ച സംഭവമാണ്

ഇന്നത്തെ സുവിശേഷഭാഗം. വി. ലൂക്കോസ് മാത്രമാണ് ഈ സംഭവം രേഖപ്പെടുത്തുന്നത്. ചില പുരാതന കൈയെഴുത്തു പ്രതികളിൽ '72 പേർ' എന്നുണ്ടെങ്കിലും '70' എന്നുള്ളതിനാണ് കൂടുതൽ ആധികാരികത കാണുന്നത്. മോശ തെരഞ്ഞെടുത്ത എഴുപതു ഗോത്രതലവന്മാരും (പുറ. 24:1, സംഖ്യ 11:16,24) യാക്കോബിന്റെ പിൻതലമുറക്കാരുടെ സംഖ്യയും (പുറ. 1:5, ആവ. 10:22) ഏലീമിലെ എഴുപതു ഈത്തപ്പനകളും (പുറ. 15:27) അനുതാപത്തിന്റേയും വിലാപത്തിന്റേയും എഴുപതു സംവത്സരങ്ങളും (സഖര്യ 7:5) എല്ലാം എഴുപതു എന്ന സംഖ്യയുടെ പ്രാധാന്യം കാണിക്കുന്നതാണ്. ഉല്പത്തി പുസ്തകം 10-ാം അദ്ധ്യായത്തിൽ മനുഷ്യവർഗ്ഗം എഴുപതു ജാതികളായി-യാഫേത്തിൽ നിന്ന് പതിന്നാല്, ഹാമിൽ നിന്ന് മുപ്പത്തിയാറ്, ശേമിൽ നിന്ന് ഇരുപത്-വിഭജിക്കപ്പെട്ടിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ സുവിശേഷീകരണമാകാം എഴുപതു പേരെ തെരഞ്ഞെടുത്തയയ്ക്കുന്നതിലൂടെ കർത്താവ് ഉദ്ദേശിക്കുന്നതും. രണ്ടു പേരുടെ സാക്ഷ്യത്തിനാണ് യഹൂദ നിയമമനുസരിച്ച് സാധുതയുള്ളത് അതുകൊണ്ടാണ് ക്രിസ്തുവിന്റെ സാക്ഷികളാകാനായി പോകുന്നവരെ ഈരണ്ടായി അയച്ചതും.

**ആധുനിക സഭയിലെ സുവിശേഷ പ്രവർത്തനത്തിന്റെ വ്യാപ്തി**

സുവിശേഷ വേല എഴുപതുപേരിൽ മാത്രം ചുരുങ്ങുന്നതല്ല. അതുകൊണ്ടാണ് അവരെ അധികാരപ്പെടുത്തിയയ്ക്കുമ്പോൾ കർത്താവ് പറയുന്നത്, ''കൊയ്ത്തുവളരെയുണ്ട് സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിനു വേലക്കാരെ അയയ്ക്കേണ്ടതിനു അപേക്ഷിപ്പിൻ" (2) സുവിശേഷപ്രവർത്തകരുടെ കൂടുതലായ ആവശ്യകതയിലേക്കാണ് ഈ വാക്യം വിരൽ ചൂണ്ടുന്നത്. അതുകൊണ്ട് പ്രവർത്തനത്തിന്റെ വ്യാപ്തിയും വിശാലമാണ് എന്ന് അനുമാനിക്കാവുന്നതേയുള്ളു. സുവിശേഷ പ്രവർത്തകന് തന്റെ ദൗത്യത്തെപ്പറ്റിയുള്ള വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. വഴിയിൽ വച്ച് ആരേയും വന്ദനം ചെയ്യരുത്. ഏലീശാ പ്രവാചകൻ തന്റെ ബാല്യക്കാരനായ ഗേഹസിയെ ഒരു പ്രത്യേക ചുമതല നല്കി അയയ്ക്കുമ്പോൾ അവനോട് പറഞ്ഞയയ്ക്കുന്നതും ഇങ്ങനെയാണ്. (2 രാജ. 4:29). എവിടേക്ക് ലക്ഷ്യം വയ്ക്കുന്നുവോ ആ ലക്ഷ്യ സ്ഥാനത്തെത്തുന്നതുവരെ മറ്റൊന്നും തന്നെ സ്വാധീനിക്കുവാൻ പാടില്ല.

സുവിശേഷീകരണത്തിന്റെ നൂതനങ്ങളായ ദൈവശാസ്ത്ര ഉൾക്കാഴ്ചകൾ സ്വാംശീകരിച്ചുകൊണ്ട് പ്രേഷിത പ്രവർത്തനത്തിന് ആക്കം കൂട്ടുവാനുള്ള ഉത്തരവാദിത്വം സഭ മൊത്തമായും ഏറ്റെടുക്കേണ്ടതാണ്. ദാരിദ്ര്യം, ഉച്ചനീചത്വങ്ങൾ, അഴിമതി, തൊഴിലില്ലായ്മ, മത മൗലിക വാദം, രാഷ്ട്രീയത്തിലെ മൂല്യശോഷണം, ആയുധ പന്തയങ്ങൾ, മദ്യം, ലഹരി വസ്തുക്കൾ തുടങ്ങിയ തിൻമകളുടെ നേർക്കുള്ള ഫലപ്രദമായ പ്രതികരണം വിശാലാർത്ഥത്തിൽ സുവിശേഷവത്ക്കരണമാണ്. സഭാസ്ഥാപനങ്ങൾ സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗങ്ങൾ മാത്രമാണെന്ന സത്യവും സഭ മറക്കുവാൻ പാടുള്ളതല്ല. സുവിശേഷീകരണം എന്നത് വേദപുസ്തക പ്രഘോഷണങ്ങളിൽ ഒതുക്കി നിറുത്താതെ മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന സമഗ്രവിമോചനമായിരിക്കണം. യേശുക്രിസ്തു ലക്ഷ്യമിട്ട സുവിശേഷവത്ക്കരണം പ്രായോഗിക ജീവിതത്തിന്റെ മാനങ്ങൾ തേടിയുള്ളതായിരുന്നു. ജീവിത പ്രശ്നങ്ങളിൽ ഉഴലുന്ന ആധുനിക മനുഷ്യന് ആശ്രയവും ആവേശവുമായി തീരുമ്പോഴാണ് "നിങ്ങൾ ചെല്ലുന്ന ഭവനത്തിന് സമാധാനം ആശംസിപ്പാൻ" എന്ന സന്ദേശം സഭയിലൂടെ പ്രവർത്തന പന്ഥാവിലെത്തുന്നത്.

**ദൈവരാജ്യ സ്ഥാപനം**

സുവിശേഷകരുടെ പ്രധാന സന്ദേശം "ദൈവരാജ്യം സമീപിച്ചിരിക്കുന്നു" എന്നുള്ളതാണ്. യേശുക്രിസ്തു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതു തന്നെ ''ദൈവരാജ്യം'' പ്രസംഗിച്ചുകൊണ്ടാണ്, "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പീൻ'' (മർക്കോ. 1:15). ദൈവരാജ്യമാണ് ചരിത്രത്തിന്റേയും ഇന്നിന്റേയും ലക്ഷ്യവും മനുഷ്യാവതാരത്തിന്റെ സന്ദേശവും. തകർന്ന ബന്ധങ്ങൾ പുനസ്ഥാപിക്കുന്ന അനുഭവമാണ് ദൈവരാജ്യത്തിന്റേത് എന്ന് യേശു പഠിപ്പിച്ചു. പിതാവിൽ നിന്നും സഹോദരനിൽ നിന്നും അകന്നു പോയവർ തിരിച്ചുവരുന്നതും സഹോദരങ്ങൾ തമ്മിൽ ദൈവ സ്നേഹം പങ്കിടുന്നതും സുവിശേഷത്തിന്റെ മർമ്മമാണ്. പരസ്പരം അംഗീകരിക്കാനും ക്ഷമിക്കാനും സാധിക്കുന്ന ജീവിത ശൈലിയാണ് ദൈവരാജ്യത്തിന്റേത്. സമൂഹത്തിന്റെ പുറമ്പോക്കുകളിൽ കഴിയുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതും ഒന്നുമില്ലാത്തവരും ഒന്നുമല്ലാത്തവരുമായവരെ തങ്ങളുടെ ഭാഗധേയങ്ങൾ നിർണ്ണയിക്കാൻ പ്രാപ്തരാക്കുന്നതുമായ അനുഭവമാണ് ദൈവരാജ്യം. "കാലത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനേയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്ന'' (എഫേ. 1:10) ദൈവിക പദ്ധതിയുടെ സാക്ഷാത്കാരമാണിത്. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളേയും അവനിലൂടെ തന്നോട് അനുരഞ്ജിപ്പിക്കുന്ന" (കൊലോ.1:20) ''ദൈവം എല്ലാവർക്കും എല്ലാമാകുന്ന'' (1 കോരി. 15:28) ഒരു സാഹചര്യമാണിത്. അവിടെ ''യഹൂദനും യവനനും എന്നില്ല. ദാസനും സ്വതന്ത്രനും എന്നില്ല. ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തു യേശുവിൽ ഒന്നത്രേ" (ഗലാ. 3:28). ഇങ്ങനെ സമത്വവും കൂട്ടായ്മയും നിലനില്ക്കുന്ന അനുഭവമാണ് ദൈവരാജ്യത്തിന്റേത്. ജീർണ്ണതയുടെ അടിമത്വത്തിൽ നിന്നും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള കാൽവയ്പാണ് ദൈവരാജ്യ പ്രവേശനം. ദുഃഖമോ മുറവിളിയോ ഇല്ലാത്ത, കണ്ണുനീരില്ലാത്ത, പുതിയ

ആകാശവും പുതിയ ഭൂമിയും (വെളി. 21:1–5) ഇതാണ് ദൈവരാജ്യം. ഈ പ്രതീക്ഷയുടെ പ്രഘോഷണമാണ് സുവിശേഷ ദൗത്യവുമായി ശിഷ്യരെ കർത്താവ് ഏല്പിച്ചത്.

**സുവിശേഷകരുടെ സ്ഥാനം**

കോരസീനും, ബേത്ത്സയിദയും കഫർന്നഹൂമും ഗലീലാ തടാകത്തിന്റെ വടക്കുഭാഗത്തുള്ള മൂന്നു സ്ഥലങ്ങളാണ്. ഗലീലയിലെ യേശു ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയ്ക്ക് പ്രധാനമായും സാക്ഷ്യം വഹിച്ച ഭൂപ്രദേശമാണിത്. അനേകം പ്രസംഗങ്ങളും അതിശയങ്ങളും നടന്ന സ്ഥലമാണെങ്കിലും ക്രിസ്തുവിന്റെ സുവിശേഷത്തെ ഉൾക്കൊള്ളുവാൻ അവർക്ക് സാധിച്ചില്ല. അയൽരാജ്യമായ ഫെയിനീഷ്യയിലെ സോർ, സീദോൻ എന്നീ പട്ടണങ്ങളെ ഉദ്ധരിച്ചുകൊണ്ട് കർത്താവ് പറയുന്നു. ഈ അതിശയങ്ങൾ പുറജാതികളുടെ പട്ടണങ്ങളായ അവിടെ നടന്നിരുന്നുവെങ്കിൽ അവർ എന്നേ അനുതാപത്തിലേക്ക് തിരിയുമായിരുന്നു.

എങ്കിലും സുവിശേഷകരായ നിങ്ങൾ ദുഃഖിക്കേണ്ട കാര്യമില്ല. നിങ്ങളുടെ പ്രയത്നത്തിന്റെ ഫലം അവരുടെ അയോഗ്യത നിമിത്തം അവർക്ക് ലഭിച്ചില്ലെങ്കിലും അദ്ധ്വാനത്തിന്റെ നന്മ നിങ്ങൾക്ക് ലഭിക്കുന്നതാണ്. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു," എന്ന വാക്യത്തിലൂടെ സുവിശേഷകരുടെ സ്ഥാനശ്രേഷ്ഠത എടുത്തു പറയുകയാണ്. യേശുവിന്റെ സുവിശേഷ പ്രഘോഷകരായി പോകുന്നവർ തങ്ങളുടെ ജീവിതസാക്ഷ്യത്തിലൂടെ ക്രിസ്തുവിന്റെ സാന്നിധ്യമാണ് പ്രകടമാക്കേണ്ടത്. അതാണ് സഭയുടെ വളർച്ചയുടെ അടിസ്ഥാനവും.

ലോകത്തെയാകമാനം ഗ്രസിച്ചിരിക്കുന്ന ഉപഭോഗ സംസ്ക്കാരം ക്രൈസ്തവ സുവിശേഷകരേയും സ്വാധീനിച്ചിട്ടുണ്ട് എന്നുള്ളത് തർക്കമറ്റ കാര്യമാണ്. ലോകത്തിന്റെ താത്പര്യങ്ങൾ ശക്തി പ്രാപിക്കുമ്പോൾ സുവിശേഷവത്ക്കരണം മുരടിക്കുന്നു. ലൗകിക വ്യഗ്രതകളും ധനത്തിന്റെ ആകർഷണവും വചനത്തെ ഞെരുക്കുകയും അതിനെ ഫലശൂന്യമാക്കുകയും ചെയ്യുന്നു (മത്താ. 13:22). ഉപഭോഗമനോഭാവവും അധികാര മോഹവും ധനാസക്തിയും സുവിശേഷകരിൽ ശക്തിപ്പെട്ടുവരുന്നു എന്നത് വേദനാജനകമായ വസ്തുതയാണ്. പാവപ്പെട്ടവരേയും എളിയവരേയും ഉൾക്കൊള്ളുന്നതിനും അധീശത്വവും മേധാവിത്വവും കൂടാതെ സേവനം ചെയ്യുന്നതിനും ശ്രദ്ധിക്കുമ്പോഴാണ് ക്രിസ്തുവിന്റെ സജീവ സാന്നിധ്യം സുവിശേഷകരിലൂടെ സമൂഹത്തിന് ലഭ്യമാകുന്നത്. അങ്ങനെയുള്ളവരെ കേൾക്കുകയും കൈക്കൊള്ളുകയും ചെയ്യുന്നതാണ് യേശുവിനെ കൈക്കൊള്ളുന്നതായി കണക്കിടുന്നതും.

ജൂലൈ 1

**പെന്തിക്കോസ്തിക്കു ശേഷം 5–ാം ഞായറാഴ്ച**

**ലൂക്കോ. 9:10–17**

ദൈവരാജ്യത്തെപ്പറ്റി സുദീർഘമായ പ്രസംഗം നടത്തിയ യേശു പകൽ അവസാനിക്കാറായപ്പോൾ അവിടെ കൂടിയ വലിയ പുരുഷാരത്തിന് ഭക്ഷണം നല്കുവാൻ ശിഷ്യരോട് കല്പിച്ച് അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരത്തിലധികം വരുന്ന ജനക്കൂട്ടത്തിന് ഭക്ഷണം നല്കി തൃപ്തിപ്പെടുത്തിയ സംഭവമാണ് ഇന്നത്തെ വേദഭാഗം.

**ക്രൈസ്തവ ജീവിതത്തിലെ സാമൂഹിക പ്രതിബദ്ധത**

പകൽ മങ്ങിയപ്പോൾ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ എത്തി, പുരുഷാരം ചുറ്റുമുള്ള ഊരുകളിലും കുടികളിലും പോയി ആഹാരം വാങ്ങുവാനും രാത്രി പാർപ്പാനുമായി പിരിച്ചയയ്ക്കണമെന്ന് ആവശ്യപ്പെട്ടു. സമൂഹത്തിന്റെ ഭൗതികാവശ്യങ്ങൾക്കു നേരേ നിസ്സംഗത കാണിക്കുന്ന ശിഷ്യന്മാർക്ക് താക്കീതെന്ന വണ്ണം യേശു അവരോടാവശ്യപ്പെട്ടു.

**സഭാസ്ഥാപനങ്ങൾ സുവിശേഷ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗങ്ങൾ മാത്രമാണെന്ന സത്യവും സഭ മറക്കുവാൻ പാടുള്ളതല്ല. സുവിശേഷീകരണം എന്നത് വേദപുസ്തക പ്രഘോഷണങ്ങളിൽ ഒതുക്കി നിറുത്താതെ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന സമഗ്രവിമോചനമായിരിക്കണം.**

"നിങ്ങൾ തന്നെ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ'' മാതൃകാപരമായ നേതൃത്വം നല്കേണ്ട സമയത്ത് നിഷ്ക്രിയരായി നോക്കി നില്ക്കുകയും സമൂഹത്തിന്റെ ആവശ്യം തനിക്കേതുമില്ല എന്നു ചിന്തിക്കുകയും ചെയ്യുന്നത് ക്രിസ്തീയമല്ല. സമൂഹം പ്രതിസന്ധിയിലായിരിക്കുമ്പോഴാണ് നേതൃത്വത്തിന് ഏറ്റവും കൂടുതൽ പ്രവർത്തിക്കുവാനുള്ളത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കുന്നവരെ 'കരിസ്മാറ്റിക് നേതൃത്വം' എന്നു പറയുന്നു. നേതാവിന്റെ ആത്മികവും ധാർമ്മികവുമായ കഴിവുകൾ പ്രകടിപ്പിക്കപ്പെടേണ്ട സമയമാണിത്.

യേശു സമൂഹത്തിലെ എളിയവർക്കുവേണ്ടിയുള്ള നേതാവായിരുന്നു. "ദരിദ്രർക്ക് സുവിശേഷം'' എന്നത് യേശുവിന്റെ നേതൃത്വത്തിന്റെ ലക്ഷ്യം ചൂണ്ടിക്കാട്ടുന്ന സുവിശേഷ പ്രയോഗമാണ്. സമകാലിക നേതൃത്വവുമായി യേശു സംഘർഷത്തിലായിരുന്നു. അത് എളിയവരുടെ ആവശ്യങ്ങൾക്ക് നേരെ കണ്ണടയ്ക്കുന്ന നേതൃത്വമായിരുന്നു. നേതൃത്വത്തിന്റെ വളർച്ചയും സംവിധാനങ്ങളുടെ നിലനില്പുമാണ് യഹൂദ നേതൃത്വം ശ്രദ്ധിക്കുന്നത്. ജനത്തിന്റെ ബുദ്ധിമുട്ടുകൾ അവർക്ക് വിഷയങ്ങളല്ല. ശിഷ്യന്മാരിൽ പ്രകടിപ്പിക്കപ്പെട്ടതും ആ സ്വഭാവമാണ്. അതാണ് യേശു വിലക്കിയതും.

### ശുശ്രൂഷയുടെ നേതൃത്വ ശൈലി

വിരുന്നു സല്ക്കാരങ്ങളിൽ പങ്കെടുത്ത് സന്തോഷിക്കുന്ന നേതൃത്വ ശൈലിയിൽ നിന്നും ദരിദ്രർക്ക് വിരുന്നൊരുക്കി അവരെ തൃപ്തിപ്പെടുത്തുന്ന ക്രിസ്തീയ ശൈലിയിലേക്കുള്ള മാറ്റമാണ് ഈ വേദഭാഗത്തിന്റെ സന്ദേശം. പ്രസംഗകൻ കേൾവിക്കാർക്ക് ശുശ്രൂഷ ചെയ്യുന്നത് കേട്ടുകേൾവി പോലുമില്ലാത്ത കാര്യമാണ്. കേൾവിക്കാർ പ്രസംഗനെ ശുശ്രൂഷിക്കുന്നതാണല്ലോ നാട്ടു നടപ്പും നമുക്ക് പരിചയവും.

സാധാരണ നേതൃത്വ ശൈലിയിൽ നിന്നും വ്യത്യസ്തമായ ഒരു ശൈലിയാണ് ക്രിസ്തു പിന്തുടർന്നത്. ലൗകിക നേതാക്കൾ ശുശ്രൂഷിക്കപ്പെടാൻ ആഗ്രഹിക്കുമ്പോൾ യേശുവന്നത് ശുശ്രൂഷിക്കുവാനാണ്. മാത്രമല്ല ലോകത്തിന്റെ മോചനത്തിനായി സ്വയം സമർപ്പിക്കുവാനും (മർക്കോ. 10:45). ക്രിസ്തു ശിഷ്യൻ ഏവരുടേയും ദാസനാകണമെന്നു പഠിപ്പിച്ച യേശു (ലൂക്കോ. 22:26) ശിഷ്യരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെ മാതൃക കാണിച്ചു തരികയും ചെയ്തു (യോഹ. 13:12-17). ക്രൈസ്തവ നേതൃത്വത്തിന്റെ ആത്യന്തിക ലക്ഷ്യം ദൈവജനത്തെ സ്നേഹത്തിൽ ഒന്നിപ്പിച്ച് വി. ബലി പീഠത്തിങ്കലേക്ക് അവരെ അടുപ്പിച്ച് ദൈവത്തിന് ശുശ്രൂഷ ചെയ്യുകയാണ്. ഇതാണ് ക്രിസ്തീയ പ്രവർത്തനങ്ങളുടെ എല്ലാം കേന്ദ്ര ബിന്ദു.

### നേതൃത്വവും ജനപങ്കാളിത്തവും

യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ ഈ സംഭവം വിവരിക്കുമ്പോൾ അന്ത്രയോസ് ശ്ലീഹാ ജനക്കൂട്ടത്തിൽ നിന്നും അവർ കരുതിയിരിക്കുന്ന ഭക്ഷണം ശേഖരിക്കാൻ ശ്രമം നടത്തിയതിന്റെ സൂചന ലഭിക്കുന്നുണ്ട് (യോഹ. 6:9) അങ്ങനെയാണ് ഒരു ബാലന്റെ പക്കൽ നിന്നും അഞ്ചപ്പവും രണ്ടു മീനും ലഭിക്കുവാൻ ഇടയായത്. അയ്യായിരത്തിലധികം വരുന്ന ജനക്കൂട്ടത്തിന് ഭക്ഷണം നല്കി തൃപ്തരാക്കുക എന്ന വലിയ സംരംഭത്തിന് നേതൃത്വം കൊടുക്കുമ്പോൾ കഴിവുള്ളേടത്തോളം ജനപങ്കാളിത്തം ഉറപ്പാക്കുകയാണിവിടെ. ഏകാധിപത്യത്തിൽ നിന്നും കൂട്ടുത്തരവാദിത്വത്തിലേക്കും, ഭരണത്തിൽ നിന്നും നേതൃത്വത്തിലേക്കും അനുസരിപ്പിക്കലിൽ നിന്നും സഹകരണത്തിലേക്കും ലോകമാകെ മാറുമ്പോൾ അതിന്റെ പ്രതിധ്വനി സഭയിലുമുണ്ടാകണം. മറ്റുള്ളവരുടെ സഹകരണം തേടുന്നതിലും ചുമതലകൾ ഏല്പിക്കുന്നതിലും വിമുഖത കാണിക്കുന്നത് നേതൃത്വ നിരയിലുള്ള ചിലരുടെ സ്വഭാവമാണ്. ആർക്കൊക്കെ എന്തൊക്കെ ഉത്തരവാദിത്വം വിഭജിച്ചു കൊടുക്കുവാൻ സാധിക്കും എന്നുള്ള അറിവില്ലാതിരിക്കുന്നതാകാം ഇതിനു കാരണം. സഹപ്രവർത്തകരിൽ വേണ്ടത്ര വിശ്വാസമില്ലാത്തതാകാം മറ്റൊരു കാരണം. എല്ലാ പ്രവർത്തനങ്ങളുടേയും മഹത്വം തനിക്കു തന്നെ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. ഓരോ നിസ്സാരകാര്യവും തന്റെ തന്നെ മേൽനോട്ടത്തിൽ നടക്കണമെന്നും അല്ലെങ്കിൽ പ്രശ്നമുണ്ടാകുമെന്നും ആശങ്കയുള്ളവരുണ്ട്. താൻ ഉദ്ദേശിക്കുന്ന രീതിയിൽ കാര്യങ്ങൾ നടക്കണമെങ്കിൽ മറ്റുള്ളവരെ പരിശീലിപ്പിക്കുന്നതിനേക്കാൾ എളുപ്പം താൻ തന്നെ ചെയ്യുന്നതാണെന്ന ധാരണയുള്ളവരുമുണ്ട്.

ഭക്ഷണം കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം യേശു തന്റെ സഹപ്രവർത്തകരായി തെരഞ്ഞെടുത്തിരിക്കുന്ന ശിഷ്യരെ ഏല്പിക്കുകയാണ്. അത് ചെയ്യുന്നതിനുള്ള വിശ്വാസവും തന്റേടവും തന്റെ ശിഷ്യർക്കില്ല എന്നുള്ളത് യേശുവിന് വ്യക്തമായി അറിയുകയും ചെയ്യാം. അത് അവരുടെ സംഭാഷണത്തിൽ നിന്ന് വ്യക്തവുമാണ്. "...ആഹാരം വാങ്ങുവാൻ അവരെ പറഞ്ഞയയ്ക്കേണം, ....ഞങ്ങളുടെ പക്കൽ അഞ്ചപ്പവും രണ്ടു മീനുമല്ലാതെ ഒന്നുമില്ല. ...ഞങ്ങൾ പോയി ഈ സകല ജനത്തിനും വേണ്ടി ഭോജ്യങ്ങൾ കൊള്ളേണമോ..." ഈ വാക്യങ്ങളെല്ലാം അവരുടെ ആത്മ വിശ്വാസമില്ലായ്മ വെളിപ്പെടുത്തുന്നതാണ്. എന്നാൽ യേശു അവരെ ശക്തീകരിച്ച്, ആത്മവിശ്വാസം നല്കി, പന്തിപന്തിയായി ഇരുത്താനുള്ള ചുമതല ഏല്പിച്ച്, തങ്ങളുടെ പക്കലുള്ള അപ്പം സ്വീകരിച്ച് (കഴിവിനെ അംഗീകരിച്ച്) ആ വലിയ ദൗത്യത്തിന് അവരെ ശക്തരാക്കി. സഭയുടെ വിവിധ പ്രവർത്തനസരണികളിലേക്ക് പ്രാപ്തിയുള്ളവരെ കണ്ടെത്തി ചുമതല ഏല്പിക്കുവാനുള്ള ആർജ്ജവത്വം നേതൃത്വ നിരയിൽ ഉണ്ടാകേണ്ടത് പ്രാധാന്യം അർഹിക്കുന്ന സംഗതിയാണ്.

### അപ്പത്തിന്റെ ശുശ്രൂഷയും ജനത്തിന്റെ തൃപ്തിയും

"എല്ലാവരും തിന്നു തൃപ്തരായി ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട എടുത്തു'' (വാ. 18). തൃപ്തിയാകുക-മനുഷ്യനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അസംതൃപ്തിയുടെ ലോകത്താണ് നാം ജീവിക്കുന്നത്. എല്ലാ മനുഷ്യരും അവരുടെ ജീവിത സാഹചര്യങ്ങളിൽ ഒന്നല്ലങ്കിൽ മറ്റൊരു തരത്തിൽ അതൃപ്തരാണ്. യേശുവിനു മാത്രമേ സംതൃപ്തിയിലേക്ക് മനുഷ്യനെ നയിക്കുവാൻ സാധ്യമാകയുള്ളൂ. "അവയെ അനുഗ്രഹിച്ചു.... എല്ലാവരും തിന്നു തൃപ്തരായി". ദൈവികാനുഗ്രഹം അനുദിനം പ്രാപിച്ച സംതൃപ്തിയിൽ ജീവിക്കുവാൻ ഈ വേദഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു.

ആധുനിക മാധ്യമ സംസ്ക്കാരം മനുഷ്യനെ തൃപ്തിപ്പെടുത്തുവാനും സന്തോഷിക്കുവാനും അനേകം കാര്യങ്ങൾ ചെയ്യുന്നുണ്ട്. താൻ ആരായിരിക്കണം എന്നതിന് (culture of being) അല്പം പോലും വില കല്പിക്കാതെ, കിട്ടാവുന്നതൊക്കെ വാരിക്കൂട്ടുന്നതിനു മാത്രം (culture of having) പ്രാധാന്യം കല്പിക്കുന്ന ഉപഭോഗ സംസ്ക്കാരത്തിൽ സാധാരണ മനുഷ്യന്റെ തൃപ്തിയും സന്തോഷവും മേല്ത്തട്ടുകാരന്റെ സൗകര്യത്തിനനുസരിച്ച് തനിക്കും സാധനങ്ങൾ വാങ്ങാൻ സാധിക്കുന്നതിലാണ്.

"നിങ്ങളുടെ ആവശ്യം", "നിങ്ങളുടെ സൗകര്യം'' ''നിങ്ങളുടെ സന്തോഷം" എന്നിങ്ങനെ "നിങ്ങൾ മന്ത്രം" ഉരുവിടുകയാണ് ഇന്നത്തെ

പരസ്യലോകം. ഇത് മനുഷ്യരെ “ഞാൻ” “എനിക്ക്” “എന്റേത്” എന്നു ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നു. അഹം കേന്ദ്രീകൃതമായ ചിന്ത ആത്യന്തികമായി അവരെ അസന്തുഷ്ടരാക്കുന്നു. ഈ അസന്തുഷ്ടിക്കും അസ്വസ്ഥതയ്ക്കും ഉപശാന്തി തേടി അവർ കൂടുതൽ സാധനങ്ങൾ വാങ്ങികൂട്ടുന്നു. ഇത് കൂടുതൽ ദുഃഖത്തിലേക്കും ഭയത്തിലേക്കും അസംതൃപ്തിയിലേക്കും മനുഷ്യനെ കൊണ്ടെത്തിക്കുന്നു. ‘ബർട്രന്റ് റസ്സൽ’ പറയുന്നുണ്ട്, “പ്രായമായപ്പോൾ എന്നെപ്പറ്റിയുള്ള ചിന്തവെടിഞ്ഞു ലോകത്തിന്റെ അവസ്ഥയേയും, അറിവിന്റെ ശാഖകളേയും, എനിക്കു ചുറ്റുമുള്ള മനുഷ്യരേയും സ്നേഹിച്ചപ്പോഴാണ് ജീവിതം സന്തുഷ്ടമായി തീർന്നത്. അഹം ഇല്ലാതായി ലോക ഇമ്പങ്ങൾ മറന്ന് ദൈവവചനത്തിൽ ആകൃഷ്ടരായി കർത്താവിന്റെ സന്നിധിയിൽ വചനം ശ്രദ്ധിച്ചിരുന്ന മനുഷ്യർ യേശുവിന്റെ അനുഗ്രഹത്താൽ സംതൃപ്തരായ സംഭവമാണല്ലോ ഈ വേദഭാഗം പരാമർശിക്കുന്നത്.”

ജൂലൈ 8

## പെന്തിക്കോസ്തിക്കു ശേഷം 6–ാം ഞായറാഴ്ച

**മത്തായി 15:32–39**

ഏഴപ്പവും കുറച്ചു ചെറുമീനും കൊണ്ട് സ്ത്രീകളും പൈതങ്ങളും നാലായിരിത്തോളം പുരുഷന്മാരും തിന്നു തൃപ്തരായ സംഭവമാണ് ഇന്നത്തെ സുവിശേഷഭാഗം. കഴിഞ്ഞയാഴ്ചയിൽ അഞ്ചപ്പവും രണ്ടു മീനും വർദ്ധിപ്പിച്ചു നല്കിയ സംഭവമായിരുന്നു ചിന്താവിഷയം. ഇത് രണ്ടും ഒരേ സംഭവത്തിന്റെ രണ്ടു വിവരണങ്ങളായി പറയുന്നവരുണ്ട്. വി. മത്തായിയും വി. മർക്കോസും മാത്രമാണ് ഏഴപ്പത്തിന്റെ ഈ അതിശയത്തെ വിവരിച്ചിരിക്കുന്നത്.

യിസ്രായേൽ ജനത്തിന്റെ വാഗ്ദത്ത നാട്ടിലേക്കുള്ള പ്രയാണത്തിൽ മോശ യഹോവയോടു പ്രാർത്ഥിച്ച് സ്വർഗ്ഗത്തിൽ നിന്നും അപ്പം നല്കി ദൈവ ജനത്തെ പോഷിപ്പിച്ച രണ്ടു സംഭവങ്ങൾ പുറപ്പാടു പുസ്തകത്തിലും സംഖ്യാപുസ്തകത്തിലും വിവരിക്കുന്നുണ്ട് (പുറ. 16, സംഖ്യാ 11). ദൈവത്തിന്റെ പ്രവാചകനായ ഏലിശാ ഭക്ഷണത്തിനു വേണ്ടി തന്റെ അടുക്കൽ നിലവിളിച്ചവർക്ക്, യഹോവയോടു പ്രാർത്ഥിച്ച് ഭക്ഷണം നല്കി തൃപ്തരാക്കിയ രണ്ടു സംഭവങ്ങൾ രാജാക്കന്മാരുടെ 2–ാം പുസ്തകം 4–ാം അധ്യായത്തിൽ വിവിരിക്കുന്നുണ്ട് (1–4; 38–44). അതിനോടു പൊരുത്തപ്പെടുന്ന പുതിയ നിയമത്തിലെ രണ്ടു സംഭവങ്ങളായി ഇതിനെ കാണുവാൻ കഴിയും. അഞ്ചപ്പത്തിന്റെ അതിശയം യഹൂദന്മാരെ ഉദ്ദേശിച്ചും ഏഴപ്പത്തിന്റേത് പുറജാതികളെ ഉദ്ദേശിച്ചും ആണെന്ന് രണ്ടും നടന്ന സ്ഥലങ്ങളുടെ പശ്ചാത്തലത്തിൽ ചിന്തിക്കുന്നവരും ഉണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ (8:1–10) ഈ സംഭവത്തിനു ശേഷം യേശു ‘ദല്മനൂദാ’ എന്ന പ്രദേശത്തേക്കുപോയി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥലം എവിടെയാണന്ന് വ്യക്തമല്ല. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ യേശു ‘മഗദാ’ ദേശത്ത് എത്തി എന്നുപറയുന്നു. ചില കൈയെഴുത്തു പ്രതികളിൽ ഇത് “മഗ്ദല”യാണ്. ഒരുപക്ഷേ ഇപ്പോഴത്തെ “മെഗിദോ” ആകാം ഈ പ്രദേശം.

സമാനതകളും വ്യത്യാസങ്ങളും:– അഞ്ചപ്പത്തിന്റേയും ഏഴപ്പത്തിന്റേയും അതിശയങ്ങളിൽ സമാനതകളും വ്യത്യാസങ്ങളും വളരെയേറെയുണ്ട്. രണ്ടും ഗലീല പ്രദേശത്താണ് നടക്കുന്നത്. രണ്ടതിശയത്തിലും അപ്പത്തിന്റേയും മീനിന്റേയും വർദ്ധിപ്പിക്കലാണ് വിഷയം. രണ്ടിടത്തും കർത്താവ് വാഴ്ത്തി നുറുക്കി നൽകുന്നു. രണ്ടിടത്തും ശിഷ്യന്മാരാണ് വിളമ്പുന്നത്. രണ്ടു സംഭവങ്ങളുടേയും അവസാനത്തിൽ യേശു ബോട്ടു യാത്ര ചെയ്യുന്നു. എന്നിങ്ങനെ സമാനതകൾ പലതുണ്ട്.

വ്യത്യാസങ്ങൾ ശ്രദ്ധിക്കുമ്പോൾ ജനക്കൂട്ടത്തിന്റെ സംഖ്യതുല്യമല്ല. ഒന്ന് ഗലീലാ കടലിന്റെ വടക്ക് കിഴക്ക് ഭാഗമാണെങ്കിൽ മറ്റൊന്ന് തെക്ക് കിഴക്ക് ഭാഗമാണ്. ആദ്യ സംഭവത്തിൽ ജനക്കൂട്ടത്തെ പന്തിയായി പുല്ലിന്മേൽ ഇരിക്കാനാണ് (മത്താ. 14:19, യോഹ. 6:10) ആവശ്യപ്പെടുന്നതെങ്കിൽ രണ്ടാമത്തേതിൽ അങ്ങനെയല്ല. ഇത് രണ്ടു വ്യത്യസ്ത കാലങ്ങളുടെ സൂചനയാണ് നല്കുന്നത്. അപ്പവും മീനും വാഴ്ത്തുന്നതിനു മുമ്പും അതിനുശേഷം നിറച്ചെടുത്തതും അളവ് വ്യത്യസ്തമാണ്. “മൂന്നു ദിവസം എന്നോടുകൂടെ പാർക്കുന്നു” എന്ന ദീർഘമായ സമയത്തെപ്പറ്റിയുള്ള പരാമർശം ആദ്യത്തേതിൽ ഇല്ല. ഭക്ഷിച്ചു തൃപ്തരായ ശേഷം നിറച്ചെടുത്ത ‘വൻകുട്ടകൾ’ അവയ്ക്ക് ഉപയോഗിച്ചിരിക്കുന്ന പദവും വ്യത്യസ്തമാണ്. അപ്പോസ്തോല പ്രവർത്തികൾ 9:25–ൽ പൗലോസ് ശ്ലീഹായെ ഇറക്കി വിടുവാൻ ഉപയോഗിച്ച ‘കുട്ട’ (ഏറ്റവും വലിപ്പം ഉള്ളത്) ആ പദമാണ് ഇന്നത്തെ സംഭവത്തിൽ ഉപയോഗിച്ചിരിക്കുന്നതും. സമാനതകളേക്കാൾ വ്യത്യാസങ്ങൾ കൂടുതലായതുകൊണ്ട് രണ്ടും വ്യത്യസ്ത സംഭവങ്ങളായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ.

### പലസ്തീനിലെ സാമൂഹ്യ പശ്ചാത്തലം

യേശു ക്രിസ്തുവിന്റെ കാലഘട്ടത്തിൽ പലസ്തീനിലെ സാധാരണക്കാരന്റെ ജീവിതം വളരെയേറെ ദുരിതപൂർണ്ണമായിരുന്നു. റോമിന്റെ ആധിപത്യം, അടിമവേല, തൊഴിലില്ലായ്മ എല്ലാം അവരുടെ ജീവിതത്തെ ഭാരപ്പെടുത്തിയിരുന്നു. തറവാട്ടുകാരായ മൂപ്പന്മാരും, പുരോഹിതന്മാരും, നിയമ പണ്ഡിതന്മാരും രാഷ്ട്രീയ സ്വാധീനമുള്ളവരും ചേർന്നു കൂട്ടുകെട്ട് റോമൻ ഭരണാധികാരികളോട് ചേർന്ന് സാധാരണക്കാരെ ചൂഷണം ചെയ്തിരുന്നു. അങ്ങനെയുള്ള ജീവിത സഹാചര്യത്തിൽ ക്രിസ്തുവിന്റെ പ്രസംഗം അവർക്ക് ആശ്വാസം നല്കി. തന്റെ പ്രസംഗ പരമ്പരയുടെ തുടക്കം കുറിക്കുന്നതു തന്നെ നയം വ്യക്തമാക്കി കൊണ്ടായിരുന്നുവല്ലോ, “ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ.. ...കർത്താവിന്റെ പ്രസാദവർഷം

പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു."


അടിമത്വത്തിൽ കഴിയുന്ന ഒരു ജനത്തിന്റെ മുഴുവൻ പ്രതീക്ഷയായിട്ടാണ് ക്രിസ്തു വന്നത്, "അവർക്ക്" ജീവനുണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനുമാണ് ഞാൻ വന്നിരിക്കുന്നത്. (യോഹ. 10:10) സമൃദ്ധിയായി ജീവൻ നല്കുവാൻ വന്ന കർത്താവ് മനുഷ്യന്റെ സമഗ്ര പുരോഗതിയ്ക്കായി ജാഗ്രതയോടെ പ്രവർത്തിച്ചു. വിശക്കുന്നവന് ഭക്ഷണം നല്കിയും, രോഗിയ്ക്ക് സൗഖ്യം നല്കിയും, ദുഃഖിതർക്ക് ആശ്വാസം നല്കിയും ബധിരർക്കു വിടുതൽ നല്കിയും മനുഷ്യന്റെ പ്രത്യക്ഷമായ ആവശ്യങ്ങൾക്ക് പരിഹാരം നൽകി. കുത്തഴിഞ്ഞ സാമൂഹ്യ ചുറ്റുപാടിൽ ജീവിതം വഴിമുട്ടി നിന്ന ആയിരക്കണക്കിനു മനുഷ്യരുടെ ഒത്തുചേരലിലായിരുന്നു കർത്താവ് സംബോധന ചെയ്തത്. മൂന്നു ദിവസം സകലവും മറന്ന് യേശുവിന്റെ ആശ്വാസ വചനം കേട്ടിരുന്നത് താറുമാറായ സാമൂഹ്യ രാഷ്ട്രീയ ചുറ്റുപാടിൽ തങ്ങളുടെ ജീവിതത്തിന് ഒരു പുതിയ അർത്ഥം നല്കുവാൻ ക്രിസ്തുവിന് സാധിക്കും എന്നുള്ള വിശ്വാസമാണ്. ആ വിശ്വാസത്തിന്റെ ആത്മാർത്ഥമായ പ്രതികരണമാണ് അവരെ ഭക്ഷണം നല്കി തൃപ്തരാക്കിയതും.

**വികലമായ വികസനം**

വലിയൊരു ശതമാനം ആളുകൾക്ക് മനുഷ്യോചിതമായി ജീവിക്കുവാൻ അവസരം നിഷേധിച്ചുകൊണ്ടുള്ള വികസനമാണ് ഇന്ന് ഭാരതത്തിൽ നടക്കുന്നത്. വികസനത്തേക്കാൾ ഇരട്ടി ശക്തിയിൽ ചൂഷണം വളരുന്ന ഒരു സാമൂഹ്യ പശ്ചാത്തലമാണിന്നുള്ളത്. നന്ദീഗ്രാമും പാത്രക്കടവുമെല്ലാം ഇതിന്റെ നൂതന മുഖങ്ങളാണ്. ദരിദ്രരും ദുർബലരുമായവർ ഭൂമിക്ക് ഭാരമാണെന്ന് പ്രചരിപ്പിച്ചു തുടങ്ങിയിരിക്കുന്നു. അവരുടെ നിലനില്പിനുവേണ്ടിയുള്ള പോരാട്ടമാണത്രേ സകല പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുന്നത്! വരുംകാല തലമുറയ്ക്കു കൂടി പ്രശ്നം സൃഷ്ടിക്കുന്ന മനുഷ്യന്റെ ആർത്തിയും അത്യാർത്തിയും ഭൂമിയെ ഊഷരമാക്കി കൊണ്ടിരിക്കുന്നു. പ്രകൃതി വിഭവങ്ങളുടേയും മനുഷ്യ ശക്തിയുടേയും കാര്യത്തിൽ ഇന്ത്യ മുമ്പിലാണെങ്കിലും ദാരിദ്ര്യത്തിന്റെ കാര്യത്തിലും മുമ്പിൽ തന്നെ നില്ക്കുന്നു. ജീവിക്കുവാനും വളരുവാനും അവസരം നിഷേധിക്കപ്പെട്ട എത്രയെത്ര ചോരക്കുട്ടികൾക്ക് പിള്ളത്തൊട്ടിലുകളിൽ പട്ടടയൊരുങ്ങുന്നു. വികലമായ വികസനത്തിലും ദുഷിച്ച സാമൂഹ്യ ചുറ്റുപാടിലും വീർപ്പുമുട്ടുന്ന ജനത്തിന് ആശ്വാസ മേകുവാനായി യേശുവിന്റെ ശബ്ദം ശ്രദ്ധിക്കുവാൻ സഭയ്ക്ക് സാധിക്കണം.

"ഈ പുരുഷാരത്തിൽ എനിക്ക് മനസ്സലിയുന്നു... ഇവർ വഴിയിൽ വച്ചു തളർന്നു പോയേക്കാം." ഇത് യേശുക്രിസ്തുവിന്റെ വികസന നയത്തിന്റെ മാനദണ്ഡമാണ്. ഇന്നത്തെ മനുഷ്യന്റെ ആവശ്യവും നാളയെപ്പറ്റിയുള്ള ചിന്തയും മാനദണ്ഡമായെങ്കിലേ വികസനം ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളൂ.

❖



## പള്ളി നർമ്മങ്ങൾ

### ചുറ്റിപ്പോയി...

പുതിയ അച്ചൻ വന്നു കഴിഞ്ഞുള്ള ആദ്യ പെരുന്നാൾ. വി. കുർബ്ബാന കഴിഞ്ഞ് പള്ളിക്കു ചുറ്റും പ്രദക്ഷണം നടത്തുവാൻ പടിഞ്ഞാറേ വാതിൽ വഴി ഇറങ്ങി. കുരിശ്, മെഴുകുതിരിക്കാൽ... ചെണ്ട... നടപ്പന്തൽ. ഇട്ടുകെട്ടുമായി അച്ചൻ മന്ദം ചലിച്ചു തുടങ്ങി... ഒന്നു ചുറ്റി... രണ്ടു ചുറ്റി... മൂന്നു കഴിഞ്ഞ് കയറാൻ ഭാവിക്കവേ ഒരു തർക്കം അഞ്ചാ വേണ്ടത് അഞ്ചു ചുറ്റി അച്ചൻ നിന്നു.

നടപ്പന്തലിനു മുന്നിൽ മുട്ടൻ വാഗ്വാദം

ആറു ചുറ്റല്ലേ - ഏഴു ചുറ്റാ വേണ്ടത്.... അല്ലേ അച്ചാ...

കത്തുന്ന സൂര്യന്റെ കീഴെ കാപ്പയുൾപ്പെടെ വിയർത്തു കുതിർന്ന അച്ചൻ സഹികെട്ടു.

നിങ്ങളെന്തെങ്കിലും ഒന്നു തീരുമാനിക്ക്

എന്നെ ചുറ്റിക്കാതെ.

* * * *

### 'ആന-ചാരിറ്റി'

തൃശൂർ പ്രദേശത്തെ ശക്തമായ നസ്രാണി കോട്ട.

ഒരു സ്വകാര്യ ആവശ്യത്തിനു കയറിയ ആ അപരിചിത ഭവനം സ്വസമുദായമാണെന്നു കണ്ടു അഭിമാനത്തോടെ സംസാരം തുടങ്ങി.

സഭയുടെ ചാരിറ്റിയെപ്പറ്റി വിഷയം വരവേ... ഗൃഹനാഥൻ വാചാലൻ...

"ഞാനങ്ങട് ചെയ്യണ പോലെ ഈ.... ഭൂമീല് ആരും ചെയ്യാറില്ല"

കഴുത്തിൽ കയറു പിരിയൻ മാല തിളങ്ങി. ചിരിക്കുമ്പോൾ സ്വർണ്ണപ്പല്ലുകൾ.... (സ്വർണ്ണനാവല്ല)

"കഴിഞ്ഞ പെരുന്നാളിന് രണ്ടാനയേ ഞാൻ സ്പോൺസർ ചെയ്തൂ" ആനേടെ തീറ്റ, ആനക്കാരന്മാരുടെ തീറ്റ, അവന്മാരുടെ അല്ലറ ചില്ലറ....

രണ്ടാനയെ വിട്ടു കൊടുത്ത് വീരസ്യമടിക്കുന്ന ഇയാളെ കണ്ട് നമുക്ക് സംശയം

'ആന പരിപാലനം' സഭയുടെ ചാരിറ്റിയിൽപ്പെടുത്തിയോ? ആവോ?



# What after SSLC & PUC ?

## Worried about your Future ?
## Dreaming to work in foreign countries?
## Then Opt...

## SHALOM SERVICE (REGD.)

(A center for Educational Guidance and Counseling)

2007-08ലെ പുതിയ അദ്ധ്യായന വർഷത്തിലേക്ക് തുടർ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന ഏവരെയും സ്വാഗതം ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസത്തിനും, സുരക്ഷിതമായ ഭാവി ഉറപ്പുവരുത്തുന്നതിനുമായി വിവിധ തൊഴിലധിഷ്ഠിത പരിശീലന കോഴ്സുകളിലേക്ക് "ശാലോം സർവ്വിസസ് വഴി" തികച്ചും സൗജന്യമായി കൗൺസിലിംഗും മാർഗ്ഗ നിർദ്ദേശനങ്ങളും നൽകുന്നു.

**ADMISSION 2007-08**

**ഞങ്ങൾ പരിചയപ്പെടുത്തുന്ന മേഖലകൾ :**

| | | |
|---|---|---|
| NURSING | : | GNM, BSc, PC BSc & MSc |
| MEDICAL | : | MBBS, MD, MS, BDS, MDS, BAMS, BHMS, BPT, BHM, BHS, MPT & Ph.D. |
| OTHER | : | BSc MLT, DMLT, BSc Radiography, B.Pharm, Engineering, BSc / MSc Speech & Hearing, Fashion Design, Garment Design, Interior Design, Aeronautical, Diploma in X-Ray, O.T., Dialysis, Optholmology, MSW, BEd., D.Ed., Etc. |

**N.B. :** കർണാടകത്തിൽനിന്നുള്ള വിദ്യാർത്ഥികൾക്ക് ഡൊണേഷൻ ഇല്ലാതെ വളരെ ചുരുങ്ങിയ ചിലവിൽ ഗവൺമെന്റ് ക്വാട്ടയിൽ വിവിധ കോഴ്സുകൾ (BSc Nursing & G. Nursing)ക്ക് സീറ്റ് ലഭിക്കുന്നതിനുള്ള ഉചിത മായ മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

**SHALOM SERVICES (Regd.)**

No. 511, IIIrd Floor, Kunil Complex, Bendoorwell,
Kankanady, MANGALORE - 575 002
Ph : 0824-2437119, 4265971, 09844844957
Mob : 09448850601, 09480159019, 09448726781
09886693882, 09448850601



## റമ്പാൻ സ്ഥാനം നൽകി



റവ. ഡോ. എം. എസ്. ജോണിന് അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ്, അഭി. തോമസ് മാർ അത്താനാസിയോസ്, അഭി. ഗീവർഗീസ് മാർ കൂറീലോസ്, എന്നീ മെത്രാപ്പോലീത്താമാരുടെ കാർമ്മികത്വത്തിൽ പരുമല സെമിനാരിയിൽ വച്ച് യൂഹാനോൻ എന്ന പേരിൽ റമ്പാൻ സ്ഥാനം നല്കി. തുമ്പമൺ ഏറം മാത്തൂർ മണ്ണിലേത്ത് പരേതനായ എം. കെ. സക്കറിയായുടെയും അന്നമ്മ സക്കറിയായുടെയും മകനും തുമ്പമൺ ഏറം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗവും ഗുജറാത്ത് ബറൂച്ച് സെ. ജോർജ് ഓർത്തഡോക്സ് ചർച്ച് വികാരിയും എം.ജി.എം. സ്ക്കൂൾ ബറോഡ പ്രിൻസിപ്പലുമാണ്.



അങ്കമാലി ഈസ്റ്റ് ഭദ്രാസന സെക്രട്ടറി ഫാ. തോമസ് പോൾ മാറാച്ചേരിക്ക് റമ്പാൻ സ്ഥാനം നൽകി. കോതമംഗലം വിശുദ്ധ മാർത്തോമ്മാ ചെറിയപള്ളി ഇടവകാംഗവും മാറാച്ചേരി എം. റ്റി. പൗലോസിന്റെയും ചിന്നമ്മയുടെയും മൂത്ത പുത്രനുമാണ്. അഖില കേരള ബാലജനസഖ്യം സംസ്ഥാന പ്രസിഡന്റ്, ധർമ്മഗിരി വികാസ് സെന്റർ പ്രോജക്ട് ഓഫീസർ, യൂണിവൈ സബ് റീജിയണൽ ചെയർമാൻ, ആലുവ തൃക്കുന്നത്ത് സെമിനാരി അസി. മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1999 –ൽ കോമൺ വെൽത്ത് യൂത്ത് പ്രോഗ്രാമുകളെക്കുറിച്ച് പഠിക്കുവാൻ ഭാരത സർക്കാർ യുവജനക്ഷേമ മന്ത്രാലയം തെരഞ്ഞെടുത്തിരുന്നു. കാലടി സംസ്കൃത സർവ്വകലാശാലയിൽ നിന്ന് എം.എസ്.ഡബ്ലു ബിരുദവും പഴയ സെമിനാരിയിൽ നിന്ന് ബി.ഡിയും നേടി. കോതമംഗലം വി. മാർത്തോമ്മാ ചെറിയപള്ളി, പീച്ചാനിക്കാട് സെ. ജോർജ് താബോർ, മുള്ളരിങ്ങാട് സെ. മേരീസ് എന്നീ ദേവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചു. വനിതാ സമാജം ഭദ്രാസന വൈസ് പ്രസിഡന്റായിരുന്നു.

കണ്ടനാട് മാർ ഗ്രീഗോറിയോസ് ആശ്രമ ചാപ്പലിൽ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷയിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്, അഭി. സഖറിയാസ് മാർ തെയോഫിലോസ് എന്നിവർ സഹ കാർമ്മികരായിരുന്നു.

## അരപ്പള്ളിയിൽ ഓർമ്മപ്പെരുന്നാൾ

ക്രിസ്തു ശിഷ്യനും ഭാരതത്തിന്റെ അപ്പോസ്തോലനുമായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഏഴരപ്പള്ളികളിൽ അരപ്പള്ളിയായ തിരുവിതാംകോട് സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനിപ്പള്ളിയിൽ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാളും തീർത്ഥാടനവും ഈ വർഷവും ജൂൺ 24–ാം തീയതി മുതൽ ജൂലൈ 3–ാം തീയതി വരെ നടത്തുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാ ബാവാ, അഭിവന്ദ്യരായ ഗീവർഗ്ഗീസ് മാർ ഈവാനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, റമ്പാച്ചന്മാർ, വൈദികർ, നേതൃത്വം നൽകുന്നു.

മാർത്തോമ്മാ ശ്ലീഹായുടെ പാദ സ്പർശനത്താൽ പരിപാവനമായതും, സ്വന്തകരങ്ങളാൽ സ്ഥാപിച്ചതുമായ ഈ പുണ്യപുരാതന ദേവാലയത്തിൽ അഭയം പ്രാപിച്ച് ജാതി മത ഭേദമെന്യേ ആളുകൾ കടന്നു വന്നു പ്രാർത്ഥിക്കുന്നുണ്ട്. പൗരസ്ത്യ കാതോലിക്കായുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ, വർക്കിംഗ് പ്രസിഡന്റായി ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസും മാനേജരായി ബർസ്ലീബാ റമ്പാനും ഉൾപ്പെട്ട കൗൺസിൽ പ്രവർത്തിച്ചു വരുന്നു.

കന്യാകുമാരിയിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ ദൂരത്തുള്ള ഇവിടേയ്ക്ക് പള്ളികളിൽ നിന്നും വിനോദയാത്രകൾ ക്രമീകരിച്ച് വരുന്നവരെ സ്വീകരിക്കുവാൻ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

## രാജസ്ഥാനിൽ പുതിയ ദേവാലയം

രാജസ്ഥാനിലെ ചിത്തോഡ്ഗഡിൽ 1999–ൽ ഒരു ദേവാലയം നിർമ്മിക്കുന്നതിന് വേണ്ടി കല്ലിടീൽ കർമ്മം നടത്തുകയും, തറ കെട്ടുകയും ചെയ്തു. എന്നാൽ ആർ.എസ്സ്.എസ്സ്. പ്രവർത്തകരുടെ എതിർപ്പു മൂലം ദേവാലയ നിർമ്മാണം ഉപേക്ഷിക്കേണ്ടിവന്നിരുന്നു. ചിത്തോഡ്ഗഡിലുള്ള ഓർത്തഡോക്സ് വിശ്വാസികളുടെയും, വികാരിയുടെയും ശ്രമഫലമായി പുതിയ ദേവാലയം നിർമ്മിക്കുകയും മെയ് 7–ാം തീയതി കൂദാശ നടത്തുകയും ചെയ്തു. കൂദാശയിൽ വന്ദ്യ സഖറിയാ റമ്പാച്ചൻ, ഫാ. സജി എബ്രഹാം, ഫാ. യാക്കൂബ് ബേബി, വികാരി ഫാ. ജോയിസൺ തോമസ് എന്നിവർ പങ്കെടുത്തു.

## OVBS (2007-08) (Outside Kerala Region)

OVBS (OKR) invites songs for OVBS programme 2007-08. Theme for the year is "Who will be our messenger?" (Isaiah 6.8) New songs in English, Hindi or any regional languages reorded in audiocassette/CD and lyrics be sent by courier to Dr. Ipe Varghese, Secretary, OVBS (OKR) C/o St. George Orthodox Cathedral, Jaffer Nagar, Katol Road P.O., Nagpur-440013, Maharastra

Your material should reach us before 15 Jul 07.

## സിവിൽ സർവ്വീസ് അക്കാഡമിയിൽ 100%

മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരത്തുള്ള സിവിൽ സർവ്വീസ് അക്കാഡമിയിൽ നിന്നും പോയ നാലു പേരും വിജയിച്ച് നൂറു ശതമാനം നേടി. മൂന്നു ഐ.എ.എസ്. കാരും ഒരു ഐ.പി.എസ്. കാരനുമുണ്ട്. എൻ. പ്രശാന്തിന് 4–ാം റാങ്കും, രമ്യാ മോഹന് 17–ാം റാങ്കും, ഷൈനമോൾക്ക് 20–ാം റാങ്കും, വേണി രാജിന് 180–ാം റാങ്കും ലഭിച്ചു.

പതിനെട്ട് വർഷത്തിനുള്ളിൽ മൊത്തം 25 ഐ.എ.എസ്., ഐ.പി.എസ്. കാരെയും 6 കേന്ദ്ര സർവ്വീസുകാരെയും ഈ അക്കാഡമി സംഭാവന ചെയ്തു. ചെയർമാൻ ശ്രീ. സി. കെ. കൊച്ചുകോശി ഐ.എ.എസിന്റെ നേതൃത്വത്തിൽ പ്രഗൽഭരായ അദ്ധ്യാപകരാണ് പരിശീലനം നൽകുന്നത്.

## ക്യാമ്പസ് മിഷൻ

തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ 2005–ൽ ആരംഭിച്ച മാർ ഡയനീഷ്യസ് കാമ്പസ് മിഷന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നാഗർകോവിൽ പ്രദേശത്തുള്ള കോളേജുകൾ സന്ദർശിച്ച് ക്രമമായി പ്രാർത്ഥനാ യോഗങ്ങൾ നടത്തി വരുന്നു. നാഗർകോവിൽ പ്രദേശത്തു പഠിക്കുന്ന സഭാ വിശ്വാസികളായ വിദ്യാർത്ഥികൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് നടത്തിവരുന്ന ഹോസ്റ്റലും ഒരു വർഷം പിന്നിട്ടിരിക്കുന്നു. ഈ അദ്ധ്യയന വർഷം ഹോസ്റ്റൽ സൗകര്യവും മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും ആവശ്യമുള്ളവർ കാലേ കൂട്ടി അറിയിക്കണമെന്ന് ചാപ്ലയിൻ നിർദ്ദേശിക്കുന്നു. **Hostel :** Fr. Peter, Jahen villa, Kattayan, vilai, parvathipuram, Nagarcoil P.O., K. K. (Dist.), **Home:** Naduventhra, GHRA-9, Sreekariyam TVM, 0471-2592311, 09944218114

## പ്രവർത്തകരെ ആവശ്യമുണ്ട്

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളുടെ ഇടയിൽ ആദ്ധ്യാത്മികവും ധാർമികവുമായ മൂല്യങ്ങൾ വളർത്തുന്നതിനു വേണ്ടി ക്യാമ്പസ് മിനിസ്ട്രിയിലേക്ക് മുഴുവൻ സമയത്തേക്കോ ഭാഗികമായോ സേവനം ചെയ്യാൻ പ്രവർത്തകരെ ആവശ്യമുണ്ട്. ഗാനപരിശീലനം, പ്രസംഗം, വാദ്യോപകരണങ്ങൾ, കൗൺസലിംഗ് എന്നിവയിൽ അഭിരുചിയുള്ള വിദ്യാർത്ഥികൾ, യുവതീയുവാക്കൾ, അധ്യാപകർ മറ്റുമേഖലകളിൽ പ്രവർത്തിക്കുന്നവർ താഴെ പറയുന്ന വിലാസത്തിൽ ജൂൺ 20–ാം തീയതിക്ക് മുമ്പായി ബന്ധപ്പെടുക.

**ദി ഡയറക്ടർ, ഓർത്തഡോക്സ് സ്റ്റുഡൻസ് സെന്റർ**
**ഗ്യാസ് ഹൗസ് ജംഗ്ഷൻ, തിരുവനന്തപുരം–1**
**ഫോൺ:– 9447076974, E-mail-frltmathew@rediffmail.com**

ഇതിലേയ്ക്കായി ഒരു Key Board, LCD Projector, Sound System എന്നിവ ആവശ്യമുണ്ട്. സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്നവർ മേൽപറഞ്ഞ വിലാസത്തിൽ ബന്ധപ്പെടുക.

## റാങ്ക് നേടി



എം. ജി. സർവ്വകലാശാല (സ്ക്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്) ബി.എ., എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ സജന എൽസാ കോശി. കുറ്റൂർ തൈമറവുംകര പുന്നയ്ക്കാട് പി.എസ്. കോശിയുടെയും അന്നമ്മ കോശിയുടെയും മകളാണ്. ഉമയാറ്റുകര സെ. തോമസ് ഓർത്തഡോക്സ് ഇടവകാംഗം.



2006–ൽ നടന്ന അഖില മലങ്കര മർത്തമറിയം പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ ആനി കുഞ്ഞുമോൻ. സ്നേഹാലയ വീട്ടിൽ കുഞ്ഞുമോൻ ജോർജ് (മസ്ക്കറ്റ്) ആണ് ഭർത്താവ്.

## ദേശീയ പുരസ്ക്കാരങ്ങൾ നേടി



ഇൻഡ്യയിലെ ഏറ്റവും മികച്ച കോളജ് പ്രിൻസിപ്പൽമാർക്ക് 'അയാഷെ' ഏർപ്പെടുത്തിയിട്ടുള്ള 'ഹിഗ്ഗിൻ ബോത്തം നാഷണൽ അവാർഡിന് യു. ജി.സി. 'നാക് ടീം' മെമ്പറും പഴഞ്ഞി മാർ ഡയനീഷ്യസ്, ഭിലായ് സെ. തോമസ് കോളജുകളുടെ മുൻ പ്രിൻസിപ്പലുമായ പ്രൊഫ. കെ. എം. കുര്യാക്കോസ്, വാകത്താനം അർഹനായി. പുതുമയും ഗുണമേന്മയുമുള്ള വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന ഒരു കോളജദ്ധ്യാപകന് അഖിലേന്ത്യാ അടിസ്ഥാനത്തിൽ നൽകുന്നതാണ് അവാർഡുകൾ. ഡൽഹി കേന്ദ്രമാക്കി ഉന്നത വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന ഏറ്റവും വലിയ എൻ.ജി.ഒ. ആയ ഓൾ ഇൻഡ്യാ അസ്സോസിയേഷൻ ഫോർ ക്രിസ്റ്റ്യൻ ഹയർ എഡ്യുക്കേഷൻ (അയാഷെ) ഏറ്റവും മികച്ച വിദ്യാഭ്യാസ പ്രവർത്തകർക്ക് ഏർപ്പെടുത്തിയിട്ടുള്ള മൂന്നു നാഷണൽ അവാർഡുകളും കരസ്ഥമാക്കിയ ഏകവ്യക്തി എന്ന ബഹുമതി പ്രൊഫ. കുര്യാക്കോസിനു ലഭിച്ചിരിക്കുന്നു.

## അറിയിപ്പ്

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി നാലാം വർഷ വിദ്യാർത്ഥി ബ്ര. റെൻസി വർഗീസിനെ ഗുരുതരമായ അച്ചടക്ക ലംഘനത്തിന്റെ പേരിൽ സെമിനാരിയിൽ നിന്നും പുറത്താക്കിയിട്ടുള്ളതാണെന്നും, അയാൾ നടത്തുന്ന ഏതെങ്കിലും ഇടപാടുകൾക്ക് സെമിനാരിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല എന്നും പ്രിൻസിപ്പാൾ അറിയിക്കുന്നു.

# പരുമല സെന്റ് ഗ്രിഗോറിയോസ് ആശുപത്രി ലയൺസ് ക്ലബ്ബുകളുടെ അടിസ്ഥാന ആശുപത്രി




*യോഗത്തിന്റെ ഉദ്ഘാടനം ലയൺസ് ഡിസ്ട്രിക്റ്റ് ഗവർണർ ജോർജ് ചെറിയാൻ നിർവ്വഹിക്കുന്നു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, നിയുക്ത ഗവർണർ ഡോ. ജോർജ് മാത്യു, ആശുപത്രി എക്സി. ആഫീസർ ഫാ. അലക്സാണ്ടർ കൂടാരത്തിൽ, ജില്ലാ പഞ്ചായത്ത് അംഗം സജി അലക്സ്, ആശുപത്രി ഡയറക്ടർ ഡോ. അലക്സ് പോൾ, എന്നിവർ സമീപം.*

പരുമല സെന്റ് ഗ്രിഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സാ വിഭാഗത്തെ ലയൺസ് ക്ലബ്ബുകളുടെ അടിസ്ഥാന ആശുപത്രിയായി പ്രഖ്യാപിച്ചു. നിരണം ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ആശുപത്രി ആഡിറ്റോറിയത്തിൽ കൂടിയ യോഗത്തിൽ ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ജോർജ് ചെറിയാനാണ് ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. യോഗത്തിൽ ഫാ. അലക്സാണ്ടർ കൂടാരത്തിൽ, ജില്ലാ പഞ്ചായത്ത് അംഗം സജി അലക്സ്, ആശുപത്രി ഡയറക്ടർ ഡോ. അലക്സ് പോൾ, തുടങ്ങിയവർ പ്രസംഗിച്ചു. ലയൺസ് ക്ലബ് പ്രതിനിധികൾ മുമ്പ് ആശുപത്രി സന്ദർശിച്ച് നേത്ര ചികിത്സാ വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ സന്തുഷ്ടി രേഖപ്പെടുത്തിയിരുന്നു. ഗ്രാമ പ്രദേശങ്ങളിലെ നിർധനരായ രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് ലയൺസ് ക്ലബ്ബുകൾ സഹായിക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## പൗരോഹിത്യ കനക ജൂബിലി



മലങ്കര സഭയിലെ സ്വദേശത്തും വിദേശത്തുമുള്ള വിവിധ ദേവാലയങ്ങളിൽ പൗരോഹിത്യ ശുശ്രൂഷ അനുഷ്ഠിച്ച മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകാംഗമായ തെങ്ങുംതറയിൽ റ്റി. ജി. ജോൺ കശ്ശീശായ്ക്ക് സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ദേവാലയത്തിൽ വച്ച് ഇക്കഴിഞ്ഞ് മെയ് മാസം 24–ാം തീയതി വ്യാഴാഴ്ച കോർ എപ്പിസ്കോപ്പ സ്ഥാനം നൽകി. അഭിവന്ദ്യരായ മാത്യൂസ് മാർ എപ്പിഫാനിയോസ്, തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, ഗീവറുഗ്ഗീസ് മാർ കൂറിലോസ്, യാക്കോബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഔഗേൻ മാർ ദിവന്നാസിയോസ് എന്നീ പിതാക്കന്മാർ സഹകാർമ്മികത്വം വഹിച്ചു.

തുടർന്ന് നടന്ന പൗരോഹിത്യ കനക ജൂബിലി സമ്മേളനം മുൻ കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനവും കേരളാ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബെഞ്ചമിൻ കോശി മുഖ്യ പ്രഭാഷണവും നടത്തി. അഭി. മെത്രാപ്പോലീത്തന്മാരും സാമൂഹ്യ രാഷ്ട്രീയ നേതാക്കന്മാരും ആശംസകൾ നേർന്നു.

## പുസ്തക പ്രകാശനങ്ങൾ

**നാഗ്പൂർ:–** സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. റജി മാത്യു രചിച്ച 'I worship therefore I am' എന്ന പുസ്തകം അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പരുമലയിൽ വച്ച് പ്രകാശനം ചെയ്തു. ഓർത്തഡോക്സ് വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി പ്രത്യേകിച്ച് യുവജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിലാണ് വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഡോ. ഐപ്പ് വർഗീസ് പൊടിമറ്റത്തിൽ (കോട്ടയം–686034) ആണ് പുസ്തകം പ്രസാധനം ചെയ്തിരിക്കുന്നത്.

**തിരുവനന്തപുരം:–** ഭദ്രാസനത്തിലെ ഹോളി ട്രിനിറ്റി കൗൺസിലിംഗ് പ്രോഗ്രാമിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച കുടുംബദീപ്തി എന്ന കൃതിയുടെ പ്രകാശന കർമ്മം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് 2007 മെയ് 3–ന് ഇടമുളയ്ക്കൽ വി.എം.ഡി.എം. സെന്ററിൽ വച്ച് നിർവ്വഹിച്ചു.

കുടുംബ ജീവിതത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ഈ ഗ്രന്ഥം രചിച്ചത് പ്രീമാരിറ്റൽ കൗൺസലിംഗ് ഭദ്രാസന കോ–ഓർഡിനേറ്റർ ആയ ഫാ. ജോൺ ഡാനിയേൽ ആണ്.

## ബുദ്ധിമാൻ

ഫാ. തോമസ് പി.





## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO** ✆ **0481-2425444,**
**Res. 2724224, 2727788**
**(Mob.) 9447136388**



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുത ലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു



# Kaikkaran

**A complete Software for churches**

**Compsoft**
Behind
Malayalamanorama
Kottayam-1
Ph : 0481-2302278
Mob: 9349908883

**Orthodox Book Centre**
M.D. Commercial Complex
Kottayam.
Ph : 0481-2466402
Mob: 9446384402


## Second Death Anniversary

## 10-06-2007



## K. M. VARGHESE (JOY)

**KADAMATTU HOUSE,**
**NEERATTUPURAM**

*"നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമവർ വലഭാഗത്തിൽ"*

Inserted by:- Sorrowing Family

ലക്കം 5,
പുസ്തകം 63
മെയ് 2007





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 2573234
**Fax : +91 481 2573234**



## പത്രാധിപസമിതി

*പ്രസിഡന്റ്*
**സഖറിയാസ് മാർ അന്തോണിയോസ്**
Phone: 0480 - 2732023

*വൈസ് പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ മിലിത്തോസ്**
Phone: 0487- 2371039, 2371748 (Fax)

*ചീഫ് എഡിറ്റർ*
**ഫാ.ഡോ. ജോൺ പണിക്കർ**
Phone: 0481- 2568083, 2566526

*അംഗങ്ങൾ*
**ഫാ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. കെ.എം. ജോർജ്**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ.ജോസഫ് സാമുവൽ കറുകയിൽ**
**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
**ഡോ. ജോർജ്ജ് ജോസഫ്**
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**പോൾ മണലിൽ**
**കെ.വി. മാമ്മൻ**

*മാനേജിംഗ് എഡിറ്റർ*
**ഫാ.റ്റി.എ. ഇടയാടി**
Phone: 0468 - 3202240 (Res.)
Mob:- 9447300908

*സബ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Phone: 0474 - 2651790 (Res.)
Mob:- 9447421948

*Cover Design & Type Setting:-*
**M.S. Graphics, Devalokam.**



**വരിസംഖ്യ**

| | |
|---|---|
| ***ഇന്ത്യയിൽ*** | |
| *ഒറ്റ പ്രതി* | *: 10 രൂപ* |
| *ഒരു വർഷം* | *: 100 രൂപ* |
| *5 വർഷം* | *: 500 രൂപ* |
| *12 വർഷം (ആയുഷ്ക്കാലം)* | *: 1000 രൂപ* |
| ***വിദേശത്തേക്ക്*** | |
| *ഒരു വർഷം* | *: 1000 രൂപ* |





## ഉൾത്തുടിപ്പുകൾ

CONTENTS


**16** **Judgment**
Church Case; Supreme Court judgment

**7** **ലേഖനം**
ശുദ്ധജല ദൈവശാസ്ത്രം
*– ജോർജ് തഴക്കര*

**11** **ലേഖനം**
ചെന്തമഴിൽ അരപ്പള്ളി...
*– ജോർജ് മാത്യു കോയമ്പത്തൂർ*

**4** **എഡിറ്റോറിയൽ**
കേരള ജനതയുടെ ആശയും...
*– ഫാ. ഡോ. ജോൺ പണിക്കർ*

**6** **മഹാപുരോഹിത സന്ദേശം**

**30** **വർത്തമാനം**
ഉത്തർപ്രദേശ് തെരഞ്ഞെടുപ്പും...
*– ഫാ. ഡോ. ജേക്കബ് കുര്യൻ*

**24** **കവിത**
പിറവിക്കുരുടൻ
*– എം. സി. വർഗീസ്, ആലുവാ*

**27** **അനുസ്മരണം**
ഇലഞ്ഞിത്തറയിലെ...
**– ഫിലിപ്പോസ് മാർ യൗസേബിയോസ്**


### *സ്ഥിരം പംക്തികൾ*

ധ്യാനപംക്തി, വിശ്വാസപാഠം, പള്ളി നർമ്മങ്ങൾ, ബൈബിൾ പദപ്രശ്നം, ബാലസഭ, ബുദ്ധിമാൻ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.






## തിരുമേനി കണ്ട സ്വപ്നം

കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തിമാരെ

യേശുനാഥന്റെ പൂന്തോട്ടത്തിൽ നാം ഒത്തുകൂടിയിട്ട് കുറച്ചുനാളുകളായി. കൂടെക്കൂടെയുള്ള യാത്രകളും അസുഖവും മൂലം പലപ്പോഴും കുഞ്ഞുങ്ങളോട്  വാക്കു പാലിക്കാൻ കഴിയുന്നില്ല. കുഞ്ഞിച്ചായനോടു ക്ഷമിക്കണമേ. ഇനിയും മുടങ്ങാതെ നമുക്ക് ഒന്നിച്ചു കൂടാം. കുഞ്ഞിച്ചായനു വേണ്ടി കുഞ്ഞനുജന്മാരും കുഞ്ഞനുജത്തിമാരും പ്രാർത്ഥിക്കണമേ.

വളരെനാൾ മുമ്പ് കുഞ്ഞിച്ചായൻ കുട്ടികളോടു പറഞ്ഞ ഒരു കഥ ഇപ്രാവശ്യം പറയാം. വിശുദ്ധനായ ഒരു തിരുമേനിയുടെ കഥയാണ്. കേട്ടുകൊള്ളൂ:– സാധുക്കളോടും ദുഃഖം അനുഭവിക്കുന്നവരോടും വലിയ അനുകമ്പയുള്ള ആ തിരുമേനിയെ എല്ലാവരും വളരെയേറെ സ്നേഹിക്കയും ആദരിക്കുകയും ചെയ്തിരുന്നു. അരമനയിൽ ചെല്ലുന്ന കുട്ടികൾക്ക് മധുരപലഹാരങ്ങളും വർണ്ണ ചിത്രങ്ങളും അദ്ദേഹം സമ്മാനിക്കും. തിരുമേനി നൽകുന്ന നല്ല നല്ല ഉപദേശങ്ങൾ കേൾക്കാൻ കുട്ടികൾക്കു വലിയ താല്പര്യം ആയിരുന്നു. തിരുമേനിയെ സന്തോഷിപ്പിക്കാൻ കുട്ടികൾ നല്ല നല്ല പാട്ടുകൾ പാടും. അദ്ദേഹം അവർക്ക് വേദപുസ്തകത്തിൽ നിന്ന് നല്ല നല്ല കഥകൾ പറഞ്ഞു കൊടുക്കും.

ബിഷപ്പ് തിരുമേനിക്ക് മനോഹരമായ ഒരു പൂന്തോട്ടം ഉണ്ടായിരുന്നു. വിശ്രമ സമയങ്ങളിൽ അദ്ദേഹം കുട്ടികളോടൊത്ത് പൂന്തോട്ടത്തിൽ ചുറ്റി നടക്കുമായിരുന്നു. ബാലനായ യേശു വിശുദ്ധ മാതാവിനോടും വിശുദ്ധ യൗസേപ്പിനോടുമൊത്ത് നസ്രേത്തിൽ ജീവിച്ചിരുന്ന കാലത്തെ കഥകൾ പറയാനാണ് തിരുമേനിക്കു കൂടുതൽ ഇഷ്ടം. യേശുനാഥന്റെ ബാല്യകാല കഥകൾ കേൾക്കുമ്പോൾ യേശുനാഥനോടൊത്തെ സഞ്ചരിക്കുന്ന അനുഭവമാണ് അവർക്കുണ്ടാകുക. അന്ന് ക്രിസ്തുമസ് ആയിരുന്നു. കുട്ടികളെല്ലാം അവരവരുടെ വീടുകളിലേക്കു പോയ്ക്കഴിഞ്ഞപ്പോൾ അരമന വളപ്പിലുള്ള ബദാം വൃക്ഷത്തിന്റെ ചുവട്ടിൽ തിരുമേനി തനിച്ചിരുന്നു. ഒരു കുളിർകാറ്റ് അദ്ദേഹത്തെ തലോടിക്കൊണ്ടിരുന്നു.

“വരൂ എന്നോടൊത്തു വരൂ.” ആരോ വിളിക്കുന്നതു കേട്ട് തിരുമേനി എണീറ്റു. ഒരു ദൈവദൂതനായിരുന്നു അത്. ദൈവദൂതനോടൊത്ത് തിരുമേനിയും നടന്നു. എവിടേക്കാണ് പോകുന്നതെന്ന് തിരുമേനിക്ക് അറിഞ്ഞു കൂടായിരുന്നു. ഒലിവിൻ തോട്ടങ്ങളും മുന്തിരിത്തോപ്പുകളും കണ്ടു തുടങ്ങി. കുറെക്കൂടി സഞ്ചരിച്ചപ്പോൾ ആട്ടിൻ പറ്റങ്ങളെയും അവയുടെ ഇടയന്മാരെയും കണ്ടു. പുൽപ്പുറങ്ങളിൽ ഉല്ലാസമായി മേഞ്ഞു നടക്കുന്ന ആട്ടിൻ കൂട്ടത്തെ കണ്ടപ്പോൾ തിരുമേനിയുടെ മനസ്സിൽ ആഹ്ലാദം നിറഞ്ഞു തുളുമ്പി. “യഹോവ എന്റെ ഇടയനാകുന്നു.” എന്ന മധുര സങ്കീർത്തനം ദാവീദിനെപ്പോലെ പാടിക്കൊണ്ട് തിരുമേനി മുന്നോട്ടു നടന്നു.

നിരനിരയായി വീടുകൾ കണ്ടു തുടങ്ങി. കുട്ടികളുടെ ആർപ്പുവിളികൾ മുഴങ്ങിക്കേട്ടപ്പോൾ അവരോടൊത്ത് ആർപ്പുവിളിക്കാൻ തിരുമേനിക്ക് വലിയ ആഗ്രഹം തോന്നി. മാതളപ്പഴത്തിന്റെ നിറമുള്ള ആ ഓമനക്കിടാങ്ങളോട് എന്തെന്നില്ലാത്ത വാത്സല്യം തിരുമേനിക്കുണ്ടായി. ഒരു കൊച്ചുവീടിന്റെ അടുത്തു ചെന്നപ്പോൾ ദൈവദൂതൻ തിരുമേനിയോടു യാത്ര പറഞ്ഞു.

ഒരു വെള്ളക്കുപ്പായം തുന്നിക്കൊണ്ടിരുന്ന സുന്ദരിയായ സ്ത്രീയെ തിരുമേനി കണ്ടു. നരച്ച താടിയുള്ള ഒരു മനുഷ്യനും സുന്ദരനായ ഒരു ബാലനും അവിടെയിരുന്ന് എന്തോ ജോലി ചെയ്യുന്നുണ്ട്. ഉളിയും കൊട്ടുവടിയും മട്ടവും വരകോലുമെല്ലാം കണ്ടപ്പോൾ ഒരു ആശാരിയുടെ വീടാണതെന്ന് മനസ്സിലാക്കാൻ തിരുമേനിക്കു കഴിഞ്ഞു. വസ്ത്രധാരണരീതി കണ്ടപ്പോൾ അവർ യഹൂദന്മാരാണെന്ന് തിരുമേനിക്കു മനസ്സിലായി.

പണിതീർന്ന സാധനങ്ങൾ ആ ആശാരി ചിന്തേരിട്ട് മിനുസപ്പെടുത്തിക്കൊണ്ടിരുന്നു. അവിടവിടെയായി ചിതറിക്കിടന്നിരുന്ന തടിക്കഷണങ്ങൾ ഒരു പ്രത്യേക സ്ഥാനത്ത് അടുക്കുന്നതിലായിരുന്നു ആശാരി ബാലന്റെ ശ്രദ്ധ. ആ ബാലന്റെ ചുറുചുറുക്ക് തിരുമേനിയിൽ കൗതുകമുണർത്തി. തേനീച്ചകളെപ്പോലെ ഉത്സാഹത്തോടെ ജോലി ചെയ്തുകൊണ്ടിരുന്ന ആ കുടുംബം  അദ്ദേഹത്തെ വളരെയേറെ ആകർഷിച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ മാതാവ് അച്ഛനെയും മകനെയും ഭക്ഷണത്തിനു വിളിച്ചു. കല്ലിന്മേൽ ചുട്ടെടുത്ത മൂന്ന് അടകളും കുറച്ച് ഈത്തപ്പഴവും മാത്രമേ അവിടെ ആകെ ഉണ്ടായിരുന്നുള്ളൂ. ആ ബാലൻ തിരുമേനിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് തന്റെ അമ്മയോടു പറഞ്ഞു.

“അമ്മേ അദ്ദേഹം ഏറെ ക്ഷീണിച്ചിരിക്കുന്നു. നമുക്ക് അദ്ദേഹത്തിനു കൂടി ഇതിൽ നിന്നു കൊടുക്കാം...”

അമ്മയും അപ്പനും സന്തോഷത്തോടെ മകൻ പറഞ്ഞതു കേട്ടു. അവർ ഒന്നിച്ചു ഭക്ഷണത്തിനിരുന്നു. ഓരോരുത്തരും അവരവരുടെ ആഹാരത്തിൽ നിന്ന് പകുതി വീതം എടുത്ത് തിരുമേനിക്കു കൊടുത്തു. അപ്പോഴാണ് അവർ ആരെല്ലാമെന്ന് തിരുമേനിക്കു മനസ്സിലായത്. വിശുദ്ധ യൗസേപ്പും വിശുദ്ധ മാതാവും യേശു കുമാരനും ആയിരുന്നു അത്. “അയ്യോ എന്റെ യേശുനാഥാ... ഞാൻ അങ്ങയെ അറിഞ്ഞില്ലല്ലോ...” എന്ന് തിരുമേനി പറഞ്ഞപ്പോൾ യേശു നാഥൻ പുഞ്ചിരി തൂകിക്കൊണ്ട് തിരുമേനിയെ തലോടി. അപ്പോൾ ഒരു മണിനാദം മുഴങ്ങി. വിശുദ്ധ യൗസേപ്പും വിശുദ്ധ മാതാവും യേശു കുമാരനും കാഴ്ചയിൽ നിന്നു മറഞ്ഞു. ബദാം വൃക്ഷത്തിന്റെ തണലിലിരുന്ന് താൻ സ്വപ്നം കാണുകയാണെന്ന്. അപ്പോഴാണ് തിരുമേനിക്കു മനസ്സിലായത്. വിശക്കുന്നവരെ കാണുമ്പോൾ മനസ്സലിയുന്ന യേശുനാഥന്റെ ചിത്രം തിരുമേനിയുടെ ഹൃദയത്തിൽ തെളിഞ്ഞു വന്നു. ഒരു  അനാഥമന്ദിരത്തിലെ കുട്ടികൾക്ക് വിഭവ സമൃദ്ധമായ ഒരു ക്രിസ്മസ് സദ്യ അന്നദ്ദേഹം നൽകി. അനാഥ ബാലന്മാരോടൊത്ത് ക്രിസ്മസ് ഗാനങ്ങൾ പാടി തിരുമേനി ആനന്ദിച്ചു.

കുഞ്ഞനുജന്മാരേ. കുഞ്ഞനുജത്തിമാരേ വിശുദ്ധനായ ആ തിരുമേനിയെപ്പോലെ ദയയും സ്നേഹവും ഉള്ളവരായി നമുക്ക് വളരാം. യേശു നാഥൻ നമ്മുടെമേൽ അനുഗ്രഹങ്ങൾ വർഷിക്കട്ടെ.

നിറഞ്ഞ സ്നേഹത്തോടെ,

**കുഞ്ഞിച്ചായൻ.**

പ്രിയപ്പെട്ട കൂട്ടുകാരേ,

എല്ലാവരും അവധിക്കാല ക്ലാസ്സുകളിൽ പങ്കെടുത്തുകാണുമെന്ന് വിശ്വസിക്കുന്നു. ‘ആർ നമുക്കുവേണ്ടി പോകുമെന്ന’ ചിന്താവിഷയം വരുന്ന ഒരുവർഷം കൂട്ടുകാരുടെ ധ്യാനമായി മാറണം. ദൈവത്തിനുവേണ്ടി പ്രവർത്തിക്കുവാനാണ് ഓരോരുത്തരെയും ദൈവം തമ്പുരാൻ സൃഷ്ടിച്ചത്. നൻമ പ്രവർത്തിക്കുമ്പോഴാണ് നമ്മൾ ഈശ്വരനുവേണ്ടി പ്രവർത്തിക്കുന്നത്. ഓരോ ദിവസവും നൻമ അന്വേഷിക്കുവാനും ചെയ്യുവാനും ശ്രദ്ധിക്കണം. സമയം വളരെ ഫലപ്രദമായി ഉപയോഗിക്കണം. പുതിയ ക്ലാസ്സുകളിലേക്ക് കൂട്ടുകാർ പ്രവേശിക്കുകയാണല്ലോ. അതിനുവേണ്ടി മാനസികമായി തയ്യാറെടുക്കണം. പോയവർഷത്തെ കുറവു കണ്ടെത്തി പരിഹരിക്കുവാൻ ശ്രദ്ധിക്കണം. ലഭിച്ചിരിക്കുന്ന താലന്തുകളെ കുഴിച്ചുമൂടാതെ അവയെ വികസിപ്പിക്കാൻ ശ്രദ്ധിക്കണം.

ചിന്താവിഷയം:

മക്കളേ, നിങ്ങളുടെ അമ്മയപ്പൻമാരെ കർത്താവിൽ അനുസരിക്കുവിൻ; അത് ന്യായമല്ലോ (എഫേസ്യർ 6:1)

പഴയനിയമത്തിലെ പത്ത് കല്പനകളിലെ ആഹ്വാനം (പുറപ്പാട് 20:12, ആവർത്തനം 5:16) വി. പൗലോസ് ശ്ലീഹാ പുതിയനിയമത്തിലൂടെ പുതിയ തലമുറയെ അറിയിക്കുകയാണ്. മാതാപിതാക്കളെ അനുസരിക്കുക എന്നത് കുഞ്ഞുങ്ങളുടെ ചുമതലയാണ്. നിങ്ങൾ പരിചയമില്ലാത്ത ഒരു ലോകത്തിലേക്കാണ് ജനിച്ചു വീഴുന്നത്. തെറ്റേതെന്നും ശരിയേതെന്നും നമ്മൾ മുഖ്യമായും പഠിക്കുന്നത് മാതാപിതാക്കളിൽ നിന്നാണ്. ഒരു കോഴിക്ക് പതിനൊന്ന് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. പതിനൊന്ന് പേരും ഒരേ നിറത്തിലുള്ളവർ ആയിരുന്നു. കൂട്ടത്തിലൊരു കോഴിക്കുഞ്ഞ് അനുസരണമില്ലാത്തതായിരുന്നു. അമ്മക്കോഴി എന്നും പറഞ്ഞു കൊടുക്കും നമുക്ക് ചുറ്റുപാടും ധാരാളം ശത്രുക്കളുണ്ട്. നിങ്ങൾ കൂട്ടം തെറ്റിപ്പോകരുത്. വെളിമ്പ്രദേശങ്ങളിൽ പോയി നിൽക്കരുത്. ശത്രുവരുന്നതു കണ്ടാൽ ഞാൻ ഒരു പ്രത്യേക ശബ്ദമുണ്ടാകും. അപ്പോൾ നിങ്ങൾ വന്ന് എന്റെ ചിറകിന്റെടിയിൽ ഒളിക്കണം. ഒരു ദിവസം തള്ളക്കോഴിയും കുഞ്ഞുങ്ങളും ഒരു വെളിമ്പ്രദേശത്ത് നിന്ന് തീറ്റ തിന്നുമ്പോൾ പെട്ടെന്ന് ഒരു പരുന്ത് ആകാശത്ത് വട്ടമിടുന്നത് കണ്ട് തള്ളപക്ഷി പ്രത്യേക ശബ്ദമുണ്ടാക്കി സിഗ്നൽ കൊടുത്തു. പതിനൊന്ന് കുഞ്ഞുങ്ങളിൽ പത്തെണ്ണവും അമ്മയുടെ ചിറകിൻകീഴിൽ കയറി. ഒരെണ്ണം മാത്രം അഹങ്കാരത്തോടെ അമ്മ പറഞ്ഞത് അനുസരിക്കാതെ നിന്നു. പെട്ടെന്ന് പരുന്ത് താഴ്ന്ന് ആ കുഞ്ഞിനെ തട്ടിക്കൊണ്ടുപോയി. സങ്കടത്തോടെ ആ കാഴ്ച കണ്ടുകൊണ്ടു നിന്ന തള്ളക്കോഴി മറ്റു കുഞ്ഞുങ്ങളെ വിളിച്ചു പറഞ്ഞു ഇതാണ് അനുസരണക്കേടിന്റെ ഫലം. നമുക്ക് ഭൂമിയിൽ നൻമയുണ്ടാകുവാനും ദീർഘായുസ്സോടെയിരിക്കുവാനും മാതാപിതാക്കളെ അനുസരിക്കണം. ഇല്ലെങ്കിൽ അഹങ്കാരിയായ കോഴിക്കുഞ്ഞിന്റെ അനുഭവമായിരിക്കും നമുക്കും ലഭിക്കു.

**ഗുണപാഠം:**

അനുസരണക്കേടിൻ ഫലം ആപത്ത്.

**സ്നേഹപൂർവ്വം തരകനച്ചൻ, തേവലക്കര.**

കൂട്ടുകാരുടെ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, കടങ്കഥകൾ, ചിത്രങ്ങൾ തുടങ്ങിയവ എഴുതി അയയ്ക്കുക. കഥ ഒരു ഫുൾസ്കാപ്പ് പേജിൽ കവിയരുത്.

വിലാസം:–
**ബാലസഭ**
**മലങ്കരസഭ മാസിക**
**ദേവലോകം അരമന, കോട്ടയം–38**

***വചനപാഠ...***

പുരാതനമായ ദൈവം എന്റെ സങ്കേതം. കീഴെ ശാശ്വത ഭുജങ്ങളുണ്ട്.

(ആവ. 33:27)